بســم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

എഡിറ്റർ:
എം. നാസിർ അഹ്മദ്

2005
മാർച്ച് – ഏപ്രിൽ

1180 കുംഭം– മേടം
1426 സഫർ – 1426 റബി:അവ്വൽ
1384 അമാൻ–ശഹാദത്ത്

പുസ്തകം 5
ലക്കം 2
വില 10 രൂപ

SATHYAMITHRAM

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.



*Postal Address :*
Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വിഷയവിവരം


**ആമുഖം**
ജാഗരൂകരായിരിപ്പിൻ! ..... 4

**യുഗനാദം**
കിശ്ത്തിനൂഹ് ..... 5
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**വിശുദ്ധ ഖുർആൻ**
സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം ..... 7

**ഹദീസ്**
ഭൗതികതയോടുള്ള വിരക്തി ..... 10

കണ്ണീരിൽ കുതിർന്ന രാത്രികൾ ..... 11

വാഗ്ദത്ത മസീഹിന്റെ രണ്ടടയാളങ്ങൾ ..... 13
ബിഎം

ഉത്തമമാതൃക ..... 20
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ടെ അനർഘനിമിഷങ്ങൾ ..... 23
കെ.പി. അഹ്മദ്

അകവും പുറവും ..... 25
മഹ്മൂദ്, കൽക്കുളം

സംഘടനാ പ്രവർത്തനം ഇസ്ലാമിൽ ..... 28
പ്രഫ: എം. മുഹമ്മദ്

സത്യമിത്രം തുടരണം ..... 31
എ.ക്യു. മഹ്ദി


ഇന്ത്യൻ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും ..... 32
മൗലാനാ മുനീർ അഹ്മദ് ഖാദിം

പത്രം പ്രതികരണം ..... 37
സിറാജുൽ മുനീർ

ഇമാമിന്റെ നിർദ്ദേശം ..... 38

അലർജിയും ഹോമിയോപതിയും ..... 39
ഡോ. ഇ.കെ. മുഹമ്മദ്

അനുസ്മരണം ..... 40
വാർത്തകൾ ..... 41


മുഖചിത്രം: കാസർഗോഡ് ജില്ലയിലെ മോഗ്രാലിൽ
പുതുക്കിപ്പണിത അഹ്മദിയ്യാ മുസ്ലിം മസ്ജിദ്

ആമുഖം

# ജാഗരൂകരായിരിപ്പിൻ!

**മാ**നവരാശി വഴികേടിലും അധർമ്മത്തിലും കൊടികുത്തിവാഴുമ്പോൾ നേർമാർഗ്ഗത്തിന്റെ ദീപശിഖയുമേന്തി അവരെ തമസ്സിൽനിന്നും രക്ഷിച്ച് ശാശ്വതമായ ജ്യോതിസ്സിലേക്കുള്ള രക്ഷാമാർഗ്ഗം കാണിച്ചുകൊടുക്കുന്നതിന്നായി അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കുന്നു. വിശുദ്ധഖുർആൻ പറയുന്നു. “ഇതിനുമുമ്പ് ഭൂരിഭാഗവും വഴികേടിലായി. അവരിലേക്ക് നാം താക്കീതുകാരെ അയക്കുകയും ചെയ്തു.” (*37:72,73*) അല്ലാഹുവിന്റെ വരിഷ്ഠദാസരായ ഈ പ്രവാചകന്മാർ അവരുടെ പവിത്രവും മാതൃകായോഗ്യവുമായ ജീവിതം ജനങ്ങളുടെ മുമ്പാകെ വെച്ചുകൊണ്ട് അവരെ പിൻപറ്റാൻ കൽപിക്കുന്നു. പ്രവാചകലബ്ധിക്ക് മുമ്പുള്ള നിഷ്കളങ്കവും പരിശുദ്ധവുമായ അവരുടെ ജീവിതം തങ്ങളുടെ സത്യസാക്ഷ്യത്തിനുള്ള ശക്തമായ തെളിവായി അവർ എതിരാളികൾക്ക് മുമ്പിൽ സമർപ്പിക്കുകയും ചെയ്യുന്നു.

ഇന്നേക്ക് 14 ശതകങ്ങൾക്കപ്പുറം മനുഷ്യകരങ്ങളുടെ ജുഗുപ്സാവഹമായ പ്രവർത്തനത്തിന്റെ ഫലമായി ലോകത്ത് പൊതുവിലും അറേബ്യയിൽ പ്രത്യേകിച്ചും കരയും കടലും അധാർമ്മികതയിലും അരാജകത്വത്തിലും ആപതിച്ചപ്പോൾ അവരുടെ രക്ഷകനും വിമോചകനുമായി കാരുണ്യത്തിന്റെ പ്രവാചകൻ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനി ആഗതരാവുകയുണ്ടായി. തനിക്ക് ലഭിച്ച സമ്പൂർണ്ണ ന്യായപ്രമാണം ജീവിതത്തിൽ പകർത്തിക്കാണിച്ച ആ പ്രവാചകൻ പ്രവാചകത്വത്തിന്റെ സർവ്വഗുണങ്ങളും സമ്മേളിച്ച പ്രവാചകകുലോത്തമനാണ്. ഇത്രയും ഉന്നതമായ സ്ഥാനത്ത് അവരോധിക്കപ്പെട്ട ഈ പ്രവാചകനെക്കുറിച്ച് എതിരാളികൾ നിരന്തരം ആക്ഷേപങ്ങൾ തൊടുത്തുവിട്ടുകൊണ്ടിരിക്കുന്നു എന്നത് വിചിത്രംതന്നെ. ഇന്നും ഈ നീചമായ പ്രവർത്തനം നിർവിശങ്കം തുടർന്നുകൊണ്ടിരിക്കുന്നു. പത്രങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും ഇന്റർനെറ്റിലൂടെയും ഇത് ജനങ്ങളുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ കുത്സിതപ്രവർത്തനങ്ങൾക്കെതിരിൽ ശക്തമായി പ്രതികരിച്ചത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാം ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അയ്യദഹു) ആണ്. തുടർച്ചയായി നൽകിവരുന്ന ഖുത്ബകളിലൂടെ അദ്ദേഹം തിരുദൂതർക്കെതിരിൽ അടുത്തകാലത്ത് ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾക്ക് മറുപടി പറയുന്നു. ഈ ഖുത്ബകൾ ലോകത്ത് എല്ലാ സ്ഥലത്തും മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണലിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്നുവെന്നത് ഇതിന്റെ മാറ്റുകൂട്ടുന്നു.


അദ്ദേഹം തന്റെ ഖുത്ബയിൽ പറയുന്നു. “ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാമിന്റെ പാഠങ്ങളെക്കുറിച്ചും തിരുനബി(സ)യെക്കുറിച്ചും വിമർശിച്ചുകൊണ്ടുള്ള ചില ലേഖനങ്ങൾ ഇന്റർനെറ്റിലും പത്രങ്ങളിലും വരുന്നുണ്ട്...... അതുകൊണ്ട് ഓരോ അഹ്മദിയും ഇത് ശ്രദ്ധിക്കേണ്ടതാണ്. നബി(സ)യോടുള്ള നിങ്ങളുടെ സ്നേഹം ആവശ്യപ്പെടുന്നത്, തിരുദൂതരുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും നിങ്ങൾ കണ്ടുമനസ്സിലാക്കുകയും അത് വിവരിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുക എന്നതാണ്. അത്തരം ആക്ഷേപങ്ങൾക്ക് മറുപടി കൊടുത്തുകൊണ്ടേയിരിക്കണം. അതിനുവേണ്ടി നബി(സ)യുടെ ജീവിതത്തിന്റെ വിവിധ വശങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്......... നബി(സ)യുടെ ജീവിതത്തെക്കുറിച്ച് ലേഖനങ്ങൾ മുഖേനയും പ്രസംഗങ്ങൾ മുഖേനയും ജമാഅത്തിലെ അംഗങ്ങളിലും ബോധവൽക്കരണം നടത്തുക. എല്ലാവരും അതറിഞ്ഞിരിക്കേണ്ടതാണ്. പുതിയതായി വരുന്നവർക്കും വളർന്നുവരുന്ന കുട്ടികൾക്കും അത് മനസ്സിലാക്കിക്കൊടുക്കുക. (*ഖുത്ബ, 11.2.2005*)

ഹുസൂർ വീണ്ടും പറയുന്നു: “യുവാക്കൾ ഇക്കാലത്ത് ഇന്റർനെറ്റിനെ കൂടുതൽ പ്രയോജനപ്പെടുത്തുന്നവരാണ്. ആക്ഷേപങ്ങൾ കാണുകയും അതിന് മറുപടിപറയുകയും ചെയ്യുന്നത് അവരുടെ ശിക്ഷണത്തിനും അനിവാര്യമാണ്.........

നബി(സ)യ്ക്കെതിരിലുള്ള ആക്ഷേപങ്ങളെ പ്രതിരോധിക്കാൻ മുസ്‌ലിംകളുടെ പക്കൽ തെളിവുകളില്ലാത്തതുകൊണ്ടാണ് അവർ ദേഷ്യപ്പെടുന്നത് എന്ന ആക്ഷേപവും ഇതുമുഖേന അകലുന്നതാണ്. നമ്മുടെ പക്കൽ ഒരുപാട് തെളിവുകളുണ്ട്. (*ഖുത്ബ, 18.2.2005*)

ഇമാമിന്റെ ഈ വാക്കുകൾ ശ്രദ്ധിക്കുകയും ചുറ്റുപാടും കണ്ണുപാർത്തിരിക്കുകയും വേണ്ടതാണ്; നാം ഇക്കാര്യത്തിൽ ജാഗരൂകരുമാവണം.

•



# കിശ്ത്തിനൂഹ്

## ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

**ബാ**ഹ്യവും ആന്തരികവുമായ രീതിയിൽ വിശുദ്ധഖുർആനിൽനിന്ന് മുഖം തിരിക്കാതിരുന്നാൽ അത് ഒരാഴ്ചകൊണ്ട് മനുഷ്യനെ പരിശുദ്ധനാക്കിത്തീർക്കുന്നതാണ്. അതിൽനിന്നും നിങ്ങൾ ഓടിപ്പോകാതിരുന്നാൽ അത് നിങ്ങളെ പ്രവാചകന്മാരെപ്പോലെ ആക്കിത്തീർക്കുന്നതാണ്.

വിശുദ്ധഖുർആനല്ലാതെ മറ്റേത് വേദഗ്രന്ഥമാണ് അതിന്റെ ആരംഭത്തിൽത്തന്നെ ***ഇഹ്ദിനാ സ്വിറാത്വൽ മുസ്തഖീം സിറാത്വല്ലദീന അൻഅംതന അലയ്ഹിം*** എന്ന പ്രാർത്ഥന പഠിപ്പിച്ചുകൊണ്ട് നമുക്ക് പ്രതീക്ഷയ്ക്ക് ഇടനൽകിയിരിക്കുന്നത്? അതായത് (അല്ലാഹുവേ) നീ ഞങ്ങൾക്കു മുമ്പുള്ളവർക്ക് (നബി, റസൂൽ, സിദ്ദീഖ്, ശഹീദ്, സാലിഹ്) കാണിച്ച് കൊടുത്തത്പോലുള്ള, നിന്റെ അനുഗ്രഹത്തിന്റെ മാർഗ്ഗം ഞങ്ങൾക്കും കാണിച്ചുതരേണമേ!

അതുകൊണ്ട് നിങ്ങൾ ധീരതയോടെ മുന്നോട്ടു ഗമിക്കുക. വിശുദ്ധഖുർആന്റെ ക്ഷണത്തെ തിരസ്കരിക്കരുത്. നിങ്ങളുടെ പൂർവ്വികന്മാർക്ക് നൽകിയതുപോലുള്ള അനുഗ്രഹം നിങ്ങൾക്കും നൽകുവാൻ അവൻ ആഗ്രഹിക്കുന്നു. അവൻ നിങ്ങൾക്ക് ഇസ്റായേൽ സന്തതികളുടെ നാടും ബൈത്തുൽ മഖ്ദസും തന്നില്ലേ? ഇന്നുവരെ അത് നിങ്ങളുടെ കൈവശം തന്നെയാണല്ലോ ഉള്ളത്.

അല്ലയോ ദുർബ്ബലവിശ്വാസക്കാരേ! ധൈര്യമില്ലാത്തവരെ! ഭൗതികമായനിലയിൽ നിങ്ങളെ ഇസ്റായീൽ സന്തതികളുടെ എല്ലാ സ്വത്തിന്റെയും പ്രതിനിധികളാക്കിയ അല്ലാഹുവിന് ആത്മീയമായ നിലയിൽ നിങ്ങളെ അവരുടെ പ്രതിനിധികളാക്കാൻ കഴിഞ്ഞില്ലെന്നാണോ നിങ്ങൾ കരുതുന്നത്? എന്നാൽ അവൻ ഉദ്ദേശിക്കുന്നത് നിങ്ങളെ അവരെക്കാൾ അനുഗ്രഹീതരാക്കുവാനാണ്. അവർക്ക് ലഭ്യമായിരുന്ന ഭൗതികവും ആത്മീയവുമായ സമ്പത്തുകൾക്ക് അവൻ നിങ്ങളെ അവകാശികളാക്കിയിരിക്കുകയാണ്. എന്നാൽ നിങ്ങളുടെ അവകാശികളായിട്ട് അന്ത്യനാൾവരെ അന്യരിൽ ആരുംതന്നെ ഉണ്ടാകുന്നതല്ല. അല്ലാഹു നിങ്ങളെ തന്റെ വഹ്യ്, ഇൽഹാം ദിവ്യഭാഷണം എന്നീ അനുഗ്രഹങ്ങളിൽനിന്നും ഒരിക്കലും അകറ്റിനിർത്തുന്നതല്ല. മറിച്ച്, നിങ്ങളുടെ പൂർവ്വികന്മാർക്ക് ലഭിച്ചതുപോലുള്ള എല്ലാ അനുഗ്രഹങ്ങളും നിങ്ങളിലും പൂർത്തിയാക്കിത്തരുന്നതാണ്. എന്നാൽ അല്ലാഹുവിന്റെ പേരിൽ ധിക്കാരപൂർവ്വം കെട്ടിച്ചമച്ചുപറയുകയും വഹ്യ് ഇറങ്ങാതെ തനിക്ക് വഹ്യ് ലഭിച്ചിരിക്കുന്നുവെന്നും ദൈവഭാഷണം ഉണ്ടെന്നും കള്ളം പറയുകയും ചെയ്യുന്നവൻ നശിപ്പിക്കപ്പെടുന്നതാണെന്ന് ഞാൻ അല്ലാഹുവിനേയും അവന്റെ മലക്കുകളേയും സാക്ഷിനിർത്തിപ്പറയുന്നു. കാരണം അവൻ തന്റെ സ്രഷ്ടാവിന്റെ പേരിൽ കളവും കറ്റുകെട്ടും പറയുകയും ധിക്കാരം കാണിക്കുകയും ചെയ്യുന്നവനാണ്. അതുകൊണ്ട് നിങ്ങൾ ഈ നിലപാടിനെ ഭയപ്പെടുക. വ്യാജസ്വപ്നങ്ങൾ കെട്ടിച്ചമക്കുകയും തനിക്കു ദൈവഭാഷണം ഉണ്ടാകുന്നെന്ന് വ്യാജവാദം പുറപ്പെടുവിക്കുകയും ചെയ്യുന്നവന്റെമേൽ ദൈവശാപം ഉണ്ടാകട്ടെ. ദൈവം എന്നൊന്നില്ല എന്ന് മനസ്സിൽ കരുതുന്നവരാണവർ. എന്നാൽ കഠിനമായ ദൈവശിക്ഷ തീർച്ചയായും അവരെ പിടികൂടുന്നതായിരിക്കും. അവരിൽ നിന്നും ആ ശിക്ഷയുടെ നാൾ നീങ്ങിപ്പോകുന്നതല്ല. അതുകൊണ്ട് നിങ്ങൾ സത്യസന്ധതയിലും ദൈവഭക്തിയിലും ദൈവസ്നേഹത്തിലും പുരോഗതിപ്രാപിച്ചുകൊണ്ടിരിക്കുക. ജീവനുള്ളിടത്തോളംകാലം ഇതുതന്നെയാണ് തന്റെ ജോലിയെന്ന് കരുതുക. ഇങ്ങനെയാണെങ്കിൽ നിങ്ങളിൽനിന്ന് അവൻ ഇച്ഛിക്കുന്നവരെ തന്റെ ദിവ്യഭാഷണം മുഖേന അനുഗ്രഹിക്കുന്നതാണ്. നിങ്ങൾക്ക് ഇത് ലഭിക്കണം എന്ന ആഗ്രഹം ഉണ്ടാവാനും പാടില്ല. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദേഹേച്ഛയ്ക്ക് വിധേയമായി നിങ്ങൾക്ക് സാത്താനികബോധനം ആരംഭിക്കാൻ ഇടവന്നേക്കാം. ഇതുകാരണം വളരെപ്പേർ നാശഗർത്തത്തിൽ പതിഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ സേവനത്തിലും ആരാധനയിലും മുഴുകുക. നിങ്ങളുടെ എല്ലാ പ്രയത്നങ്ങളും ദൈവകല്പനകൾ അനുസരിക്കുന്നതിലും വിശ്വാസദാർഢ്യതയിൽ മുന്നേറുന്നതിലുമാണ് വിനിയോഗിക്കപ്പെടേണ്ടത്. ഈ പ്രയത്നം ദൈവികവെളിപാടുകൾ പ്രത്യക്ഷപ്പെടുന്നതിന്നായിട്ടല്ല, മോക്ഷപ്രാപ്തിക്കായിരിക്കണം ചെയ്യുന്നത്. വിശുദ്ധ ഖുർആൻ നിങ്ങൾക്കായി പവിത്രമായ ധാരാളം കല്പനകൾ രേഖപ്പെടുത്തിവെച്ചിരിക്കുന്നു. അവയിൽ ഒന്ന് ബഹുദൈവാരാധനയിൽനിന്ന് പരിപൂർണ്ണമായും മുക്തമായിരിക്കേണമെന്നതാണ്. കാരണം, ബഹു

ദൈവാരാധകർക്ക് മോക്ഷമെന്ന നീരുറവ് നിഷേധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ കള്ളം പറയരുത്. കാരണം കള്ളം ബഹുദൈവാരാധനയുടെ ഒരംശമാകുന്നു.

വിശുദ്ധഖുർആൻ ഇഞ്ചീലിനെപ്പോലെ നിങ്ങൾ ദുർനോട്ടത്തോടും കാമവികാരത്തോടും കൂടി അന്യസ്ത്രീകളെ വീക്ഷിക്കരുതെന്നും ആ വീക്ഷണത്തോടെയല്ലാതെ നോക്കുന്നത് അനുവദനീയമാണെന്നും അല്ല പറയുന്നത്. മറിച്ച്, അത് പറയുന്നത് നിങ്ങൾ നോക്കരുതെന്നാണ്. സദുദ്ദേശ്യത്തോടെയാണെങ്കിലും ശരി അല്ലെങ്കിലും ശരി. ഇതൊക്കെ നിങ്ങൾക്ക് കാലിടറാനുള്ള സ്ഥലങ്ങളാണ്. അന്യസ്ത്രീകളെക്കാണുമ്പോൾ നിങ്ങൾ കണ്ണുകളെ കീഴ്പോട്ടാക്കുക. അവരുടെ രൂപലാവണ്യത്തെക്കുറിച്ച് നിങ്ങൾ അറിയാൻ പാടില്ല. ഒരു മങ്ങിയരീതിയിലുള്ള കാഴ്ചയല്ലാതെ. വിശുദ്ധഖുർആൻ ഇഞ്ചീലിനെപ്പോലെ നിങ്ങളോട് മത്ത്പിടിക്കുവോളം മദ്യപിക്കരുതെന്നല്ല പറയുന്നത്. മറിച്ച്, മദ്യപാനം തീരെ പാടില്ലെന്നാണ് അത് പറയുന്നത്. അല്ലാത്തപക്ഷം നിങ്ങൾക്ക് ദൈവപ്രീതമാർഗ്ഗം സ്വായത്തമാക്കുവാൻ സാദ്ധ്യമല്ല. ദൈവം നിങ്ങളോട് സംസാരിക്കുകയും അശുദ്ധികളിൽ നിന്ന് നിങ്ങളെ വിശുദ്ധീകരിക്കുന്നതുമല്ല. മദ്യപാനം സാത്താന്റെ കണ്ടുപിടുത്തമാണെന്ന് അവൻ പറയുന്നു. നിങ്ങൾ അതിൽനിന്നും രക്ഷപ്പെടുക.

വിശുദ്ധഖുർആൻ ഇഞ്ചീലിനെപ്പോലെ നിങ്ങൾ അകാരണമായി തന്റെ സഹോദരനോടു കോപിക്കരുതെന്ന് മാത്രമല്ല പറയുന്നത്, മറിച്ച് നിങ്ങൾ സ്വന്തം കോപത്തെ നിയന്ത്രിക്കുക. അതോടൊപ്പം ***വതവാസൗബിൽ മർഹമഃ*** അന്യോന്യം കരുണ കാണിക്കുക എന്ന ദൈവികനിർദ്ദേശമനുസരിച്ച് സ്വയം അങ്ങിനെ ചെയ്യുകയും, കരുണയോടും സഹതാപത്തോടും പെരുമാറുവാൻ മറ്റുള്ളവരെ ഉപദേശിക്കുക കൂടി ചെയ്യണമെന്ന് കൽപിക്കുന്നു.

വിശുദ്ധഖുർആൻ ഇഞ്ചീലിനെപ്പോലെ വ്യഭിചാരം ഒഴിച്ച് തന്റെ ഭാര്യയുടെ അവിശുദ്ധമായ എല്ലാ കാര്യങ്ങളിലും സഹനം കൈക്കൊള്ളണമെന്നും വിവാഹമോചനം ചെയ്യരുതെന്നും കല്പിക്കുന്നില്ല. മറിച്ച് അത് പറയുന്നത് "***അത്ത്വയ്യിബാത്തു ലിത്ത്വയ്യിബിന***" പരിശുദ്ധരല്ലാത്തവർക്ക് പരിശുദ്ധരോടൊപ്പം ജീവിതം നയിക്കുവാൻ സാധിക്കുന്നതല്ലെന്നാണ്. അതുകൊണ്ട് നിന്റെ ഭാര്യ വ്യഭിചരിക്കുന്നില്ലെങ്കിലും കാമദൃഷ്ടിയോടെ അന്യരെ വീക്ഷിക്കുകയും അവരെ കെട്ടിപ്പിടിക്കുകയും മുഴുവനായിട്ടല്ലെങ്കിലും വ്യഭിചാരത്തിന്റെ മുന്നോടികൾ അവളിൽനിന്നുമുണ്ടാവുകയും അന്യർക്ക് തന്റെ നഗ്നത പ്രദർശിപ്പിക്കുകയും ശിർക്കും ഫസാദും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നവളാണെങ്കിൽ ഏതൊരു പരിശുദ്ധനായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ ആ ദൈവത്തിൽനിന്നും അവൾ വിദൂരസ്ഥയാണ്. ഇത്തരം ദുഷ്പ്രവണതകളിൽനിന്നും അവൾ വിരമിക്കുന്നില്ലെങ്കിൽ നിനക്ക് അവളെ വിവാഹമോചനം ചെയ്യാവുന്നതാണ്. കാരണം അവൾ തന്റെ അനാശാസ്യപ്രവൃത്തികൾ കാരണം നിന്നിൽനിന്നും അകന്നുപോയിരിക്കുകയാണ്. ഇപ്പോൾ നിന്റെ ശരീരത്തിന്റെ ഭാഗമല്ല. അതുകൊണ്ട് ലജ്ജയില്ലാത്തരീതിയിൽ അവളോടൊപ്പം വസിക്കുന്നതിന് നിനക്ക് അനുവാദമില്ല. കാരണം ഇപ്പോൾ അവൾ ദുർഗന്ധം വമിക്കുന്ന ഒരവയവമായിത്തീർന്നിരിക്കുകയാണ്. അത് നിന്റെ ശരീരത്തിൽനിന്നും വെട്ടിമാറ്റപ്പെടേണ്ടതാണ്. അല്ലെങ്കിൽ അത് നിന്റെ ശരീരത്തിലെ മറ്റു അവയവങ്ങളേയും മലിനപ്പെടുത്തി അവസാനം നിന്റെ മരണത്തിനുതന്നെ ഹേതുവായിത്തീർന്നേക്കാം.

നീ ഒരിക്കലും ആണയിട്ടുപറയരുത് എന്ന് ഇഞ്ചീലിനെപ്പോലെ വിശുദ്ധഖുർആൻ പറയുന്നില്ല. മറിച്ച് വ്യർത്ഥവും അനാവശ്യവുമായി ആണയിടുന്നതിനെയാണ് അത് നിന്നെ വിരോധിക്കുന്നത്. കാരണം ചില പ്രത്യേക സന്ദർഭങ്ങളിൽ ഒരു കാര്യത്തെക്കുറിച്ച് തീർപ്പ് കല്പിക്കുന്നതിന് ആണയിട്ടു പറയുക ഒരു പോംവഴിയാണ്. ഒരുകാര്യം തെളിയിക്കുന്നതിനുള്ള ഒരു പോംവഴിയും ഇല്ലാതാക്കാൻ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഒരാൾക്ക് ഏതെങ്കിലും ഒരു തർക്കവിഷയത്തെക്കുറിച്ച് ഒരു സാക്ഷിയേയും ലഭിക്കുന്നില്ലെങ്കിൽ ദൈവത്തെ സാക്ഷിനിറുത്തുക എന്നത് സ്വാഭാവികമാണ്. ആണയിടുക എന്നാൽ ദൈവത്തെ സാക്ഷിനിറുത്തുകയാണ്.

അക്രമിയെ ഒരിടത്തും എതിർക്കാൻ പാടില്ല എന്ന് ഇഞ്ചീലിനെപ്പോലെ ഖുർആൻ പറയുന്നില്ല. മറിച്ച്, അതുപറയുന്നു. ***വജസാഉ സയ്യിഅത്തിൻ സയ്യിഅത്തുമ്മിസ്‌ലിഹാ ഫമൻ അഫാ വ അസ്‌ലഹ ഫ അജ്റുഹൂ അലല്ലാഹി.*** അതായത് തിന്മക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ വല്ലവനും മാപ്പു ചെയ്യുകയും അതുമൂലം ദോഷമല്ല നന്മ വരുത്തുകയുമാണെങ്കിൽ അല്ലാഹു അതിൽ ഇഷ്ടപ്പെടുന്നു. അതിനുള്ള പ്രതിഫലം അല്ലാഹുവിന്റെ മേലാണ്. (*42:41*) ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് എല്ലാ സ്ഥലങ്ങളിലും പ്രതികാരം സ്തുത്യർഹമല്ല. അതേപ്രകാരം എല്ലാ സന്ദർഭങ്ങളിലും പൊറുത്തുകൊടുക്കലും പ്രശംസനീയമല്ല. മറിച്ച് സന്ദർഭവും പരിതസ്ഥിതിയും മനസ്സിലാക്കേണ്ടതാണ്. പ്രതിക്രിയയോ, പൊറുത്തുകൊടുക്കലോ ഏതായിരുന്നാലും അത് പ്രതിയോഗിയുടെ സംസ്ക്കരണത്തിന്നും പരിവർത്തനത്തിനും സഹായകമായിരിക്കണം. ഇതാണ് വിശുദ്ധഖുർആന്റെ ഉദ്ദേശ്യം. ●

(*വിവ: മുഹമ്മദ് ഉമർ എച്ച്.എ.*)

# സൂറത്തുൽ ബഖറ

(aZo\ bnÂ AhXcn¨ A ²ymbw)

## അർത്ഥം, വ്യാഖ്യാനം

وَقَالُوا قُلُوبُنَا غُلْفٌ ۚ بَل لَّعَنَهُمُ اللَّهُ
بِكُفْرِهِمْ فَقَلِيلًا مَّا يُؤْمِنُونَ ﴿٨٨﴾

**89. "ഞങ്ങളുടെ ഹൃദയം മൂടപ്പെട്ടിരിക്കുകയാണെന്ന് അവർ പറയുന്നു. അല്ല, അവരുടെ നിഷേധംമൂലം അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ്. അതിനാൽ അൽപം മാത്രമേ അവർ വിശ്വസിക്കുകയുള്ളൂ."**

*പദാർത്ഥം*

وَقَالُوا അവർ പറയുകയും ചെയ്തു. قُلُوبُنَا ഞങ്ങളുടെ ഹൃദയങ്ങൾ غُلْفٌ മൂടപ്പെട്ടിരിക്കുന്നു. بَل അങ്ങനെയല്ല لَّعَنَهُمُ اللَّهُ അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ് بِكُفْرِهِمْ അവരുടെ നിഷേധംമൂലം فَقَلِيلًا مَّا അതിനാൽ അൽപംമാത്രമേ يُؤْمِنُونَ അവർ വിശ്വസിക്കുകയുള്ളൂ.

*വ്യാഖ്യാനം*

സത്യത്തെ തെളിവുകൾകൊണ്ട് നേരിടാൻ കഴിയാതെ വരികയും സത്യം സ്വീകരിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുമ്പോൾ അതുമിതും പറഞ്ഞ് എങ്ങനെയെങ്കിലും രക്ഷപ്പെടാൻ ചിലർ ശ്രമിക്കാറുണ്ട്. ഉപര്യുക്തവചനത്തിൽ യഹൂദികളുടെ ഇങ്ങനെയുള്ള ഒരവസ്ഥയെയാണ് വിവരിക്കുന്നത്. ഞങ്ങളുടെ ഹൃദയം മൂടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഇനി അതിൽ ഒന്നും പ്രവേശിക്കില്ല എന്ന് പറഞ്ഞുകൊണ്ട് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളെ പുച്ഛിച്ച് തള്ളുകയാണ് അവർ ചെയ്യുന്നത്. വിലപിടിപ്പുള്ള സാധനങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നാം മൂടിവെച്ച് സൂക്ഷിക്കാറുണ്ട്. ഇതുപോലെ ഞങ്ങളുടെ ഹൃദയം വിശുദ്ധവും ന്യൂനതകളിൽനിന്നെല്ലാം മുക്തമാണെന്നും, അതുകൊണ്ട് ഇസ്‌ലാമിന്റെ ഈ അദ്ധ്യാപനത്തിന് ഞങ്ങളെ വിശദീകരിക്കാനോ സ്വാധീനിക്കാനോ കഴിയില്ലെന്നും അവർ പറയുന്നു.

ഇതിന്റെ മറ്റൊരർത്ഥം ഞങ്ങളുടെ ഹൃദയം ഒന്നും ഉൾക്കൊള്ളാൻ കഴിയാത്തവിധം മൂടപ്പെട്ടിരിക്കുകയാണെന്നും അതുകൊണ്ട് ഞങ്ങളെ തബ്‌ലീഗ് ചെയ്യുന്ന ജോലി നിങ്ങൾ ഉപേക്ഷിക്കുകയെന്നും ഒരു പ്രയോജനവും ഇതുമുഖേന ലഭിക്കുകയില്ലെന്നുമാണ്.

അവർ എന്തുതന്നെ ന്യായവാദങ്ങൾ നിരത്തുകയാണെങ്കിലും ശരി അവരുടെ നിഷേധം കാരണമായി അല്ലാഹു അവരെ ശപിച്ചിരിക്കുകയാണെന്നും അതിനാൽ അവർക്കിനി സത്യം ഗ്രഹിക്കാൻ ഒരിക്കലും കഴിയില്ലെന്നും അല്ലാഹു പറയുന്നു.

ഇവിടെ നാം മനസ്സിലാക്കേണ്ട ഒരുകാര്യം അല്ലാഹു ആരേയും വെറുതെ ശപിക്കില്ല എന്നാണ്. '***ലഅനഹുമുല്ലാഹു ബി കുഫ്‌രിഹിം***' അവരുടെ നിഷേധം കാരണമായാണ് അല്ലാഹു അവരെ ശപിച്ചത്. അല്ലാഹു എപ്പോഴും തന്റെ ദാസരോട് കാരുണ്യത്തോടെയാണ് വർത്തിക്കുന്നത്. ദാസർ തന്റെ കരങ്ങളാൽ ദൈവത്തിന്റെ കാരുണ്യകവാടം തങ്ങൾക്കായി കൊട്ടിയടക്കുകയാണെങ്കിൽ ദൈവം അവർക്ക് ശിക്ഷ ഇറക്കിക്കൊടുക്കുന്നു.

'***ഖലീലൻമായുഅ്മിനൂൻ***' അവർ കുറച്ചുമാത്രം

വിശ്വസിക്കുന്നവരാണ് എന്നാണ് ഇതിന്റെ ഒരർത്ഥം. ഗ്രന്ഥത്തിന്റെ ഒരുഭാഗം വിശ്വസിക്കുകയും ഒരുഭാഗം നിഷേധിക്കുകയും ചെയ്യുന്ന കൂട്ടരാണവർ. കുറഞ്ഞ വിശ്വാസക്കാരാണവർ. ഇതിന്റെ മറ്റൊരർത്ഥം അവർ അൽപംപോലും വിശ്വസിക്കുകയില്ല എന്നുമാണ്.

وَلَمَّا جَاءَهُمْ كِتَابٌ مِنْ عِنْدِ اللَّهِ
مُصَدِّقٌ لِمَا مَعَهُمْ وَكَانُوا مِنْ قَبْلُ
يَسْتَفْتِحُونَ عَلَى الَّذِينَ كَفَرُوا فَلَمَّا
جَاءَهُمْ مَا عَرَفُوا كَفَرُوا بِهِ فَلَعْنَةُ
اللَّهِ عَلَى الْكَافِرِينَ

**90. "അവരുടെ അടുക്കലുള്ളതിനെ സത്യമാണെന്ന് സ്ഥാപിക്കുന്ന ഒരു ഗ്രന്ഥം അല്ലാഹുവിൽനിന്ന് അവർക്ക് വന്നുകിട്ടിയപ്പോൾ-അതിനുമുമ്പ് അവിശ്വാസികൾക്കെതിരെ വിജയസിദ്ധിക്കായി അവർ പ്രാർത്ഥിക്കാറുണ്ടായിരുന്നു- അങ്ങനെ അവർ അറിഞ്ഞിരുന്ന ഒരു സത്യം അവർക്ക് വന്നുകിട്ടിയപ്പോൾ അവരതിനെ നിരാകരിക്കുകയാണുണ്ടായത്. അതിനാൽ, ആ നിഷേധികൾക്ക് അല്ലാഹുവിന്റെ ശാപം."**

---

*പദാർത്ഥം*

وَلَمَّا جَاءَهُمْ അവർക്ക് വന്നപ്പോൾ كِتَابٌ ഒരു ഗ്രന്ഥം مِنْ عِنْدِ اللَّهِ അല്ലാഹുവിന്റെ പക്കൽനിന്ന് مُصَدِّقٌ സത്യമാണെന്ന് സ്ഥാപിക്കുന്ന لِمَا مَعَهُمْ അവരുടെ അടുക്കലുള്ളതിനെ, وَكَانُوا مِنْ قَبْلُ അതിനുമുമ്പ് അവരായിരുന്നു يَسْتَفْتِحُونَ അവർ വിജയസിദ്ധിക്കായി പ്രാർത്ഥിക്കുന്നു. عَلَى الَّذِينَ كَفَرُوا അവിശ്വാസികൾക്കെതിരിൽ فَلَمَّا جَاءَهُمْ എന്നാൽ അത് അവർക്ക് വന്നപ്പോൾ مَا عَرَفُوا അവർ അറിഞ്ഞിരുന്ന كَفَرُوا بِهِ അവരതിനെ നിരാകരിച്ചു فَلَعْنَةُ اللَّهِ അതിനാൽ അല്ലാഹുവിന്റെ ശാപം ഉണ്ടാവട്ടെ عَلَى الْكَافِرِينَ നിഷേധികൾക്ക്.

---

*വ്യാഖ്യാനം*

ഇവിടെ '***മുസ്വദ്ദിഖൻ ലിമാ മഅക്കും***' അവരുടെ അടുക്കലുള്ളതിനെ സത്യമാണെന്ന് സ്ഥാപിക്കുന്നു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിശുദ്ധ ഖുർആൻ തൗറാത്തിലെ എല്ലാ അദ്ധ്യാപനങ്ങളേയും ശരിവെക്കുന്നു എന്നല്ല. മറിച്ച്, വിശുദ്ധഖുർആനെക്കുറിച്ചും തിരുനബി(സ.അ)യെ സംബന്ധിച്ചും തൗറാത്തിൽ വന്നിരിക്കുന്ന പ്രവചനങ്ങളെ ഇത് സത്യപ്പെടുത്തുന്നു എന്നാണ്. ഒരു പ്രവാചകന്റെ ആഗമനത്തെ കുറിച്ചുള്ള പ്രവചനം തൗറാത്തിൽ കാണാൻ സാധിക്കും. ഹസ്റത്ത് റസൂൽ(സ.അ)ന്റെ ആഗമനത്തോടുകൂടി ആ പ്രവചനം സത്യമായി പുലർന്നു. തിരുനബി വന്നില്ലായിരുന്നുവെങ്കിൽ ആ പ്രവചനം കളവാകുമായിരുന്നു. ഇതുപോലെ ഒരു ഗ്രന്ഥത്തിന്റെ അവതരണത്തെക്കുറിച്ചുള്ള പ്രവചനം വിശുദ്ധഖുർആന്റെ ആഗമനത്തോടുകൂടി സത്യമായി പുലരുകയുണ്ടായി. അതുകൊണ്ട് സത്യപ്പെടുത്തുന്ന ഗ്രന്ഥം എന്നതുകൊണ്ടുള്ള വിവക്ഷിതം, ഇവയെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ ഇതുമുഖേന സത്യമാണെന്ന് സ്ഥാപിക്കപ്പെട്ടു എന്നാണ്. ഒരു പ്രവാചകനേയും ഒരു ഗ്രന്ഥത്തേയും പ്രതീക്ഷാപൂർണ്ണം കാത്തിരുന്ന യഹൂദികൾ ഇതിൽ ഉടനെ വിശ്വസിക്കുകയായിരുന്നു വേണ്ടത്. പക്ഷെ, അവർ നിഷേധികളായിത്തീരുകയാണുണ്ടായത്.

അല്ലാഹു തുടർന്ന് പറയുന്നു- '***വ കാനൂ മിൻ ഖബ്ലു യസ്തഫ്തിഹൂന അലല്ലദീന കഫറൂ***' അവർ ഇതിനുമുമ്പേ അവിശ്വാസികൾക്കെതിരിൽ വിജയസിദ്ധിക്കായി പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഇതിന് രണ്ടു വിവക്ഷയാണുള്ളത്. ഒന്ന്, നിഷേധികളുടെ ഇടയിൽ ജീവിക്കുമ്പോൾ അവർക്കെതിരിൽ വിജയം കൈവരിക്കുന്നതിന്നായി ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു. 'അല്ലാഹുവേ! ആ പ്രവാചകനെ ഉടനെ അയക്കുകയും ഇവർക്കെതിരിൽ വിജയിക്കുവാനുള്ള എല്ലാ സാഹചര്യവും നീ ഒരുക്കിത്തരികയും ചെയ്യേണമേ.

രണ്ട്, ഈ യഹൂദികൾ വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ചുള്ള പ്രവചനങ്ങൾ, ആ പ്രവാചകന്റെ അടയാളങ്ങൾ എന്നിവ ഗ്രന്ഥത്തിൽനിന്നെടുത്ത് നിഷേധികളുടെ മുമ്പാകെ തുറന്നുവെക്കുമായിരുന്നു. നോക്കൂ ഇതാണ് പ്രവചനം എന്ന് പറഞ്ഞ് കാണിച്ചുകൊടുക്കുമായിരുന്നു. കാരണം 'യസ്തഫ്തിഹൂന' എന്ന വാക്ക് '*ഫതഹ*' എന്ന ധാതുവിൽനിന്നാണ് നിഷ്പന്നമായത്. '***ഫതഹ***' എന്നാൽ തുറക്കുക എന്നർത്ഥം.

വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് യഹൂദികൾ ചർച്ച ചെയ്തിരുന്നു എന്ന് മാത്രമല്ല അദ്ദേഹത്തിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവർ എപ്പോഴും പറയാറുണ്ടായിരുന്നു. എന്നാൽ പ്രവാചകൻ വന്നപ്പോൾ പ്രവചനങ്ങൾക്ക് അവർക്കിഷ്ടമുള്ള വ്യഖ്യാനങ്ങൾ നൽകി പ്രവാചകനെ നിഷേധിക്കുകയാണ് അവർ ചെയ്തത്. എക്കാലത്തും സത്യനിഷേധികൾ അനുവർത്തിക്കുന്ന രീതിയാണിത്.

തുടർന്ന് അല്ലാഹു പറയുന്നു. '***ഫലഅ്നതുല്ലാഹി അലൽകാഫിരീൻ.***' നിഷേധികളിൽ അല്ലാഹുവിന്റെ

ശാപം! ഇവിടെ നിഷേധികൾ എന്നതുകൊണ്ട് എല്ലാ നിഷേധികളും ഉൾപ്പെടുമെങ്കിലും പ്രത്യേകിച്ച് തിരുനബിയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അദ്ദേഹം വന്നതിനുശേഷം അദ്ദേഹത്തിന്റെ ശത്രുക്കളായി മാറുകയും ചെയ്ത നിഷേധികളെക്കുറിച്ചാണ് പരാമർശിക്കുന്നത്. ഇതിൽനിന്നും നമുക്ക് ലഭിക്കുന്ന പാഠം സത്യം വരികയും വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അത് സ്ഥിരീകരിക്കപ്പെടുകയും ചെയ്തതിനുശേഷം അതിൽനിന്നും മുഖം തിരിച്ചുകളയുക എന്നത് ദൈവശാപത്തിന് കാരണമായിത്തീരുന്നതാണ് എന്നാകുന്നു.

തിരുനബിയുടെ ആഗമനത്തോടെ മറ്റു പ്രവാചകന്മാരും ആദരിക്കപ്പെടുകയാണുണ്ടായത്, അറേബ്യയിൽ പ്രത്യേകിച്ചും. ഹസ്റത്ത് മൂസ(അ)യേയും മറ്റു പ്രവാചകന്മാരേയും അവരെല്ലാം അംഗീകരിക്കാൻ തുടങ്ങിയത് തിരുനബിയുടെ ആഗമനത്തോടുകൂടിയാണ്. യഹൂദികൾ അംഗീകരിക്കുന്ന, പ്രവാചകരെ സത്യപ്പെടുത്തുന്ന ഈ പ്രവാചകനെ അവർ വിശ്വസിക്കുകയാണ് വേണ്ടിയിരുന്നത്. പക്ഷെ, അവർ നിഷേധികളായി മാറുകയാണുണ്ടായത്.

بئسما اشتروا به انفسهم ان يكفروا
بما انزل الله بغيا ان ينزل الله من
فضله على من يشاء من عباده فباءو
بغضب على غضب وللكافرين
عذاب مهين

**91. "അവർ എന്തിനു പകരം തങ്ങളുടെ ആത്മാക്കളെ വിറ്റുവോ അതെത്ര നീചം! അതായത്, അല്ലാഹു അവന്റെ ദാസന്മാരിൽ അവൻ ഇച്ഛിക്കുന്നവർക്ക് തന്റെ അനുഗ്രഹം ഇറക്കുന്നതിനെക്കുറിച്ചുള്ള അസൂയ നിമിത്തം അവൻ അവതരിപ്പിച്ചതിൽ അവിശ്വസിക്കുകയെന്നത് (എത്ര നീചം) അതിനാൽ, അവർ മേൽക്കുമേൽ കോപത്തിനു പാത്രമായിരിക്കുന്നു. അവിശ്വാസികൾക്ക് അപമാനകരമായ ശിക്ഷയുണ്ട്."**

*പദാർത്ഥം*

بئسما യാതൊന്ന് എത്ര നീചം. എന്തിനു പകരം വിറ്റുവോ انفسهم അവരുടെ ആത്മാക്കളെ ان يكفروا അതായത് അവർ അവിശ്വസിക്കുന്നത് بما انزل الله ഏതൊന്ന് അല്ലാഹു ഇറക്കിയിട്ടുണ്ടോ بغيا അസൂയകാരണം/ അക്രമമായിട്ട് ان ينزل الله അല്ലാഹു ഇറക്കുന്നതിനാൽ من فضله അവന്റെ അനുഗ്രഹത്തിൽനിന്ന് على من يشاء അവൻ ഇച്ഛിക്കുന്നവരുടെ മേൽ من عباده അവന്റെ ദാസരിൽനിന്ന് فباءو അങ്ങനെ അവർ മടങ്ങി بغضب കോപം കാരണമായി على غضب കോപത്തിനുമേൽ وللكافرين അവിശ്വാസികൾക്കുണ്ട് عذاب مهين അപമാനകരമായ ശിക്ഷ.

*വ്യാഖ്യാനം*

ഒരു വ്യക്തി അല്ലാഹുവിൽ വിശ്വസിക്കുമ്പോൾ യഥാർത്ഥത്തിൽ അദ്ദേഹവും അല്ലാഹുവുമായി ഒരു കച്ചവടം നടക്കുകയാണ്. വിശുദ്ധഖുർആൻ ഇതുസംബന്ധമായി സൂറത്തുതൗബയിൽ പറയുന്നുണ്ട്. "സ്വർഗ്ഗം പകരം നൽകാം എന്ന വാഗ്ദാനത്തോടുകൂടി അല്ലാഹു വിശ്വാസികളുടെ ദേഹവും ധനവും വിലക്ക് വാങ്ങിയിരിക്കുകയാണ്." ഇവിടെ വിശ്വാസികളുടെ ദേഹവും ധനവും സ്വർഗ്ഗത്തിന് പകരമായി അല്ലാഹു വാങ്ങുന്നു. ഇത് ഉത്തമമായ കച്ചവടമാണ്. യഹൂദികൾ ഹസ്റത്ത് മൂസാ നബി(അ)യിൽ വിശ്വസിച്ചുകൊണ്ട് ഈ കച്ചവടം നടത്തുകയുണ്ടായി. എന്നാൽ അവരുടെതന്നെ ഗ്രന്ഥത്തിൽ പറയപ്പെട്ട 'ആ പ്രവാചകനായ' മൂസാനബിക്ക് സദൃശ്യനായി വന്ന ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ)നെ നിഷേധിച്ചുകൊണ്ട് അവർ അല്ലാഹുവിനോട് ചെയ്തത് ഏറ്റവും മോശപ്പെട്ട കച്ചവടമാണ്. അവർ വിശ്വാസത്തിന് പകരം നിഷേധത്തെയാണ് വിലക്കു വാങ്ങിയത്. ഇത് തികച്ചും വളരെ മോശപ്പെട്ട കച്ചവടം തന്നെ. അവർ ഈ പ്രവാചകനെ നിഷേധിക്കുവാനുള്ള കാരണമായി ഇവിടെ എടുത്തുപറയുന്നത് അസൂയയാണ്. അല്ലാഹു എന്തുകൊണ്ട് തന്റെ കാരുണ്യം മറ്റുള്ളവർക്ക് നൽകി എന്ന വെറുപ്പാണ് നിഷേധിക്കാൻ കാരണമായത്.

അവർ പറയുന്നത് തൗറാത്തിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ വരേണ്ടത് അവരിൽ നിന്നായിരുന്നു എന്നാണ്. എന്നാൽ ഈ അനുഗ്രഹം ആർക്ക് നൽകണം എന്ന് തീരുമാനിക്കുന്നത് അല്ലാഹുവാണ്. ഓരോരുത്തരുടേയും ഉള്ളറിയുന്നവൻ അവനാണ്. വരേണ്ട ആൾ ഞങ്ങളിൽനിന്നുതന്നെ വരണം എന്ന് യഹൂദികൾ വാശിപിടിച്ചതിന്റെ ഫലമായി അവർ പ്രവാചക നിഷേധികളായി മാറുകയും തത്ഫലമായി അവർ ദൈവകോപത്തിന് പാത്രീഭൂതരാവുകയും ചെയ്തു. ദൈവത്തിന്റെ അനുഗ്രഹം നിഷേധിക്കുന്നവർക്ക് അപമാനകരമായ ശിക്ഷ ലഭിക്കുന്നതാണെന്ന് തുടർന്നുപറയുന്നു. ●

അവലംബം: Thafseer kabeer Urdu Vol. II by The Second Head of the Ahmadiya Jamath, Hadrat Bashiruddin Mahmood Ahmad, Kahalifathul Massih II

ഹദീസ്

# ഭൗതികതയോടുള്ള വിരക്തി

عن أبي هريرة رضي الله عنه عن النبي صلى الله عليه وسلم قال: أصدق كلمة قالها شاعر كلمة لبيد ألا كل شيء ما خلا الله باطل. (مسلم كتاب الشعر)

ഹസ്റത്ത് അബൂഹുറയ്റ(റ)വിൽനിന്ന് നിവേദനം. ഒരിക്കൽ ഹസ്റത്ത് റസൂൽ(സ.അ) അരുളി: പ്രസിദ്ധ കവി ലബീദ് പറഞ്ഞതിനെക്കാളും സത്യസന്ധമായ വാക്ക് മറ്റൊരു കവിയും പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞു. "അല്ലാഹു അല്ലാത്ത മറ്റെല്ലാം നിഷ്ഫലമാണ്, നിഷ്പ്രയോജനമാണ്."

---

عن عبد الله بن مسعود رضي الله عنه قال: نام رسول الله صلى الله عليه وسلم على حصير فقام وقد أثر في جنبه، قلنا: يا رسول الله لو اتخذنا لك وطاء فقال: ما لي وللدنيا ما أنا في الدنيا إلا كراكب استظل تحت شجرة ثم راح وتركها

(ترمذي كتاب الزهد)

ഹസ്റത്ത് അബ്ദുല്ലാ ഇബ്നു മസ്ഊദ്(റ)ൽനിന്ന് നിവേദനം. ഹസ്റത്ത് റസൂൽ(സ.അ) ഒരു പായയിൽ കിടന്നുറങ്ങി. അദ്ദേഹം എഴുന്നേറ്റപ്പോൾ ആ പായയുടെ അടയാളങ്ങൾ അദ്ദേഹത്തിന്റെ ശരീരകമലത്തിൽ ദർശിക്കാനായി. ഞങ്ങൾ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! അങ്ങേക്കുവേണ്ടി മൃദുലമായ ഒരു കിടക്ക ഞങ്ങൾ ഉണ്ടാക്കട്ടെ." നബി(സ.അ) അരുളി. ''എനിക്ക് ഈ ഭൗതികലോകത്തോടും അതിലെ സുഖാനുഭൂതിയോടും എന്തുബന്ധം. ഈ ലോകവുമായുള്ള എന്റെ ബന്ധം ഒരു യാത്രക്കാരനെപ്പോലെയാണ്. അവൻ ഒരു തണൽവൃക്ഷത്തിന്റെ ചുവട്ടിൽ അല്പനേരം വിശ്രമിക്കാൻ ഇരിക്കുന്നു. പിന്നീട് വൈകുന്നേരമാകുമ്പോൾ അത് ഉപേക്ഷിച്ച് തന്റെ യാത്ര തുടരുന്നു."

---

عن ابن عمر رضي الله عنه قال: أخذ رسول الله صلى الله عليه وسلم بمنكبي فقال: كن في الدنيا كأنك غريب أو عابر سبيل. (بخاري كتاب الرقاق باب قول النبي صلى الله عليه وسلم كن في الدنيا كأنك غريب)

ഹസ്റത്ത് ഇബ്നു ഉമർ(റ)ൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. ഹസ്റത്ത് റസൂൽ(സ.അ) എന്റെ രണ്ട് ചുമലുകൾ പിടിച്ചുകൊണ്ട് പറഞ്ഞു. "ഈ ലോകത്ത് നീ ഒരു വിദേശിയെപ്പോലെ ജീവിക്കുക. അല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെപ്പോലെ ജീവിക്കുക."

---

عن سهل بن سعد الساعدي رضي الله عنه قال: جاء رجل إلى النبي صلى الله عليه وسلم فقال: يا رسول الله دلني على عمل إذا عملته أحبني الله وأحبني الناس، فقال: ازهد في الدنيا يحبك الله وازهد فيما في أيدي الناس يحبوك.

(ابن ماجه باب الزهد في الدنيا)

ഹസ്റത്ത് സഹ്ലുബ്നു സഅ്ദിസ്സാഇദി(റ)വിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. ഹസ്റത്ത് നബി(സ.അ)ന്റെ അടുത്ത് ഒരാൾ വന്നുകൊണ്ട് പറഞ്ഞു. 'അല്ലാഹുവിന്റെ റസൂലെ! എനിക്കൊരു കർമ്മം പഠിപ്പിച്ചുതന്നാലും. ഞാനത് പ്രവർത്തിച്ചാൽ അല്ലാഹു എന്നെ ഇഷ്ടപ്പെടണം; ജനങ്ങളും എന്നെ ഇഷ്ടപ്പെടണം.' ഹസ്റത്ത് റസൂൽ(സ.അ) അരുളി: "ഐഹികാഡംബരങ്ങളെ ത്യജിക്കുക. അല്ലാഹു നിന്നെ ഇഷ്ടപ്പെടും. ജനങ്ങളുടെ പക്കലുള്ളത് മോഹിക്കാതിരിക്കുക. ജനങ്ങൾ നിന്നെ സ്നേഹിക്കാൻ തുടങ്ങും."

---

عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم: الدنيا سجن المؤمن وجنة الكافر. (مسلم كتاب الزهد)

ഹസ്റത്ത് അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. നബിതിരുമേനി(സ.അ.)അരുളി ദുനിയാവ് വിശ്വാസികൾക്ക് തടവറയും നിഷേധികൾക്ക് സ്വർഗ്ഗവുമാകുന്നു.

*സമ്പാ: എം. നാസിർ അഹ്മദ്*

# കണ്ണീരിൽ കുതിർന്ന രാത്രികൾ

**മു**ഹമ്മദ് നബി(സ.അ)യുടെ ജീവിതത്തിലെ അതീവപ്രാധാന്യമുള്ള ഒരുഭാഗമാണ് രാത്രിയിലെ അദ്ദേഹത്തിന്റെ ആരാധന. ഇതുസംബന്ധമായി തന്റെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഒരിക്കൽ അദ്ദേഹം ഇപ്രകാരം അരുളി. "അല്ലാഹു ഓരോ നബിക്കും ഓരോ ആഗ്രഹം വെച്ചിട്ടുണ്ട്. എന്റെ ആഗ്രഹം രാത്രിയിലെ ആരാധനയാണ്."

ഇസ്ലാമിന്റെ ബദ്ധവൈരികൾ തിരുനബിയുടെ വിവാഹങ്ങളെക്കുറിച്ച് അന്ധമായി ആക്ഷേപിക്കാറുള്ളത് പതിവാണ്. പ്രത്യേകിച്ച് ഹസ്റത്ത് ആയിശാ(റ)യെ വിവാഹം ചെയ്തത് എടുത്തുപറയാറുണ്ട്. (നഊദുബില്ലാഹ്) നബി(സ)ക്ക് ചെറിയ പെൺകുട്ടികളോട് താത്പര്യമായിരുന്നുവെന്ന് വരുത്തിത്തീർക്കുകയാണ് അവർ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ തിരുനബിയുടെ രാത്രികൾ എങ്ങനെയായിരുന്നു എന്ന് നമുക്കൊന്ന് പരിശോധിക്കാം.

ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിട്ടുണ്ട്. അതാഅ്(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ ഞാൻ ഇബ്നു ഉമറിനോടും ഉബയ്ദുല്ലാഹ് ബിൻ ഉമറിനോടുമൊപ്പം ഹസ്റത്ത് ആയിശ(റ)യുടെ തിരുസന്നിധിയിലെത്തി. ഞാൻ ഉമ്മുൽ മുഅ്മിനിനോട് ചോദിച്ചു. അങ്ങ് നബി(സ)യിൽ കണ്ട വിസ്മയകരമായ എന്തെങ്കിലും കാര്യം എനിക്കു പറഞ്ഞുതന്നാലും. അപ്പോൾ നബി(സ)യെ ഓർത്തു വേദനിച്ചുകൊണ്ട് ഹസ്റത്ത് ആയിശ(റ) കരയാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു. "നബി(സ)യുടെ ജീവിതത്തിലെ ഓരോ ഭാഗവും ആശ്ചര്യകരമായിരുന്നു. ഒരിക്കൽ രാത്രി നബി(സ) എന്റെയടുക്കൽ വന്നു. എന്നോടൊപ്പം കിടക്കയിൽ കിടന്നു. എന്നിട്ടവിടന്ന് ചോദിച്ചു. ആയിശാ! എന്റെ രക്ഷിതാവിനെ ആരാധിക്കാൻ ഇന്നെനിക്ക് നീ അനുവാദം തരുമോ? ഞാൻ പറഞ്ഞു. അല്ലാഹുവാണെ! അങ്ങയുടെ ആഗ്രഹത്തെ ഞാൻ ആദരിക്കുന്നവളാണ്. അങ്ങയുടെ സാമീപ്യം എനിക്കിഷ്ടമാണ്. ഞാൻ അങ്ങേയ്ക്ക് അനുവാദം തന്നുകൊള്ളുന്നു. അപ്പോൾ നബി(സ) എഴുന്നേറ്റു. തോൽസഞ്ചിയിൽനിന്നും വെള്ളമെടുത്ത് വുളു ചെയ്തു. നമസ്ക്കാരത്തിനായിനിന്നു. കണ്ണീർ നെഞ്ചിൽ വീഴുംവിധം നമസ്കാരത്തിൽ അവിടന്ന് കരഞ്ഞു. നമസ്ക്കാരത്തിനുശേഷം അവിടന്ന് വലത്തോട്ട് തിരിഞ്ഞ് മുഖത്ത് കൈകൊടുത്തിരുന്നു. പിന്നീട് അവിടന്ന് കരയാൻ തുടങ്ങി. അവിടത്തെ കണ്ണീർ തറയിൽ ഇറ്റിറ്റുവീണുകൊണ്ടിരുന്നു. ബാങ്കുകൊടുത്തതിനുശേഷം ഹസ്റത്ത് ബിലാൽ വരുന്നതുവരെ ഇതേഅവസ്ഥ തുടർന്നു. ഇങ്ങനെ കരഞ്ഞ് താണുകേണ് അല്ലാഹുവിനോട് ദുആ ചെയ്യുന്നതു കണ്ടപ്പോൾ ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അങ്ങെന്തിനാണ് ഇങ്ങനെ കരയുന്നത്? അല്ലാഹുതആല കഴിഞ്ഞതും വരാനിരിക്കുന്നതുമായ എല്ലാ പിഴവുകളും അങ്ങയ്ക്ക് പൊറുത്തുതന്നിരിക്കുകയാണല്ലോ. അപ്പോൾ നബി(സ) പറഞ്ഞു. അല്ലാഹുവിനോട് നന്ദിയുള്ള ദാസനായി ഞാൻ മാറേണ്ടേ?"

ഹസ്റത്ത് ആയിശ(റ) വിവരിച്ച മറ്റൊരു സംഭവം ഇപ്രകാരമാണ്. ഒരു രാത്രി നബി(സ) എന്റെ അടുക്കൽ വന്നു. നബി(സ) ഉറങ്ങുന്നതിന്നായി കിടന്നു. എന്നാൽ ഉറങ്ങിയിരുന്നില്ല. അദ്ദേഹം എഴുന്നേറ്റിരുന്നു. പുതപ്പെടുത്ത് പുതച്ചു. ഹസ്റത്ത് ആയിശ(റ) പറയുകയാണ്. ഇതെല്ലാം കണ്ടപ്പോൾ എനിക്ക് വല്ലാത്ത ഈർഷ്യയുണ്ടായി. ഞാൻ കരുതി മറ്റു ഭാര്യമാരുടെ അടുക്കൽ പോകാൻ ഒരുങ്ങുകയായിരിക്കുമെന്ന്. അങ്ങനെ നബി പുറപ്പെട്ടു. അൽപം കഴിഞ്ഞപ്പോൾ ഞാൻ നബിയുടെ പിന്നാലെ പോയി. ഞാൻ അങ്ങയെ ജന്നത്തുൽ ബഖീഅ് എന്ന ഖബർസ്ഥാനിൽ കണ്ടു. അവിടന്ന് വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും ശുഹദാക്കൾക്കും വേണ്ടി പൊറുക്കലിനെ തേടുകയായിരുന്നു. ഹസ്റത്ത് ആയിശ(റ) പറയുകയാണ്. ഞാനെന്റെ മനസ്സിൽ പറഞ്ഞു. എന്റെ ഉമ്മയും ബാപ്പയും അങ്ങയ്ക്ക് തെണ്ടമാണ്. തിരുമേനി തന്റെ റബ്ബിന്റെ മുമ്പിൽ കുമ്പിട്ട് പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നു; ഞാനാണെങ്കിൽ ദുൻയാവിന്റെ വിചാരത്തിലും. ഇതുകണ്ടപ്പോൾ ഞാൻ വേഗം തിരിച്ച് വീട്ടിലേക്ക് മടങ്ങി. അൽപം കഴിഞ്ഞപ്പോൾ തിരുനബിയും വീട്ടിൽ തിരിച്ചെത്തി. ഞാൻ വേഗത്തിൽ വന്നകാരണത്താൽ നല്ലതുപോലെ കിതക്കുന്നുണ്ടായിരുന്നു. തിരുനബി(സ.അ) ഞാൻ കിതക്കുന്നതിന്റെ കാര്യമന്വേഷിച്ചു. ഞാൻ നടന്നതെല്ലാം പറഞ്ഞു. അപ്പോൾ നബി(സ.അ) പറഞ്ഞു. ആയിശാ അല്ലാഹുവും അവന്റെ റസൂലും നിന്റെ അവകാശം ധ്വംസിക്കുമെന്ന് നീ ഭയപ്പെടുന്നുണ്ടോ? സത്യത്തിൽ ഇന്ന് ജിബ്രീൽ (അ) എന്റെ അടുത്തുവന്ന് പറഞ്ഞു. ഇന്ന് ശഅ്ബാന്റെ രാത്രിയാണ്. ഈ രാത്രിയിൽ അല്ലാഹുതആല ഒരു ചെമ്മരിയാടിന്റെ രോമത്തിനു തുല്യം ജനങ്ങളെ അഗ്നിയിൽനിന്ന് രക്ഷിക്കുന്നു. ഈ രാത്രിയിൽ അല്ലാഹുതആല ഏതെങ്കിലും ബിംബാരാധകന്റെയോ, അസൂയാലുവിന്റെയോ, കുടുംബബന്ധം വിച്ഛേദിക്കുന്നവന്റെയോ, അഹങ്കാരത്താൽ തുണി താഴെ വലിച്ചുനടക്കുന്നവന്റെയോ, മദ്യപാനിയുടെയോ മേൽ ദൃഷ്ടിവയ്ക്കുകയില്ല. ഹസ്റത്ത് ആയിശ(റ) പറയുന്നു. തിരുമേനി പുതപ്പ് പുതച്ചിരുന്നു. അതെടുത്ത് മാറ്റിക്കൊണ്ട് എന്നോട് പറഞ്ഞു. ആയിശാ ഈ രാത്രിയുടെ ബാക്കിഭാഗവും ആരാധനയിൽ മുഴുകുവാൻ എനിക്ക് അനുവാദം തരുമോ? ഞാൻ അനുവാദം നൽകി.

അപ്പോൾ നബി(സ.) നമസ്കരിക്കാൻ തുടങ്ങി. സുദീർഘമായ സുജൂദ് ചെയ്തു. അവിടത്തെ ശ്വാസം നിലച്ചുപോയോ എന്നുപോലും ഞാൻ ഊഹിച്ചുപോയി. ഞാൻപോയി അവിടത്തെ പാദം തൊട്ടു. അപ്പോൾ നബിയുടെ കാലിൽ ചലനം കണ്ടു. സുജൂദിൽ കിടന്ന് ദുആ ചെയ്യുന്നതായി ഞാൻ കേട്ടു. രാവിലെ തിരുനബി എന്നോടു പറഞ്ഞു. ഞാൻ രാത്രിയിൽ ചെയ്ത ദുആ ജിബ്രീൽ എന്നെ പഠിപ്പിച്ചതാണ്.

ഇതാണ് തിരുനബിയുടെ രാത്രികൾ; ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് ഈ ഹദീസുകൾ വിവരിച്ചുകൊണ്ട് പറയുന്നു: "നോക്കുക! ജീവിച്ചിരിക്കുന്നതും തന്റെ പ്രിയപ്പെട്ടതുമായ ഭാര്യയെ ഉപേക്ഷിച്ചുകൊണ്ട് മരിച്ചവർ കിടക്കുന്ന ഖബർസ്ഥാനിൽ പോയി കരയുന്ന പ്രവാചകൻ. ഇത്തരം വിവാഹം കാമവികാരത്തിന്റെഅടിസ്ഥാനത്തിലുള്ളതാണെന്ന് പറയാൻ പറ്റുമോ?

വീണ്ടും പറയുന്നു: ഏതൊരു വിവാഹത്തെക്കുറിച്ചാണോ ആക്ഷേപിക്കുന്നത് ആ ഭാര്യയുടെ സാക്ഷ്യമാണിത്. അതായത് എന്നെവിട്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരഞ്ഞുകരഞ്ഞ് പ്രാർത്ഥിക്കുന്നു. ഇത് ഒന്നോ രണ്ടോ പ്രാവശ്യം നടന്ന സംഭവമല്ല. മിക്കപ്പോഴും ഇങ്ങനെതന്നെയായിരുന്നു. എന്നല്ല, ഓരോ ഭാര്യവീട്ടിലും ഈ കാഴ്ച കാണാൻ കഴിയും. ഹസ്റത്ത് ആയിശ(റ)യുടെ ഊഴം വരുന്നു. ഒമ്പത് ഭാര്യമാരുള്ളപ്പോൾ ഒൻപതാമത്തെ ദിവസമായിരിക്കും ഊഴം വരിക. അവർ നബി(സ)യുടെ പ്രിയങ്കരിയായ ഭാര്യയാണ് എന്ന കാര്യത്തിലും സംശയമില്ല. പ്രിയങ്കരമാകാനുള്ള കാരണം ഇവരുടെ വീട്ടിൽവെച്ചാണ് ഏറ്റവും കൂടുതൽ വഹ്‌യ് ഇറങ്ങാറുള്ളത്. ഇവിടെയും സ്നേഹത്തിന്റെ അളവുകോൽ അല്ലാഹുവിന്റെ സത്തയുമായി ബന്ധിച്ചിരിക്കുന്നു. ഒമ്പതു ദിവസത്തിനുശേഷം ആ ഭാര്യയുടെ അടുത്തുവരുമ്പോൾ പറയുന്നു. "എന്റെ മനസ്സ് അസ്വസ്ഥമാകുന്നു. അല്ലാഹുവിനെ ആരാധിക്കാൻ എന്നെ അനുവദിക്കുക. പിന്നീട് രാത്രി മുഴുവൻ കരഞ്ഞ് കരഞ്ഞ് കണ്ണുനീർകൊണ്ട് തറ നനച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥനയിൽ രാത്രി കഴിച്ചുകൂട്ടുന്നു. ഔദാര്യങ്ങൾ ചെയ്ത റബ്ബിന് നന്ദി കാണിക്കുന്നു. സുഖലോലുപനായ ഒരു മനുഷ്യന് ഇങ്ങനെ പ്രാർത്ഥിക്കാൻ കഴിയുമോ?"

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "അല്ലാഹുവിന്റേതായിത്തീർന്ന ദാസരുടെ വിശേഷഗുണത്തെക്കുറിച്ച് വിശുദ്ധഖുർആൻ പറയുന്നു. "***വല്ലദീന യബീതൂനലിറബ്ബിഹിം സുജ്ജദൻ വ്വഖിയാമാ***" തങ്ങളുടെ നാഥനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നു പ്രാർത്ഥിച്ചുകൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരാണവർ. (*25:65*) നോക്കുക. രാവും പകലും ഭാര്യമാരിൽ ലയിച്ചിരിക്കുന്ന ഒരുവന് അല്ലാഹുവിന്റെ ഇംഗിതമനുസരിച്ച് രാത്രി എങ്ങനെ കഴിച്ചുകൂട്ടാനാണ്. നബി(സ)ന് ഒമ്പത് ഭാര്യാരുണ്ടായിരുന്നു. എന്നിട്ടും തന്റെ രാത്രി മുഴുവൻ അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് അദ്ദേഹം കഴിച്ചുകൂട്ടി.

തിരുനബിയുടെ നുബുവ്വത്തിന് മുമ്പുള്ള അവസ്ഥ നമുക്കൊന്ന് പരിശോധിക്കാം. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) നുബുവ്വത്ത് ലഭിക്കുന്നതിനു മുമ്പേ കുറച്ചു ഭക്ഷണവസ്തുക്കളുമായി തനിച്ച് ഹിറാ ഗുഹയിൽപോയി അല്ലാഹുവിനെ ആരാധിക്കാറുണ്ടായിരുന്നു. നിരവധി രാത്രികൾ അവിടെ ആരാധനയിൽ കഴിച്ചുകൂട്ടുമായിരുന്നു. ഭക്ഷണസാധനങ്ങൾ തീരുമ്പോൾ അവിടന്ന് ഹസ്റത്ത് ഖദീജ(റ)യുടെയടുക്കൽ മടങ്ങിവരുമായിരുന്നു. കൂടുതൽ ഭക്ഷണവുമായി വീണ്ടും അല്ലാഹുവിനെ ആരാധിക്കാൻ ഹിറാഗുഹയിലേക്ക് പോകുമായിരുന്നു.

ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "നമ്മുടെ നബിതിരുമേനി(സ.അ) ഏകാന്തസ്ഥാനത്തേയും, ഏകാന്തതയേയുമാണ് ഇഷ്ടപ്പെട്ടിരുന്നത്. അല്ലാഹുവിനെ ആരാധിക്കുന്നതിനു വേണ്ടി അവിടന്ന് തനിച്ച് ദൂരെയുള്ള ഹിറാഗുഹയിലേക്ക് പോകുമായിരുന്നു. ആ ഗുഹ ഭയജനകമായിരുന്നു. ആരും അവിടെ പോകാൻ ധൈര്യപ്പെട്ടിരുന്നില്ല. നബി(സ) അതിഷ്ടപ്പെടാൻ കാരണം, ഭയന്നിട്ട് ആരും അവിടെ വരികയില്ല എന്നതുകൊണ്ടാണ്. നബി(സ) തികച്ചും ഏകാന്തത ഇഷ്ടപ്പെട്ടിരുന്നു. പ്രസിദ്ധി ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല."

തിരുനബി(സ)യുടെ രാത്രിയിലെ നമസ്കാരം എപ്രകാരമായിരുന്നു എന്ന് ഒരു സഹാബി വിവരിക്കുന്നത് കാണുക. ഹസ്റത്ത് ഔഫ്ബിൻ മാലിക് അശ്ജഇ(റ) പറയുന്നു: ഒരു രാത്രി നബി(സ)യോടൊപ്പം ആരാധനയിൽ മുഴുകാൻ എനിക്ക് സൗഭാഗ്യം ലഭിച്ചു. അവിടന്ന് ആദ്യം സൂറഃബഖറ ഓതി. കാരുണ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വചനമെത്തുമ്പോൾ, തിരുനബി കാരുണ്യത്തിനുവേണ്ടി ദുആ ചെയ്യാതെ അടുത്തവചനം ഓതാറില്ല. ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്ന വചനം വരുമ്പോൾ ആ ശിക്ഷയിൽനിന്നും അല്ലാഹുവിനോട് അഭയം തേടാതെ അടുത്തവചനം ഓതാറില്ലായിരുന്നു. പിന്നീട് നിന്ന് ഓതിയ അത്രയും നേരം റുകൂഅ് ചെയ്തു. അതിൽ തസ്ബീഹും തഹ്മീദും ചൊല്ലിക്കൊണ്ടിരുന്നു. നിന്ന് ഖുർആൻ ഓതിയ അത്രയുംനേരം സുജൂദ് ചെയ്യുകയും ചെയ്തു. സുജൂദിലും തസ്ബീഹും ദുആയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് എഴുന്നേറ്റുനിന്നുകൊണ്ട് സൂറഃ ആലുഇംറാൻ ഓതി. പിന്നീട് ഓരോ റക്അത്തിലും ഓരോ അധ്യായം ഓതിക്കൊണ്ടിരുന്നു.

തിരുനബി(സ.അ) തഹജ്ജുദ് നമസ്കാരം വളരെ കൃത്യതയോടെ അനുഷ്ഠിച്ചിരുന്നു. ഹസ്റത്ത് ആയിശാ(റ) പറയുന്നു. എന്തെങ്കിലും അസുഖമോ മറ്റോ കൊണ്ട് തഹജ്ജുദ് നമസ്കരിക്കാൻ കഴിയാതെ വന്നാൽ നബി(സ) പകൽ 12 റക്അത്ത് നഫൽ നമസ്കരിക്കുമായിരുന്നു."

(*അവലംബം ഖുത്ബ, 18.2.05*)

# വാഗ്ദത്തമസീഹിന്റെ രണ്ടടയാളങ്ങൾ

*ബിഎം*

"പുനരുത്ഥാനനാൾ എപ്പോഴാണെന്ന് അവർ ചോദിക്കുന്നു. ദൃഷ്ടികൾ സ്തംഭിച്ചുപോവുകയും ചന്ദ്രഗ്രഹണമുണ്ടാവുകയും സൂര്യനും ചന്ദ്രനും (ഗ്രഹണം സംഭവിക്കുന്ന കാര്യത്തിൽ) ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ" അപ്പോഴായിരിക്കും പുനരുത്ഥാനനാൾ.

ഖിയാമാ എന്ന അധ്യായത്തിലെ 7,8,9,10 എന്നീ ആയത്തുകളാണിവ. അവസാനകാലത്തിന്റെ സ്വഭാവം ഈ ആയത്തിൽ വിശദീകരിക്കുന്നു. അതോടൊപ്പംതന്നെ പ്രധാനപ്പെട്ടതും നിർണ്ണായകവും ആയ ഒരു പ്രവചനവും ഇതിൽ ഉൾക്കൊള്ളുന്നു.

പ്രവചനം വാഗ്ദത്ത മഹ്ദീമസീഹിനെക്കുറിച്ചുള്ളതാണ്. മഹ്ദീമസീഹിന് സൂര്യചന്ദ്രഗ്രഹണങ്ങൾ എന്ന രണ്ടടയാളങ്ങൾ ഉള്ളതായി നബിതിരുമേനി(സ.അ) അരുൾ ചെയ്തിരിക്കുന്നു.

"നമ്മുടെ മഹ്ദിക്ക് രണ്ടടയാളങ്ങളുണ്ടായിരിക്കും. ഈ അടയാളങ്ങൾ ഭൂമിയും ആകാശവും ഉണ്ടാക്കപ്പെട്ടതിനുശേഷം ഒരിക്കലുംതന്നെ പ്രത്യക്ഷപ്പെട്ടിട്ടില്ല. ഇതിൽ ഒരടയാളം റമദാൻ ആദ്യത്തിൽ ചന്ദ്രഗ്രഹണം സംഭവിക്കും എന്നതാണ്, മറ്റൊരടയാളം റമദാൻ മധ്യത്തിൽ സൂര്യഗ്രഹണം സംഭവിക്കും എന്നതാണ്. ഈ രണ്ട് അടയാളങ്ങൾ പ്രപഞ്ചസൃഷ്ടിക്കുശേഷം ഇന്നോളം പ്രത്യക്ഷപ്പെട്ടിട്ടില്ല." (*ദാറുൽ ഖുത്നി, പു:188*)

**അടിസ്ഥാന ചിന്ത**

പ്രകൃതിവിരുദ്ധമായതോ യുക്തിഹീനമായതോ നിയമാനുസൃതമല്ലാത്തതോ ആയ യാതൊന്നും ഇസ്‌ലാമിലില്ല. ഇത് അടിസ്ഥാനചിന്തയായി അംഗീകരിക്കാൻ ഒരു മുസ്‌ലിമിന് കഴിയണം. ഈ അടിസ്ഥാനചിന്തയിൽനിന്നുവേണം വിശുദ്ധഖുർആനിലേയും ഹദീസുകളിലേയും മറ്റു മതഗ്രന്ഥങ്ങളേയും പ്രവചനങ്ങളേയും പരിശോധിക്കാൻ ഇവിടെ വഴികാട്ടിയായി വിശുദ്ധഖുർആനിലെതന്നെ ഒരു ആയത്തുദ്ധരിക്കാം.

"അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്. അതിൽ ചിലത് ഖണ്ഡിതവചനങ്ങളാണ്. അവ ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു. മറ്റുചിലത് സദൃശവചനങ്ങളുമാണ്. എന്നാൽ ഹൃദയത്തിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കുവാൻ ആഗ്രഹിച്ചും അതിനെ ദുർവ്യാഖ്യാനം ചെയ്യുവാനുദ്ദേശിച്ചുംകൊണ്ട് അതിൽനിന്ന് സദൃശമായതിനെ പിന്തുടരുന്നു. വാസ്തവത്തിൽ അല്ലാഹുവും അറിവിൽ അടിയുറച്ചവരുമല്ലാതെ അതിന്റെ യഥാർത്ഥ വ്യാഖ്യാനം അറിയുന്നില്ല...."(*3:8*)

ഇസ്‌ലാം പ്രകൃതിമതമാണ് എന്നതിനാൽ പ്രവചനവാക്കുകളെ വഴിവിട്ട് വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നവർ അല്ലാഹു ഇവിടെ പറഞ്ഞ "ഹൃദയത്തിൽ വക്രതയുള്ളവരാണ്." അവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിക്കുന്നു. പക്ഷെ, ആയത്തുകൾക്കും, ആയാത്തുകൾക്കും എതിരിൽ എത്ര കുഴപ്പങ്ങളുണ്ടാക്കിയാലും ഫലം ശൂന്യമാവുകയേയുള്ളൂ. കനലിനെ ചാരമിട്ട് മൂടുന്ന വിദ്യയാണത്. അറിവിൽ അടിയുറച്ചവർക്കും സൂക്ഷ്മത കൈക്കൊള്ളുന്നവർക്കും അല്ലാഹുവിനെ സദാ ഭയപ്പെട്ടു ജീവിക്കുന്നവർക്കും ആ വിദ്യ ഏശുകയില്ല.

**പ്രകൃതി പ്രതിഭാസങ്ങൾ**

സൂര്യചന്ദ്രഗ്രഹണങ്ങൾ പ്രകൃതിയിലെ പ്രതിഭാസങ്ങളാണ്. ഭൂമിയുടെ നിഴൽ ചന്ദ്രനിൽ എപ്പോൾ പതിയുന്നുവോ അപ്പോൾ ചന്ദ്രഗ്രഹണമുണ്ടാകുന്നു. ഭൂമിയിൽ സൂര്യപ്രകാശം പതിയുന്നതിന് എപ്പോൾ ചന്ദ്രഗോളം ഒരു തടസ്സമായി നില്ക്കുന്നുവോ അപ്പോൾ സൂര്യഗ്രഹണമുണ്ടാകുന്നു. ഇത് രണ്ടും സംഭവിക്കുന്നതിന് നിശ്ചിതങ്ങളായ ദിവസങ്ങളുണ്ട്. ചന്ദ്രന്റെ ഒരു പരിപൂർണ്ണ ഭ്രമണത്തിനുള്ള കാലം 29 $^1/_2$ ദിവസങ്ങളാണ്. ഇതാണ് ചന്ദ്രമാസം. ഈ ചന്ദ്രമാസത്തിലെ മധ്യദിവസങ്ങളെ പൗർണ്ണമി ദിവസങ്ങൾ- വെളുത്തവാവ് എന്നു പറയുന്നു. 13,14,15- ഈ ദിവസങ്ങളിലെ രാത്രികളാണിവ. ഈ രാത്രികളിലാണ് പൂർണ്ണമായ തോതിൽ ചന്ദ്രൻ പ്രത്യക്ഷപ്പെടുക. ഗ്രഹണസാദ്ധ്യതയുള്ള- പ്രകൃതിനിയമം അനുസരിച്ച് ഗ്രഹണം സംഭവിക്കുന്ന ദിവസങ്ങളാണിവ. ചന്ദ്രൻ തീരെ കാണപ്പെടാത്ത ദിവസങ്ങളുണ്ട്. ചന്ദ്രമാസത്തിലെ 27,28,29 എന്നീ ദിവസങ്ങളാണിവ. ഈ ദിവസങ്ങളിലൊന്നിലായിരിക്കും സൂര്യഗ്രഹണം സംഭവിക്കുക.

ഇനി നബിതിരുമേനിയുടെ പ്രവചനത്തെക്കുറിച്ച് നമുക്ക് പര്യാലോചിക്കാം. നമ്മുടെ മഹ്ദിക്ക് രണ്ട

ടയാളങ്ങൾ ഉണ്ടായിരിക്കും. ഒന്നാമത്തെ അടയാളം റമദാൻ മാസത്തിൽ ചന്ദ്രഗ്രഹണം, രണ്ടാമത്തെ അടയാളം അതേ റമദാൻ മാസത്തിൽതന്നെ സൂര്യഗ്രഹണവും. ഈ അടയാളങ്ങൾ പ്രപഞ്ചത്തിൽ അന്നോളം ആർക്കുവേണ്ടിയും ദൃശ്യമാക്കപ്പെട്ടിട്ടില്ല.

**പ്രവചനത്തിലെ ഉപാധികൾ**

ഈ പ്രവചനം പരിശോധിക്കുന്ന നമുക്ക് നാല് കാര്യങ്ങൾ വ്യക്തമാകുന്നതാണ്. (1) അടയാളങ്ങളായി പ്രസ്താവിതങ്ങളായ ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും ഒരേയൊരു റമദാൻ മാസത്തിലായിരിക്കും സംഭവിക്കുക. (2) ചന്ദ്രഗ്രഹണം ആദ്യരാത്രിയിലും സൂര്യഗ്രഹണം മധ്യദിവസത്തിലും സംഭവിക്കും. (3) അടയാളം പ്രത്യക്ഷപ്പെടുമ്പോൾ തിരുനബിയുടെ ഉമ്മത്തിൽ നിന്നൊരാൾ മഹ്ദീവാദം പുറപ്പെടുവിച്ചിരിക്കണം. (4) ആർക്കുവേണ്ടിയാണോ ഇത് ദൃശ്യമാകുന്നത് ആ ആൾക്ക് ഒരു വ്യക്തമായ അടയാളമായി പരിണമിക്കത്തക്കനിലയിൽ ആ ആളുടെ ദേശത്ത് ഈ അടയാളം പ്രത്യക്ഷമാവുകയും അടയാളങ്ങളെക്കുറിച്ച് വളരെയേറെ ബോധവാന്മാരാവുകയോ പ്രതീക്ഷാപൂർവ്വം കാത്തിരിക്കുകയോ ചെയ്യുന്ന തദ്ദേശീയർക്ക് അത് ദൃശ്യമാക്കപ്പെടുകയും ചെയ്യണം.

**റമദാൻ– പുണ്യമാസം**

ഈ അടയാളങ്ങൾക്ക് സാക്ഷിയാവാൻ റമദാൻ മാസത്തെയാണ് തെരഞ്ഞെടുത്തത്. ഇതിൽ സ്വാഭാവികതയുണ്ട്. ഈ മാസം മുസ്‌ലിംകൾക്ക് പുണ്യമാസമാണ്. വിശുദ്ധഖുർആൻ എന്ന സമഗ്രജീവിതപദ്ധതി– സമസ്തവിജ്ഞാനകേദാരം ഒരനുഗ്രഹവരദാനമായി മനുഷ്യസമൂഹത്തിന് ലഭിക്കപ്പെട്ട മാസമാണിത്. സാധാരണനിലയിൽ റമദാൻ മാസത്തിൽ മുസ്‌ലിംകൾ കൂടുതൽ ജാഗ്രത പുലർത്തുന്നു. സ്രഷ്ടാവായ അല്ലാഹുവിനെക്കൊള്ളെ അവർ തിരിയുന്നു. നോമ്പു നോല്ക്കുന്നു, നമസ്കാരത്തിന് പള്ളികളിലെത്തുന്നു, രാത്രി നമസ്കാരവും കൂട്ടായി നമസ്കരിക്കുന്നു. അധികം ദാനധർമ്മങ്ങൾ അനുഷ്ഠിക്കുന്നു. പ്രാപഞ്ചിക സുഖങ്ങളിൽനിന്നും വിട്ടുനിൽക്കുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തെ നിത്യവും പാരായണം ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതനെ എപ്പോഴും അനുസ്മരിക്കുകയും ചെയ്യുന്നു. അതായത് ഭക്തിയുടെ മാർഗ്ഗത്തിലേക്ക് അവർ അധികമധികമായി, അഹമഹമികയാ മുന്നേറുന്നു. ഇങ്ങനെ മനസ്സിനെ അല്ലാഹുവിൽ ലയിപ്പിക്കുന്ന മാസത്തിൽ അല്ലാഹു തന്റെ അതിപ്രധാനവും അഭൗമവും ആയ അടയാളങ്ങൾ ദൃശ്യമാക്കുന്നു എങ്കിൽ അതിന് മൂന്നു കാരണങ്ങളെ കാണാനാവൂ. (1) ഈ അടയാളങ്ങൾ റമദാൻ മാസത്തിൽത്തന്നെ ദൃശ്യമാക്കുന്നത് റമദാന്റെ പരിശുദ്ധി നിമിത്തവും മുസ്‌ലിംകൾ ആ മാസത്തിൽ അല്ലാഹുവിനെക്കൊള്ളെ അത്യധികം ശ്രദ്ധതിരിക്കുന്നു എന്ന കാരണത്താലും ആണ്. ഈ അടയാളങ്ങളിൽനിന്ന് മുസ്‌ലിംകൾ സത്യവും പാഠവും ഉൾക്കൊള്ളണം. മഹ്ദിയിൽ വിശ്വസിക്കുകയും വേണം. ഈ സന്ദേശം മുസ്‌ലിംകൾക്ക് നല്കാൻ റമദാൻ മാസത്തെക്കാൾ പറ്റിയ മറ്റേതൊരു മാസമാണുള്ളത്? (2) അന്നോളം ആർക്കുവേണ്ടിയും അവതരിക്കപ്പെടാതിരുന്ന ഈ ദൃശ്യം പുണ്യമാസമായ റമദാനിൽ കാണിക്കുന്നത് റഹ്മത്തുൽലിൽ ആലമീനായ നബികരീം(സ)ന്റെ മഹത്വത്തിന്റെ നിദർശനമായിട്ടുകൂടിയാണ്. ആ പുണ്യാത്മാവിന്റെ സത്യത്തിനുള്ള സാക്ഷ്യം കൂടിയാണിത്. അല്ലാഹുവിന്റെ ആ അത്യുത്തമ ദാസനിൽനിന്നുള്ള ഈ പ്രവചനം അനേകവർഷങ്ങൾക്കു ശേഷം ആകാശഭൂമികളിൽ നിശ്ചിതകാലംതന്നെ പ്രത്യക്ഷപ്പെടുത്തുമ്പോൾ അത് മുസ്‌ലിംകൾക്ക് എത്രമാത്രം ആഹ്ലാദപ്രദവും ആനന്ദദായകവും ആയ അനുഭവമായി മാറില്ല. ***അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്*** എന്നു പറഞ്ഞ് പ്രവാചകശ്രേഷ്ഠന്റെ പ്രോജ്ജ്വലസത്യത്തെ അവർ വാഴ്ത്തിപ്പറയും. അതിന് പറ്റിയ മാസം റമദാൻ മാസമല്ലാതെ മറ്റേതു മാസമാണുള്ളത്? (3) ഈ അടയാളം വാഗ്ദത്ത മഹ്ദിക്കുവേണ്ടിയാണ് ദൃശ്യമാക്കുന്നത്. ഇസ്‌ലാമിന്റെ വീണ്ടുമുള്ള– പിന്നീട് ക്ഷയിക്കാനിടയില്ലാത്ത വിജയത്തിനുവേണ്ടി അല്ലാഹു നിയോഗിച്ചയക്കുന്ന ഇമാമാണ് വാഗ്ദത്ത മഹ്ദി. ***വ ആഖറീന മിൻഹും ലമ്മായൽഹകൂ ബിഹിം*** എന്ന വിശുദ്ധവചനത്തെ അന്വർത്ഥമാക്കുവാനാണ് ആ ഇമാം അവതീർണ്ണനാകുന്നത്. അതായത് മഹ്ദിയിലൂടെയുള്ള നബിതിരുമേനിയുടെ ഒരു പുനരവതാരമാണിത്. ഇത് വിളംബരം ചെയ്യാൻപറ്റിയ മാസം റമദാൻ മാസമല്ലാതെ മറ്റൊന്നുണ്ടോ?

**പ്രവചനം– വിശകലനം**

ഇനി പ്രവചനത്തിന്റെ ഉൾഭാഗത്തേക്ക് നമുക്ക് കടക്കാം. ചന്ദ്രഗ്രഹണം സംഭവിക്കുന്നത് ആദ്യരാത്രിയിലായിരിക്കും എന്നാണ് പറയുന്നത്. നേരത്തേ പറഞ്ഞതുപോലെ ഇതൊരു പ്രകൃതിപ്രതിഭാസമാണ്. മനുഷ്യന്റെ വരുതിയിൽപ്പെട്ട കാര്യമല്ല. അതുകൊണ്ടുതന്നെ പ്രകൃതിനിയമങ്ങൾക്കനുസരിച്ച് മാത്രമേ ഈ പ്രവചനത്തെ വ്യാഖ്യാനിക്കാവൂ. ചന്ദ്രഗ്രഹണം എപ്പോൾ പ്രകൃതിയിൽ സംഭവിക്കണം, സൂര്യഗ്രഹണം എപ്പോൾ സംഭവിക്കണം എന്നതിന്റെ അടിസ്ഥാനം ഇവിടെ മുഖ്യമാണ്. പ്രകൃതിനിയമം അനുസരിച്ച് ചന്ദ്രമാസത്തിൽ ചന്ദ്രൻ പൂർണമായി ദൃശ്യമാകുന്ന 13,14,15 എന്നീ ദിവസങ്ങളിലെ രാത്രികളിലാണ് ചന്ദ്രഗ്രഹണം സംഭവിക്കുക. അപ്പോൾ ആദ്യത്തെ

രാത്രി എന്നതിന്റെ വിവക്ഷിതം റമദാൻ മാസത്തിലെ ചന്ദ്രഗ്രഹണ സാധ്യതയുള്ള 13,14,15 തിയ്യതികളിലെ ആദ്യരാത്രിയായ 13 എന്നാണ്.

സൂര്യഗ്രഹണം സംഭവിക്കുക മധ്യദിവസത്തിലായിരിക്കും എന്ന പ്രവചനഭാഗവും നമുക്ക് പരിശോധിക്കാം. ചന്ദ്രമാസത്തിൽ ചന്ദ്രഗ്രഹണസാധ്യതയുള്ള ദിവസങ്ങൾ 13,14,15 ആണെങ്കിൽ സൂര്യഗ്രഹണ സാധ്യതയുള്ള ദിവസങ്ങൾ 27,28,29 എന്നീ ദിവസങ്ങളിലെ പകലുകളാണ്. ഇതിൽ മധ്യദിവസം എന്നു പറയുന്നത് 28-ാം തിയ്യതി പകൽ സമയത്തും. ഈ പകലിലാണ് സൂര്യഗ്രഹണം കൃത്യമായി സംഭവിക്കേണ്ടത്. പ്രവചനം ഇവിടെ ചന്ദ്രഗ്രഹണത്തിന്റെ കാര്യത്തിലും സൂര്യഗ്രഹണത്തിന്റെ കാര്യത്തിലും വളരെ സൂക്ഷ്മമാണ്. ഒരു റമദാൻ മാസത്തിലാണ് ഈ ഇരുഗ്രഹണങ്ങളും സംഭവിക്കേണ്ടത്. ചന്ദ്രഗ്രഹണം റമദാൻ മാസം 13-ാം തിയ്യതി രാത്രിയിലും സൂര്യഗ്രഹണം തുടർന്ന് 28-ാം തിയ്യതി പകൽ സമയത്തും. ഈ അടയാളങ്ങൾ ദിവ്യവും അഭൗമവും ആയ അടയാളങ്ങളാണെന്ന് പ്രവചനം പ്രഖ്യാപിക്കുന്നു. ഇത് നിർണ്ണായകവും നിത്യസ്മരണീയവും കൂടിയാണ്. അതായത് ഭൂമിയും ആകാശവും ഉണ്ടായതിനുശേഷം ഈ രീതിയിലുള്ള ഗ്രഹണങ്ങൾ ആർക്കുവേണ്ടിയും പ്രത്യക്ഷപ്പെട്ടിട്ടില്ല. ഗ്രഹണങ്ങളുണ്ടായിട്ടുണ്ട്. പക്ഷെ, പ്രത്യേക നിബന്ധനകൾക്ക് വിധേയമായി ഒരു ദൈവനിയോഗവാദിയുടെ സത്യസാക്ഷ്യത്തിനായി റമദാൻ മാസത്തിൽ അതിന്റെ ആദ്യരാത്രിയിലും പിന്നീട് മധ്യപകലിലും യഥാക്രമം ചന്ദ്രസൂര്യഗ്രഹണങ്ങൾ സംഭവിച്ചിട്ടില്ല. ഇതിന്നു മുമ്പ് ഈ അടയാളങ്ങൾ ആർക്കുവേണ്ടിയും പ്രത്യക്ഷപ്പെടുത്തിയിട്ടില്ല എന്ന് സൂചിപ്പിക്കുമ്പോൾ ഈ അടയാളങ്ങൾ ആർക്കുവേണ്ടിയോ ആണ് ഇപ്പോൾ പ്രത്യക്ഷപ്പെടുത്തുന്നത് എന്നുതന്നെയാണ് അതിന്റെ അർത്ഥം.

**പ്രവചനം- ആർക്കുവേണ്ടി?**

ഈ പ്രവചനം നബിതിരുമേനിയിൽനിന്നുള്ളതാണ്. 'നമ്മുടെ മഹ്ദിയുടെ രണ്ടടയാളങ്ങൾ' എന്ന നിലയിലാണ് ഈ പ്രവചനത്തെ നബിതിരുമേനി അവതരിപ്പിക്കുന്നത്. നൂറ്റാണ്ടുകൾക്കുശേഷം ഒരു പ്രത്യേക മാസത്തിൽ ഒരു പ്രത്യേക രാത്രിയിലും പകലിലുമായി ഈ പ്രവചനം പുലരും എന്നാണ് കാലേകൂട്ടി നബിതിരുമേനി(സ.അ) പ്രസ്താവിക്കുന്നത്. ഈ അടയാളങ്ങൾ നിസ്സാരങ്ങളല്ല. ദിവ്യവും അഭൗമവും ആണ്. മനുഷ്യഭാവനയ്ക്കപ്പുറത്തുള്ളതാണ്. ഭൂമി ഉണ്ടായതിൽപിന്നെ ആർക്കുവേണ്ടിയും കാണിക്കപ്പെടാത്തതും നിർണ്ണായകസ്വഭാവമുള്ളതും ആണ്.

ഇനി എന്തു സംഭവിച്ചു എന്ന് പരിശോധിക്കാം. ലോകാരംഭം മുതൽ അന്നോളം ആരുടേയും അടയാളമായി അവതരിക്കാതിരുന്ന അഭൂതപൂർവ്വകമായ ആ മഹാസംഭവം ഒരടയാളം എന്ന നിലയ്ക്കും, പ്രവചനത്തെ സാക്ഷാത്കരിച്ചും കിഴക്കൻ ചക്രവാളത്തിൽ പ്രത്യക്ഷപ്പെടുകതന്നെ ചെയ്തു. ഹിജ്റ വർഷം 1311-ലാണ് അത് സംഭവിച്ചത്. റമദാൻ മാസത്തിൽതന്നെ. അതായത് 1894 മാർച്ച് മാസം 21-ാം തിയ്യതി രാത്രി ചന്ദ്രഗ്രഹണം ദൃശ്യമായപ്പോൾ തുടർന്ന് ഏപ്രിൽ 6-ന് സൂര്യഗ്രഹണം ദൃശ്യമാവുകയും ചെയ്തു. ഇത് രണ്ടും പ്രവചനത്തിൽ പരാമർശിക്കപ്പെട്ട നിശ്ചിത ദിവസങ്ങളിൽതന്നെയാണ് സംഭവിച്ചത്. അതായത് റമദാനിലെ പൗർണ്ണമി രാത്രികളിൽ ആദ്യരാത്രി ചന്ദ്രഗ്രഹണവും അമാവാസി ദിവസങ്ങളിൽ മധ്യദിവസം സൂര്യഗ്രഹണവും. ഈ രണ്ട് ഗ്രഹണങ്ങളും കിഴക്കൻ ഭൂഗോളാർദ്ധത്തിൽ, ഇന്ത്യയടക്കമുള്ള ഏഷ്യൻ രാജ്യങ്ങൾക്ക് ദൃശ്യമാകത്തക്ക നിലയിലാണ് 1894-ൽ പ്രത്യക്ഷപ്പെട്ടത്. ഇന്ത്യയിൽ പൊതുവേയും ഖാദിയാനിൽ പ്രത്യേകിച്ചും ഈ ഗ്രഹണങ്ങൾ ആളുകൾക്ക് ബോധ്യമാകുന്ന നിലയ്ക്ക് അനുഭവപ്പെട്ടു എന്നതാണ് വസ്തുത. ഇന്ത്യാഗവൺമെന്റിന്റെ പൊസിഷനൽ അസ്ട്രോണമി സെന്റർ ഈ വസ്തുതയെ ഊന്നിപ്പറയുന്നു. ഗ്രഹണങ്ങൾ ഇതിന് മുമ്പും ഉണ്ടായിട്ടുണ്ട്. എന്നാൽ പ്രവചനസാക്ഷാത്കാരമായ 1894-ലെ ഗ്രഹണങ്ങൾ മാത്രമേ ഇന്ത്യയിൽ ഖാദിയാൻ പ്രദേശത്ത് ദൃശ്യമായുള്ളൂ. അതാവട്ടെ നബി(സ) തിരുമേനി പ്രസ്താവിച്ചതിൻവണ്ണം റമദാൻ മാസത്തിലെ നിശ്ചിത ദിവസങ്ങളിൽതന്നെയാണ് സംഭവിച്ചത് എന്നതിന് പ്രശസ്തരായ ജ്യോതിശ്ശാസ്ത്രജ്ഞന്മാരും വാനനിരീക്ഷകന്മാരും സാക്ഷ്യം വഹിക്കുന്നു. എന്തിന് നിശ്ചിത സമയങ്ങളിൽതന്നെ പുലർന്നു എന്നതാണ് സത്യം. ഖാദിയാനിൽ റമദാൻ 13-ന് രാത്രിയുടെ ആധ്യയാമത്തിൽതന്നെ (അവ്വലി ലൈലത്തിൻ) ചന്ദ്രഗ്രഹണം പ്രത്യക്ഷമായപ്പോൾ റമദാൻ 28-ന് മധ്യപകലിൽതന്നെ, ദിവസത്തെ രണ്ടായി ഭാഗിച്ചുകൊണ്ട് (നിസ്ഫുൻ മിൻഹു) സൂര്യഗ്രഹണവും സംഭവിക്കുകയുണ്ടായി.

മുമ്പെങ്ങുമില്ലാതിരുന്ന നിലയ്ക്ക് ഈ ചന്ദ്രസൂര്യഗ്രഹണങ്ങൾ ഖാദിയാനിൽ ദൃശ്യമാക്കപ്പെട്ടു എന്നത് ഒരു ജ്യോതിശ്ശാസ്ത്ര ചരിത്രസംഭവമാണ്. ഒപോൾസറുടെ കാനൻ ഓഫ് എക്ലിപ്സ് (*Canon of Eclipses, Duver Publication, New York 1962*) നാട്ടിക്കൽ അൽമനാക് (*Nautical Almanac, London 1894*) പൊസിഷണൽ അസ്ട്രോണമി സെന്റർ ഇന്ത്യാ, മെറ്ററോലോജിക്കൽ ഡിപ്പാർട്ട്മെന്റ് കൽക്കത്ത- എന്നിവകളിലെല്ലാം ഇവ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രശസ്ത ജ്യോതിശ്ശാസ്ത്രജ്ഞനും

ഉസ്മാനിയ യൂനിവേഴ്സിറ്റിയിലെ അസ്ട്രോണമി വിഭാഗം ഡയറക്ടറുമായ ഡോ. സാലിഹ് മുഹമ്മദ് അലാദീൻ സാഹിബിന്റെ നിരവധി ഗവേഷണപഠനങ്ങളും ഈ യാഥാർത്ഥ്യത്തെ അർത്ഥശങ്കയ്ക്കിട നല്കാത്ത നിലയ്ക്ക് ലോകസമക്ഷം സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

**ദൃക്സാക്ഷി വിവരണം**

1894-ലെ സൂര്യചന്ദ്രഗ്രഹണവേളയിലെ അനുഭവങ്ങളെക്കുറിച്ച് മിർസാ അയ്യൂബ് ബേഗ് ഇപ്രകാരം ദൃക്സാക്ഷി വിവരണം നല്കുന്നു.

“1894 ഏപ്രിൽ 6-ന് റമദാൻ മാസം സൂര്യഗ്രഹണമുണ്ടായപ്പോൾ ജനങ്ങൾ കറുത്ത കണ്ണടയിട്ട് ഗ്രഹണം വീക്ഷിച്ചുതുടങ്ങി. ഈ സന്ദർഭത്തിൽ നേരിയ തോതിലായിരുന്നു ഗ്രഹണം ബാധിച്ചത്. സൂര്യന് ഗ്രഹണം ബാധിച്ചിരിക്കുന്നു എന്ന് ചിലർ വാഗ്ദത്ത മഹ്ദിയെ അറിയിച്ചപ്പോൾ അദ്ദേഹവും കറുത്ത കണ്ണാടിയിലൂടെ ഗ്രഹണം നിരീക്ഷിക്കുകയുണ്ടായി. അദ്ദേഹം നിരാശനായിക്കൊണ്ട് പറഞ്ഞു. ഗ്രഹണം ഞാൻ കണ്ടു. പക്ഷേ നേരിയതോതിലായതിനാൽ അത് എല്ലാവർക്കും നോക്കി മനസ്സിലാക്കാൻ കഴിഞ്ഞെന്നുവരില്ല. നബിതിരുമേനി(സ)ന്റെ മഹത്തായ ഒരു പ്രവചനം സംശയഗ്രസ്തമായേക്കാനിടയുണ്ട്. എന്നാൽ അദ്ദേഹം ഇതുപറഞ്ഞ് അല്പം കഴിഞ്ഞശേഷം ഗ്രഹണം വ്യക്തമാവുകയും സൂര്യന്റെ വലുതായ ഭാഗംതന്നെ ഇരുണ്ടുപോവുകയും ചെയ്തു. ഇതുകണ്ട് വാഗ്ദത്ത മഹ്ദി പറഞ്ഞു. കഴിഞ്ഞ രാത്രി സ്വപ്നത്തിൽ ഞാൻ ഉള്ളി (*Onion*) കാണുകയുണ്ടായി. ദുഃഖകരമായ ഏതോ ഒരു സംഭവമുണ്ടാകും എന്നതിന്റെ സൂചനയായിരുന്നു അത്. ആദ്യംകണ്ട മങ്ങിയ ഗ്രഹണത്തിലൂടെ അത് പൂർത്തിയായിരിക്കുന്നു.” (*Ashab Ahmad, Vol.1, pp 80-81, തദ്കിറ 417,418*)

**ഭൂമിയിൽ അടയാളം**

ഈ പ്രകൃതിപ്രതിഭാസത്തിന്റെ സാക്ഷാത്കാരം അത്യന്തം ഗൗരവതരമായ ചിന്തനയ്ക്ക് ലക്ഷ്യമാകേണ്ടതാണ്. ഗ്രഹണം എന്നത് മനുഷ്യന്റെ വരുതിയിൽപ്പെട്ട സംഭവമല്ല. നിഴൽമൂലം സൂര്യനെയോ ചന്ദ്രനെയോ പൂർണമായോ ഭാഗികമായോ കാണാതിരിക്കുന്നതിന്നാണ് ഗ്രഹണം എന്നു പറയുന്നത്. സൂര്യനെ മറയ്ക്കുന്നത് ചന്ദ്രനും ചന്ദ്രനെ മറയ്ക്കുന്നത് ഭൂച്ഛായയും ആണ്. രാഹുകേതുക്കളോടൊത്ത് സൂര്യൻ നില്ക്കുമ്പോൾ വരുന്ന കറുത്ത വാവുനാൾ സൂര്യഗ്രഹണവും പൂർണ്ണചന്ദ്രൻ ഭൂച്ഛായയാൽ മറയ്ക്കപ്പെടുമ്പോൾ ചന്ദ്രഗ്രഹണവും സംഭവിക്കുന്നു. അതായത് ഗ്രഹങ്ങളുടെ സഞ്ചാരനില ആശ്രയിച്ചുള്ള ഒരു പ്രതിഭാസമാണ് ഗ്രഹണങ്ങൾ. ഈ സഞ്ചാരനിലയെ- സഞ്ചാരപഥത്തെ നിയന്ത്രിക്കുന്നതും അതിന് ഒരു സഞ്ചാരനിയമമുണ്ടാക്കി പരിരക്ഷിക്കുന്നതും അല്ലാഹുവാണ്. മനുഷ്യനിവിടെ യാതൊരുവിധ കൈകാര്യകർത്തൃത്വവുമില്ല. പ്രകൃതിനിയമങ്ങളെക്കുറിച്ച് പഠിച്ചുകൊണ്ട്, ഗ്രഹങ്ങളുടെ സഞ്ചാരപഥത്തെക്കുറിച്ച് ഗവേഷണം നടത്തിക്കൊണ്ട് ഇന്നിന്നതും സംഭവിക്കാം എന്ന് അനുമാനിക്കാൻ മനുഷ്യർക്ക് കഴിയും. പക്ഷെ, ആ അനുമാനത്തിനുപോലും ഒരു പരിധിയുണ്ട്. അവന്റെ ധാരണ തെറ്റാം, ഗണന തെറ്റാം, അതായത്ഒരിക്കലുംതന്നെ ഇന്നിന്നത് ഇന്നിന്ന സമയങ്ങളിൽ സംഭവിക്കും എന്ന് സൂക്ഷ്മമായി, കണിശമായി ആധികാരികമായി മനുഷ്യന് പ്രഖ്യാപിക്കാൻ കഴിയുകയില്ല.

ഇവിടെ ഈ പ്രവചനത്തിന്റെ കർത്താവ് നബിതിരുമേനിയാണ്. ഈ പ്രവചനം ഏതുവർഷമുണ്ടായി എന്ന ചോദ്യത്തിനും അന്വേഷണത്തിനും പ്രസക്തിയുണ്ട്. നബിതിരുമേനിയുടെ ദൗത്യകാലത്ത്; ദൗത്യകാലത്തിന്റെ ഒടുവുഘട്ടത്തിൽ. ഉദ്ദേശം 1320 വർഷങ്ങൾക്കു മുമ്പ്. അത്രയും വർഷങ്ങൾക്ക് മുമ്പ് ശാസ്ത്രത്തിന്റെ ഒരു ശാഖയും മനുഷ്യന് അഭിമാനിക്കാനോ ഏതെങ്കിലും നിലയ്ക്ക് അവകാശപ്പെടാനോ മാത്രം വികസിച്ചിരുന്നില്ല എന്നത് അവിതർക്കിതമായ ഒരു സത്യമാണ്. ഗ്രഹങ്ങളുടെ സഞ്ചാരപഥം പോകട്ടെ, സഞ്ചാരസമ്പ്രദായത്തെക്കുറിച്ചുപോലും ഉദ്ദേശ്യപൂർണ്ണമായ, സഫലമായേക്കാവുന്ന അനുമാനങ്ങൾ പോലും അക്കാലത്തുണ്ടായിരുന്നില്ല. ആ ഒരു അജ്ഞാനകാലത്താണ് വളരെ കൃത്യമായിത്തന്നെ ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിയുന്ന ഒരു ദിവസത്തെക്കുറിച്ചും ചന്ദ്രന്റെ സഞ്ചാരനില സൂര്യനെ മറയ്ക്കുന്ന ഒരു ദിവസത്തെക്കുറിച്ചും ഒരു മനുഷ്യൻ പ്രവചിക്കുന്നത്. അടുത്ത ആണ്ടിൽ റമദാൻ മാസത്തിൽ ഇതുണ്ടാകും എന്നല്ല പറയുന്നത്. ആണ്ടുകൾക്കു ശേഷം, നൂറ്റാണ്ടുകൾക്കുശേഷം, ഒരു റമദാൻ മാസത്തിൽ ഇത് സംഭവിക്കും എന്നാണ് പറയുന്നത്. ഇത് പറയുമ്പോൾ ആ മനുഷ്യൻ കാലഗണനയെയല്ല ആശ്രയിച്ചത്. ആകാശത്തിന്റെ ഏതോ ഒരു പള്ളിയിൽ കണ്ണയച്ച് തനിക്കറിയാവുന്ന ഗണനകൾ ചെയ്ത്, ഗവേഷണങ്ങൾ നടത്തി അതിന്റെ ഫലമായി സമർപ്പിക്കപ്പെട്ട ഒരു സിദ്ധാന്തവുമല്ല ഇത്. ഇവിടെ മറ്റൊരു കാര്യം കൂടി ഓർക്കുവാൻ നാം ബാധ്യസ്ഥരാണ്. ആകാശത്തിലെ ഈ അഭൂതപൂർവ്വകമായ ദൃശ്യങ്ങൾ നിശ്ചിത റമദാനിലെ ആദ്യ-മധ്യദിനങ്ങളിൽ സംഭവിക്കുമ്പോൾ അഭൂതപൂർവ്വകമായ മറ്റൊരടയാളം ഭൂമിയിലും നടന്നിരിക്കണം. അഥവാ, ഭൂമിയിലെ ഒരു ദിവ്യസംഭവത്തിന് സാക്ഷിയായിട്ടും അതിനെ സത്യപ്പെടുത്താനായിട്ടും ആണ് ആകാശങ്ങളിലെ ഈ അത്യപൂർവ്വകങ്ങളായ അടയാളങ്ങൾ ദൃശ്യ

മാകുന്നത്. ഭൂമിയിലെ ആ ദിവ്യസംഭവം മഹ്ദിയുടെ ആഗമം തന്നെയാണ്. 13 നൂറ്റാണ്ടുകൾ കെടാതെ സൂക്ഷിക്കപ്പെട്ട ഇസ്‌ലാമാകുന്ന വെളിച്ചത്തെ കയ്യിലേന്താനും അതിന്റെ തിരി നീട്ടി, അതിന്റെ വെട്ടം ലോകത്തിന്റെ സർവ്വഭാഗങ്ങളിലേക്കും വ്യാപരിപ്പിക്കുവാനുമാണ് മഹ്ദി പ്രത്യക്ഷപ്പെടുന്നത്. നബിതിരുമേനി ലോകാനുഗ്രഹിയായ ദൂതനാണെന്നതിന്റെ മുഗ്ദവും മുഖ്യവുമായ സാക്ഷ്യമാണിത്. ലോകം മുഴുക്കെ ആ അനുഗ്രഹത്തിന്റെ ഊഷ്മളത എത്തിക്കപ്പെടുമ്പോൾ മാത്രമേ '***റഹ്മത്തുൽ ലിൽ ആലമീൻ***' എന്ന അഭിധാനത്തിന് അർത്ഥങ്ങളുണ്ടാവുന്നുള്ളൂ. ചുരുക്കത്തിൽ ആകാശങ്ങളിലെ അടയാളങ്ങളും ഭൂമിയിലെ ഈ അടയാളവും ഏകകാലത്തിൽ സംഭവിക്കണം. ഭൂമിയിലെ ആ മഹാസംഭവം തന്റെ പക്കൽനിന്നുള്ളതു തന്നെയാണ് എന്ന് ആകാശങ്ങളിലെ അടയാളങ്ങളെ ദൃശ്യമാക്കിക്കൊണ്ട് അല്ലാഹു പ്രഖ്യാപിക്കുന്നു.

അപ്പോൾ ഗ്രഹണങ്ങൾ സംഭവിച്ചതുകൊണ്ടു മാത്രം ഈ പ്രവചനം പുലരുന്നില്ല. ഇത് പുലർന്നതായി പരിഗണിക്കണമെങ്കിൽ ഗ്രഹണങ്ങൾ നിശ്ചിതനാളുകളിൽ സംഭവിക്കുന്നതോടൊപ്പം അത് സംഭവിക്കുന്നതിന് മുമ്പായി സാത്വികനും ദൈവഭക്തനും ആയ ഒരു വ്യക്തി താൻ വാഗ്ദത്ത മഹ്ദിയാണെന്നു പ്രഖ്യാപിക്കുകയും വേണം. ഇതൊരു നിസ്സാരകാര്യമല്ല. അത്യന്തം ഗൗരവാവഹമായ, മനുഷ്യന്റെ ആലോചനാമണ്ഡലത്തെത്തന്നെ വിസ്മയസ്തബ്ധമാക്കുന്ന ഒരു കാര്യമാണിത്. ഈ പ്രവചനത്തിലെ ദിവ്യതയെ- ദൈവികതയെ മാറ്റിവെക്കുകയാണെങ്കിൽത്തന്നെ മനുഷ്യനെ വിസ്മയിപ്പിക്കാൻപോന്ന ഒരു പ്രവചനമാണിത്. എങ്ങനെ ഒരു മനുഷ്യന് ഇത്ര കണിശമായി നൂറ്റാണ്ടുകൾക്കു ശേഷം സംഭവിക്കുന്ന രണ്ട് സുപ്രധാന സംഭവങ്ങളെക്കുറിച്ച് മുൻകൂർ പറയാൻ കഴിഞ്ഞു? ഈ ചോദ്യത്തിന്റെ ഗഹനത തന്നെ നബിതിരുമേനിയുടെ സത്യത്തിന്റെ സമുജ്ജ്വലമായ സാക്ഷ്യമായി വർത്തിക്കുന്നു. ദൈവനിയോഗിതനായ ഒരു പ്രവാചകനല്ലാതെ ഈ നിലയ്ക്കുള്ള ഒരു പ്രവചനം ലോകസമക്ഷം സമർപ്പിക്കുവാൻ കഴിയുകയില്ല.

"അദ്ദേഹം സ്വേച്ഛയനുസരിച്ച് സംസാരിക്കുന്നില്ല. ഇത് അദ്ദേഹത്തിന് ബോധനം ചെയ്യപ്പെടുന്ന ദിവ്യസന്ദേശമല്ലാതെ മറ്റൊന്നല്ല." (*53:4,5*)

അതായത് അല്ലാഹു അറിയിക്കുന്ന കാര്യങ്ങൾ. ആ കാര്യങ്ങളിൽ അതിപ്രധാനമായ ഒന്നാണ് മഹ്ദിയെക്കുറിച്ചുള്ള ഈ അടയാളങ്ങൾ.

### അടയാളങ്ങൾ, ജനങ്ങൾക്കുള്ള മുന്നറിയിപ്പ്

ഈ അടയാളങ്ങൾ ജനങ്ങൾക്കുള്ള മുന്നറിയിപ്പാണ്. മഹ്ദി പ്രത്യക്ഷനായിരിക്കുന്നു എന്നതിനുള്ള അറിയിപ്പ്. ഭൂമിയുടെ ഏതെങ്കിലും ഒരു കോണിൽനിന്ന് അല്ലാഹുവിന്റെ ഒരു ദാസൻ താൻ വാഗ്ദത്ത മഹ്ദിയാണ് എന്ന അവകാശവാദമുന്നയിച്ചാൽ അത് ഭൂമിയുടെ എല്ലാ കോണിലും ഉടൻ എത്തിച്ചേരണമെന്നില്ല. അതുകൊണ്ടാണ് ഭൂമിയിൽ എല്ലായിടത്തുമുള്ള മനുഷ്യരുടെ അറിവിലേക്കായി, അവർക്ക് മുന്നറിയിപ്പായി കാലേ പ്രവചിച്ച ഈ അടയാളങ്ങൾ ആകാശത്തിൽ പ്രത്യക്ഷമാക്കിയത്. ഇതൊരു ചെറിയ കാര്യമല്ല. അല്ലാഹുവിന്റെ ഓരോ പ്രവർത്തിക്കും വ്യക്തവും ദീർഘവുമായ ഉദ്ദേശ്യങ്ങളുണ്ടെന്ന് നാമറിയണം. അതിലൊന്നാണിത്. ഈ അടയാളം പ്രത്യക്ഷപ്പെട്ടു കഴിയുമ്പോൾ മഹ്ദിയെക്കുറിച്ച് മനുഷ്യർ ആവേശപൂർവ്വം ചിന്തിക്കുകയും അതിവേഗത്തിൽത്തന്നെ മഹ്ദിയെ കണ്ടെത്തുകയും ചെയ്യണം.

ഇവിടെ ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. 1894 റമദാനിലാണ് പ്രവചനപ്രകാരം ചന്ദ്രസൂര്യഗ്രഹണമുണ്ടായത്. ഇത് കിഴക്കൻ ഭൂഗോളാർദ്ധത്തിലാണ് പ്രത്യക്ഷപ്പെട്ടത്. ഏഷ്യൻ രാജ്യങ്ങൾക്കാണ് ഈ അടയാളങ്ങൾക്ക് സാക്ഷികളാവാൻ അവസരം കിട്ടിയത്. അതുകൊണ്ടുതന്നെ വീണ്ടുമൊരിക്കൽകൂടി 1895-ൽ റമദാൻ മാസത്തിൽത്തന്നെ പടിഞ്ഞാറൻ ഭൂഗോളാർദ്ധത്തിലെ ജനങ്ങൾക്കായി ഈ അടയാളം പ്രത്യക്ഷമാക്കപ്പെട്ടു. സർവ്വമനുഷ്യർക്കുമുള്ള ഒരു മുന്നറിയിപ്പായിട്ടുവേണം, അപ്പോൾ ഈ പ്രതിഭാസത്തെ കാണാൻ- വിലയിരുത്താനും.

അതായത് ഈ ദിവ്യപ്രതിഭാസം പ്രത്യക്ഷപ്പെടുത്തിയതിലൂടെ അല്ലാഹു മനുഷ്യരോട് പ്രഖ്യാപിക്കുകയാണ്. 1320 കൊല്ലങ്ങൾക്കു മുമ്പ് എന്റെ ദൂതൻ എന്താണോ പ്രവചിച്ചത്, ആ പ്രവചനമിതാ റമദാൻ മാസത്തിൽത്തന്നെ സത്യമായി ഞാൻ അവതരിപ്പിച്ചിരിക്കുന്നു. ഇത് എന്റെ ദൂതനായ മുഹമ്മദിന്റെ സത്യത്തിനുള്ള സാക്ഷ്യമാണ്. എന്റെ മഹ്ദിയുടെ സത്യത്തിനുള്ള സാക്ഷ്യവുമാണിത്. എന്നിൽനിന്നുള്ള മഹ്ദി ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു. ആ മഹ്ദിയെ അന്വേഷിച്ചു നിങ്ങൾ കണ്ടെത്തുക.

ഇവിടെ മറ്റൊരു കാര്യം കൂടി നാം പര്യാലോചിക്കേണ്ടതായുണ്ട്. അതായത് ഈ അടയാളം പ്രത്യക്ഷപ്പെടുകയും എന്നാൽ മഹ്ദിയായി ആരും തന്നെ വാദം പുറപ്പെടുവിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ സ്വാഭാവികമായി എന്തു സംഭവിക്കും? പ്രവചനം അസത്യമായിത്തീരും. നബിതിരുമേനിയുടെ എതിരാളികൾ അപ്പോൾ ഘോഷത്തോടെ ചോദിക്കും. റമദാൻ മാസത്തിലെ നിശ്ചിതദിവസങ്ങളിൽ ഗ്രഹണങ്ങൾ സംഭവിച്ചു എന്നത് ശരിയാണ്, പക്ഷേ, ഇത് വാഗ്ദത്ത മഹ്ദിയുടെ അടയാളമാണെന്നാണല്ലോ പ്രവചിക്കപ്പെട്ടിരിക്കുന്നത്. എവിടെ മഹ്ദി? മഹ്ദിയായി അവകാശപ്പെ

ട്ടുകൊണ്ട് ആരും രംഗപ്രവേശം ചെയ്തില്ലല്ലോ. ആ നിലയ്ക്ക് ഈ പ്രവചനമെങ്ങനെ സത്യമാണെന്നവകാശപ്പെടും? ഇതെങ്ങനെ സാക്ഷ്യമായിത്തീരും? അതുപോലെ മഹ്ദിയായി ഒരാൾ അവകാശവാദമുന്നയിക്കുന്നു. എതിരാളികൾക്ക് ചോദിക്കാം. നബിതിരുമേനി പ്രവചിച്ച ആ അഭൗമദൃഷ്ടാന്തങ്ങളെവിടെ? സൂര്യചന്ദ്രഗ്രഹണങ്ങൾ? ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്നെതിരിൽ ഈ വിമർശനമുയർന്നിരുന്നു എന്ന കാര്യം ഇവിടെ സന്ദർഭവശാൽ ഓർത്തുകൊള്ളട്ടെ. അദ്ദേഹം താൻ വാഗ്ദത്ത മഹ്ദിയാണ് എന്ന വാദമുന്നയിച്ചപ്പോൾ (1891-ലായിരുന്നു വാദമുന്നയിച്ചിരുന്നത്) അന്നത്തെ നിഷേധികളായ മതപണ്ഡിതന്മാർ അദ്ദേഹത്തെ അപഹസിച്ചും ആക്ഷേപിച്ചും പറഞ്ഞ ന്യായങ്ങളിലൊന്ന് നബിതിരുമേനി (സ.അ) പ്രവചിച്ച റമദാൻ മാസത്തിലെ ഗ്രഹണങ്ങളെന്ന ആ അടയാളങ്ങൾ പുലർന്നുകണ്ടില്ലല്ലോ എന്നായിരുന്നു. അദ്ദേഹം മറുപടി പറഞ്ഞു: "എന്നെ അല്ലാഹുവാണ് മഹ്ദിയാക്കി അയച്ചിരിക്കുന്നത്. നിങ്ങളാവശ്യപ്പെടുന്ന അടയാളം- അത് നബി കരീം(സ.അ)ൽ നിന്നുള്ള അടയാളമാണെങ്കിൽ അത് പുലരുകതന്നെ ചെയ്യും."

### ഹസ്റത്ത് അഹ്മദ്(അ)

സർവ്വലോക സ്രഷ്ടാവും കരുണാനിധിയുമായ അല്ലാഹുവിന് നന്ദി. സലാത്തും സലാമും നബിതിരുമേനിക്കാണ്. മഹ്ദിയുടെ രണ്ടടയാളങ്ങളെന്ന് സുവിശേഷം ചെയ്യപ്പെട്ട ആ പ്രവചനം വള്ളിപുള്ളി മാറാതെ- അക്ഷരാർത്ഥത്തിൽത്തന്നെ അസംശയമായി പുലരുന്ന അത്യത്ഭുതത്തിന് സാക്ഷിനില്ക്കുവാൻ ഈ നൂറ്റാണ്ടിന് ഭാഗ്യമുണ്ടായി എന്നതാണ് വാസ്തവം. അതായത് എപ്പോൾ പ്രവചനപ്രകാരമുള്ള ഈ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടുവോ അതിന് മുമ്പായിത്തന്നെ സാത്വികനായ ഒരു മനുഷ്യൻ, ദിവ്യമായ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ താൻ വാഗ്ദത്ത മഹ്ദിയാണ് എന്ന് പ്രഖ്യാപിച്ചുകൊണ്ട് തന്റെ ഭാരിച്ച- ക്ലേശപൂർണ്ണമായ ദൗത്യനിർവ്വഹണത്തിൽ ഏർപ്പെട്ടുകഴിഞ്ഞിരുന്നു. അത് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് അല്ലാതെ മറ്റാരുമായിരുന്നില്ല. ഇന്ത്യയിൽ, പഞ്ചാബിൽ, ഗുരുദാസ്പൂർജില്ലയിൽ ഖാദിയാൻ നിവാസിയായ ഇദ്ദേഹം ഫാർസി വംശജനായിരുന്നു. 1835 ഫിബ്രുവരി 13-ന് ആ മഹാത്മാവ് ജനിച്ചു. 1868 മുതൽ തന്നെ അദ്ദേഹത്തിന് ദൈവികമായ അറിയിപ്പുകളും വെളിപാടുകളും ദർശനങ്ങളും ലഭിച്ചുതുടങ്ങി. അതാവട്ടെ അദ്ദേഹത്തിന്റെ വിയോഗംവരെ- 1908-വരെ തുടരുകയും ചെയ്തു. 1880-84 കാലത്താണ് അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ ബൃഹത്ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടത്. 'ബറാഹീനെ അഹ്മദിയ്യ'. മറ്റെല്ലാ മതങ്ങളേയും അപേക്ഷിച്ച് ഇസ്ലാമിനുള്ള ശ്രേഷ്ഠത അവിതർക്കിതമായിത്തന്നെ തെളിയിക്കുന്ന ഒരു ഗ്രന്ഥമായിരുന്നു അത്. മുസ്ലിംലോകം മുഴുക്കെയും ഈ ഗ്രന്ഥത്തെ സഹർഷം സ്വാഗതം ചെയ്തു. വിണ്ടുകീറിയ മണ്ണിൽ തകർത്തുപെയ്ത മഴയായിരുന്നു അത്. ഇസ്ലാം നാലുപുറങ്ങളിൽനിന്നും അക്രമിക്കപ്പെടുന്ന ഒരു കാലമായിരുന്നു അത്. ആര്യസമാജക്കാർ ഒരു വശത്ത്, മറുവശത്ത് ക്രിസ്ത്യാനികൾ, വേറൊരു വശത്ത് മുസ്ലിംകളുടെ അവസ്ഥയാണെങ്കിൽ പരമദയനീയവും. മുസ്ലിംകൾ പല കഷണങ്ങളായിരുന്നു. കക്ഷികൾ- കക്ഷികൾക്കുള്ളിൽ കക്ഷികൾ. അവർക്കൊക്കെ കുക്ഷിപൂരണത്തിനുപോലും ഇസ്ലാമിനെ ഉപയോഗിക്കണം. നിസ്സാരകാര്യങ്ങളിൽ പോലും അവർ തല്ലുകൂടി. കുഫ്ർ പറഞ്ഞ് ഫത്വയിറക്കി. ഓരോ മതകാര്യത്തിലും പരമാവധി അവർ വിയോജിച്ചുനിന്നു. സത്യത്തെ നിഷ്കരുണം അവർ തൊഴിച്ചു. ഈ ദുഃസ്ഥിതിയിൽ സത്യമെവിടെ എന്ന് നെഞ്ചിൽ കൈവെച്ച് ഒരു സത്യവിശ്വാസി നിലവിളിക്കുന്ന ആ കാലത്താണ് 'ഇതാ സത്യം, ഇസ്ലാമിന്റെ സത്ത' എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇസ്ലാമിന്റെ സർവ്വാതിശയ സുന്ദരമായ സമഗ്രജീവിതപദ്ധതിയെ പ്രസ്തുത ഗ്രന്ഥത്തിൽ ആ പുണ്യാത്മാവ് വിശദീകരിക്കുന്നത്. ഇസ്ലാമാകുന്ന സഞ്ജീവനിയെ കരതലാമലകം പോലെ അദ്ദേഹം ലോകത്തിന് കാഴ്ചവെച്ചു. ഇക്കാരണത്താൽത്തന്നെ ഇസ്ലാമിന്റെ കരുത്തനായ ആധികാരികവക്താവ് എന്ന് അദ്ദേഹത്തെ മതപണ്ഡിതന്മാരും മതചിന്തകന്മാരും സർവ്വത്ര വാഴ്ത്തിപ്പറഞ്ഞു. പില്ക്കാലത്ത് കഠിനശത്രുവായി മാറിയ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിപോലും സ്തുതിഗീതംകൊണ്ട് ആ ഗ്രന്ഥത്തെ നിലത്തുവെച്ചില്ല. അദ്ദേഹമെഴുതി.

"സുഹൃത്തുക്കളുടേയും എതിരാളികളുടേയും സാക്ഷ്യമനുസരിച്ച് ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ഇസ്ലാമികനിയമം അനുശാസിക്കുന്നതരത്തിൽ ജീവിക്കുന്ന ഭക്തനും സത്യസന്ധനുമായ ഒരു വ്യക്തിയാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ ഈ കാലഘട്ടവും ഈ സാഹചര്യവും കണക്കിലെടുത്തുകൊണ്ടുതന്നെ ഈ ഗ്രന്ഥത്തിന് തുല്യമായ മറ്റൊരു ഗ്രന്ഥം ഇസ്ലാമിൽ ആരുംതന്നെ ഇന്നോളം പ്രസിദ്ധീകരിച്ചിട്ടില്ല. ഇനിയുള്ള കാലം എന്തു സംഭവിക്കും എന്നറിഞ്ഞുകൂടാ. ഇസ്ലാമിലെ എല്ലാ ഓരോ തുറകളിലും ഗ്രന്ഥകർത്താവ് അചഞ്ചലവിശ്വാസിയാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള ആളുകളെ മുസ്ലിംകളിൽ വിരളമായല്ലാതെ കാണാൻ കഴിയില്ല....."

ഇത് പ്രസ്തുത ഗ്രന്ഥത്തെക്കുറിച്ചുള്ള അനേകം അഭിപ്രായങ്ങളിൽ ഒന്നുമാത്രമാണ്. ഇസ്‌ലാമിനെ അക്രമിച്ചു നശിപ്പിച്ചുകളയാം എന്ന വ്യാമോഹത്തിന് ഒരു തുടക്കമായി മാറിയതും ഈ ഗ്രന്ഥമാണ് എന്നതും ഒരു ചരിത്രവസ്തുത മാത്രമാണ്.

**അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിക്കുന്നു**

1889-ലാണ് അദ്ദേഹം അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിക്കുന്നത്. മസീഹ്‌വാദത്തോടുകൂടിയാണ് പണ്ഡിതപ്രമുഖരുടെ എതിർപ്പുകൾ അദ്ദേഹത്തിന്നെതിരിൽ ആഞ്ഞുവീശിയത്. അതും ഒരു പ്രവാചകൻതന്നെയാണ് അദ്ദേഹം എന്നതിനുള്ള മുഗ്ദമായ സാക്ഷ്യം തന്നെയാണ്.

അല്ലാഹു പറയുന്നു. "മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെയടുക്കൽ വരുന്നില്ല." (*യാസീൻ 31*)

വാഗ്ദത്ത മസീഹിനെ സംബന്ധിച്ചിടത്തോളം ഈ ഖുർആൻ വാക്യം തികച്ചും അന്വർത്ഥമായി മാറുകയാണ് ചെയ്തത്. എല്ലാ ഓരോ പ്രവാചകനും അതതുകാലത്തെ ജനങ്ങളാൽ പരിഹസിക്കപ്പെടുകയും പഴിചാരപ്പെടുകയും ചെയ്യുന്ന കാഴ്ച കണ്ടാണ് അല്ലാഹു ആ നിലയ്ക്ക് പറഞ്ഞത്. ഇത് വാഗ്ദത്ത മഹ്ദിയുടെ കാലമെത്തുമ്പോൾ അതിന്റെ പാരമ്യതയിലെത്തുന്നു. വാഗ്ദത്തമഹ്ദിയെ പഴിചാരുമ്പോഴും പരിഹസിക്കുമ്പോഴും യഥാർത്ഥത്തിൽ പഴി കേൾക്കുകയും പരിഹസിക്കപ്പെടുകയും ചെയ്യുന്നതാരാണ്? വാഗ്ദത്ത മഹ്ദിയുടെ ആഗമം വിളിച്ചറിയിച്ച മുമ്പുകടന്നുപോയ എല്ലാ പ്രവാചകന്മാരുംതന്നെ. എല്ലാ ഗ്രന്ഥങ്ങളും തന്നെ. പരിഹസിക്കുന്നവർക്ക് ഇതൊന്നും ഒരു പ്രശ്നമായി അനുഭവപ്പെടുന്നില്ല. പരിഹസിക്കുക എന്ന കൃത്യം ചെയ്തുതീർക്കാനായി ജന്മമെടുത്തതുപോലെ അവർ ആ കൃത്യം നിർവ്വിഘ്നം, അവിരാമം ചെയ്തുതീർക്കുന്നു.

ഇവിടെ വിസ്തരിച്ചു ചർച്ച ചെയ്യപ്പെട്ട ആ രണ്ടടയാളങ്ങൾ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) താൻ വാഗ്ദത്ത മഹ്ദീമസീഹാണ് എന്ന് അവകാശവാദം പുറപ്പെടുവിച്ച് മൂന്നുകൊല്ലങ്ങൾക്കുള്ളിൽ തന്നെ സംഭവിച്ചു എന്ന കാര്യവും നമുക്കിവിടെ ഓർക്കേണ്ടതായുണ്ട്. ഈ അടയാളങ്ങൾ അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള സമ്പന്നമായ തെളിവുകളിലൊന്നാണ്. ഇതുസംബന്ധിച്ച് ഹസ്റത്ത് മിർസാം ഗുലാം അഹ്മദ്(അ) പറഞ്ഞു.

"ആരുടെ കയ്യിലാണോ എന്റെ ജീവൻ, ആ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ സത്യം ചെയ്തു പ്രസ്താവിക്കുന്നു. നഭോമണ്ഡലത്തിലുണ്ടായ ഈ ദൈവികഅടയാളം എന്റെ സത്യത്തിലേയ്ക്കുള്ള സാക്ഷ്യമാകുന്നു എന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. മൗലവിമാർ എന്നെ ദജ്ജാൽ, കദ്ദാബ് എന്നും മറ്റും തുടരെത്തുടരെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഈ കാര്യം അല്ലാഹു എന്നെ അറിയിച്ചത്. ഈ സത്യസാക്ഷ്യം ആദമിന്റെ കാലം മുതൽ ആരും തന്നെ ദർശിച്ചിട്ടില്ലാത്ത ഒന്നാണ്. അതെ, ഈ സൂര്യചന്ദ്രഗ്രഹണ അടയാളങ്ങൾ എന്റെ സത്യം സ്ഥാപിക്കുവാനുള്ള അടയാളം തന്നെയാണ് എന്ന് വിശുദ്ധ കഅബ യിൽ വെച്ചുപോലും സത്യം ചെയ്തു പറയാൻ എനിക്കു കഴിയും."

ഈ വാക്കുകളിലെ പുഷ്ടമായ ആർജ്ജവം നാം കാണാതിരുന്നുകൂടാ. തന്റെ സ്രഷ്ടാവിനെയല്ലാതെ മറ്റൊന്നിനേയും ഭയക്കാത്ത അത്യന്തം ശ്ലാഘനീയമായ ആർജ്ജവമാണത്. ഈ ആർജ്ജവം, ധീരത- ധീരോദാത്തമായ ഒരു സത്യാത്മാവിനല്ലാതെ മറ്റാർക്കുമുണ്ടാവുകയില്ല.

**പ്രവചനം– ഫലങ്ങൾ**

ഈ മഹത്തായ അടയാളങ്ങൾ മഹാഭൂരിപക്ഷം സ്വീകരിച്ചില്ലെന്നത് വാസ്തവം തന്നെ. അത് പ്രതീക്ഷിക്കേണ്ടതുംതന്നെ. പുണ്യപ്രവാചകനായ മുഹമ്മദ് മുസ്തഫാ തിരുമേനിയുടെ അടയാളങ്ങൾ അഗണ്യമാക്കപ്പെട്ടു എങ്കിൽ അതേ ചരിത്രം ആ പുണ്യാത്മാവിന്റെ വിനീതശിഷ്യന്റെ കാര്യത്തിലും ആവർത്തിക്കാതിരിക്കേണ്ട കാര്യമില്ല. മറ്റൊരു കാര്യം കൂടി ഇവിടെ ഓർക്കാതെ പോവുന്നത് ശരിയല്ല. ഈ അടയാളങ്ങൾ തിരസ്കരിക്കപ്പെടുമ്പോൾ യഥാർത്ഥത്തിൽ തിരസ്കരിക്കപ്പെടുന്നത് റസൂൽ(സ) തിരുമേനിയുടെ വിശുദ്ധദൗത്യത്തെയാണ്. പ്രവചനം ആ പുണ്യാത്മാവിൽനിന്നുള്ളതാണ്. അത് പുലരേണ്ടത് ആ പുണ്യാത്മാവിന്റെ സത്യസംസ്ഥാപനത്തിന് ആവശ്യവുമാണ്.

എന്നാൽ മഹാഭൂരിപക്ഷത്തെ മാറ്റിനിർത്തിയാൽ നിരവധി പേർ ഈ പ്രവചനത്തിന്റെ പുലർച്ചയിൽ ആവേശഭരിതരായി ഖാദിയാൻ സന്ദർശിച്ച ചരിത്രം നമ്മുടെ മുമ്പിലുണ്ട്. അവരിൽ പലരും ഹസ്റത്ത് അഹ്മദ്(അ)ന്റെ കയ്യിൽ ബൈഅത്ത് ചെയ്തുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. പ്രവചനത്തിന് സാക്ഷികളായി ദൂരദിക്കുകളിൽ നിന്നുപോലും സത്യാന്വേഷികൾ വാഗ്ദത്ത മഹ്ദിയെത്തേടി വന്നു എന്നതും പ്രസ്താവ്യമാണ്. അതിലൊരാൾ ട്രിപ്പോളിയിൽനിന്നുള്ള മുഹമ്മദ് സയ്യിദ് നിശാർ ഹൊമയ്ദി ശാമിയാ ആണ്. അദ്ദേഹം ബൈഅത്ത് ചെയ്ത് മാസങ്ങളോളം ഖാദിയാനിൽ താമസിക്കുകയും ചെയ്തു. മക്കയിൽനിന്ന് മുഹമ്മദ്ബിൻ അഹ്മദും ഇതുപോലെ ഹസ്റത്ത് അഹ്മദി (അ)ൽ ആകൃഷ്ടനായിക്കൊണ്ട് ഖാദിയാനിലെത്തുകയുണ്ടായി. ഈ പട്ടിക ഇനിയും നീട്ടാവുന്നതേയുള്ളൂ. ▯

ഖുത്വ്ബയിൽനിന്ന്

# ഉത്തമ മാതൃക

**ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)**

വിശുദ്ധഖുർആനിൽ തിരുനബിയെക്കുറിച്ച് അല്ലാഹു പറയുന്നു: "നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഉത്തമ മാതൃകയുണ്ട്. (*33:22*) തിരുനബിയുടെ മാതൃകാജീവിതത്തിൽനിന്നുള്ള ചില നിമിഷങ്ങൾ ചുവടെ ചേർക്കുന്നു.

ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: സൽസ്വഭാവത്തിന്റെ കാര്യത്തിൽ നബി(സ)യെക്കാൾ വലിയ ഉടമസ്ഥൻ വേറെയാരുമുണ്ടായിരുന്നില്ല. നബി(സ)യുടെ സ്വഹാബിമാരോ, വീട്ടിലുള്ള ആരെങ്കിലുമോ നബി(സ)യെ വിളിച്ചാൽ അവരുടെ വിളിക്ക് അവിടന്ന് ഉടനെ മറുപടി നല്കുമായിരുന്നു. ഹസ്റത്ത് ജരീർ ബിൻ അബ്ദുല്ലാ പറഞ്ഞു: ഞാൻ ഇസ്ലാം സ്വീകരിച്ച കാലംമുതൽ നബി(സ) എന്നെ നോക്കുമ്പോഴും നോക്കാത്തപ്പോഴുമെല്ലാം അവിടന്ന് മന്ദഹാസത്തോടെയിരിക്കുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. നബി(സ) തന്റെ സ്വഹാബിമാരോട് തമാശയും പറയുമായിരുന്നു. അവരുമായി ഇടപഴകുകയും സംസാരിക്കുകയും ചെയ്തിരുന്നു. അവരുടെ കുട്ടികളെ ഓമനിച്ചിരുന്നു. അതായത് നേരംപോക്കും തമാശയും പറയുകയും അവരെ തന്റെ മടിയിൽ ഇരുത്തുകയും ഓരോരുത്തരും വിളിക്കുമ്പോൾ അതിനുത്തരം നല്കുകയും ചെയ്തിരുന്നു. അവർ സ്വതന്ത്രരായാലും വേണ്ടില്ല അടിമകളായാലുംവേണ്ടില്ല അടിമസ്ത്രീയായാലും വേണ്ടില്ല ദരിദ്രരായാലും വേണ്ടില്ല. ദൂരെ നഗരാതിർത്തിയിൽ താമസിക്കുന്നവരാണെങ്കിലും നബി (സ) രോഗികളെ സന്ദർശിക്കാൻ പോവുകയും ഒന്നും ചെയ്യാൻ കഴിവില്ലാത്തവരുടെ ക്ഷമായാചനം സ്വീകരിക്കുകയും ചെയ്തു. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. സംസാരിക്കുന്നതിനായി തന്റെ മുഖം ആരെങ്കിലും നബി(സ)യുടെ ചെവിയോട് അടുപ്പിച്ചാൽ, പറയുന്നയാൾ സ്വയം തന്റെ മുഖം മാറ്റുന്നതുവരെ അവിടന്ന് തല പിന്നോട്ട് നീക്കുമായിരുന്നില്ല. അന്യോന്യം കണ്ടുമുട്ടുമ്പോൾ സലാം ചൊല്ലുകയും കൈകൊടുക്കുകയും ചെയ്യുന്നതിൽ അവിടന്ന് മുന്നിട്ടുനില്ക്കുകയും കൈ പിടിച്ചാൽ മറ്റേയാൾക്കു മുമ്പേ കൈ വലിക്കാതിരിക്കുകയും ചെയ്തിരുന്നു. തന്റെ കൂട്ടുകാർക്കിടയിൽ ഒരിക്കലും നബി(സ) കാലു നീട്ടിയിരുന്നില്ല. ആരുവന്നാലും അവിടന്ന് അവരെ ആദരിക്കുകയും ചില ഘട്ടങ്ങളിൽ അവർക്കിരിക്കാൻ തുണി വിരിക്കുകയും ചെയ്തിരുന്നു. അല്ലെങ്കിൽ താനുപയോഗിക്കുന്ന തലയിണ അവർക്ക് കൊടുക്കുകയും അതിലിരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തിരുന്നു. തന്റെ സ്വഹാബത്തിനെ അവരുടെ ഓമനപ്പേരിലും അവരിഷ്ടപ്പെടുന്ന പേരിലുമാണ് വിളിച്ചിരുന്നത്. ആരുടെ സംസാരത്തെയും തടഞ്ഞിരുന്നില്ല. നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ആരെങ്കിലും കാണാൻ വന്നതായി അറിഞ്ഞാൽ

---

**അല്ലാഹുവിന്റെ തഖ്ദീർ**

പ്രവാചകശ്രേഷ്ഠനായ നബിതിരുമേനിയുടെ പ്രവചനമാണിത്. ഇത് പുലരുന്ന കാഴ്ച അത്യാഹ്ലാദത്തോടെ മാത്രമേ മുസ്ലിംലോകത്തിന് ദർശിക്കാനാവൂ. നിശ്ചിതനൂറ്റാണ്ടിൽ, നിശ്ചിതമാസത്തിൽ, നിശ്ചിതദിവസങ്ങളിൽ സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടാവുമ്പോൾ അല്ലാഹുവിന്റെ ആ ദൂതന്റെ ഉണ്മയെ സൂര്യചന്ദ്ര ഗ്രഹങ്ങൾ, ഭൂമിയും സാക്ഷ്യം വഹിക്കുകയാണ് ചെയ്യുന്നത്. ഇത് മഹ്ദിയുടെ അടയാളമാണെന്ന് പറയുമ്പോൾ ഈ അടയാളങ്ങൾ പ്രദർശിപ്പിക്കപ്പെടുന്ന അവസരത്തിൽ സാത്വികനായ ഒരു വ്യക്തി മഹ്ദീവാദം പുറപ്പെടുവിച്ചിരിക്കണം. ഈ അടയാളം പ്രത്യക്ഷപ്പെടുന്നതിന് മൂന്നു വർഷങ്ങൾക്കുമുമ്പുതന്നെ സാത്വികനും ഭക്തനും എല്ലാ നിലയിലും മുസ്ലിംലോകത്താൽ മുക്തകണ്ഠം വാഴ്ത്തപ്പെട്ടവനും ആയ ഒരാൾ താൻ വാഗ്ദത്ത മഹ്ദിയാണെന്ന അവകാശവാദം പുറപ്പെടുവിച്ചിരുന്നു എന്നതാണ് വസ്തുത. അപ്പോൾ അല്ലാഹുവിന്റെ തഖ്ദീറിനെ തുറന്നകണ്ണുകളോടെ നോക്കിക്കാണുവാനും മുൻവിധി കൂടാതെയും സത്യഹൃദയത്തോടെയും ഈ സംഭവങ്ങളെയൊക്കെ കൂട്ടിവായിക്കുവാനും മനുഷ്യർ സന്നദ്ധരാകേണ്ടതുണ്ട്. അങ്ങനെ തയ്യാറെടുക്കുമ്പോൾ മഹ്ദീമസീഹിന്റെ വിശാലമായ ഒരു ലോകം അത്തരക്കാരുടെ മുമ്പിൽ മലർക്കെ തുറക്കപ്പെടുന്നു. ആ ലോകത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ അനേകം അടയാളങ്ങളുടെ കൂട്ടത്തിൽ ഒരടയാളം മാത്രമായി അവർക്കനുഭവപ്പെടും; സംശയമില്ല. •

അവിടന്ന് ദീർഘമായി നമസ്കരിക്കാതെ ലഘുവാക്കുമായിരുന്നു. അയാളുടെ ആവശ്യം നിറവേറ്റിയതിനുശേഷം വീണ്ടും നമസ്കരിക്കുമായിരുന്നു. ഖുർആൻ ഇറങ്ങുമ്പോഴും മതോപദേശങ്ങൾ നല്കുമ്പോഴും ഖുത്ബ കൊടുക്കുമ്പോഴുമല്ലാത്ത അവസരങ്ങളിൽ സദാ നബി(സ) ജനങ്ങളിലേറ്റവുമധികം മന്ദസ്മിതനും പ്രസന്നവദനനുമായി കാണപ്പെട്ടിരുന്നു. നോക്കുക, ജീവിതഭാരത്തിന്റെയും ഉത്തരവാദിത്തങ്ങളുടേയും ചിന്തകളുടേയും ശത്രുക്കളുടെ ഭാഗത്തുനിന്നുള്ള കുത്തിപ്പറയലിന്റെയും ബുദ്ധിമുട്ടിക്കലിന്റേയുമെല്ലാം ഭാരം കുറയ്ക്കുന്നതിനുവേണ്ടി തന്റെ രക്ഷിതാവിന്റെ സന്നിധിയിൽ അവിടന്ന് ഹാജരാകുന്നു. എന്നാൽ, ആരെങ്കിലും കാണാൻ വന്നാലോ അവരുടെ കാര്യം ആദ്യം കേൾക്കുകയെന്നതാണ് ഉൽകൃഷ്ടസ്വഭാവത്തിന്റെ തേട്ടം. ക്ഷണത്തിൽ നമസ്കാരം ലഘുവാക്കുകയും എന്തിനാണ് വന്നതെന്ന് ചോദിച്ചുകൊണ്ട് മന്ദസ്മിതനായി അകത്തുനിന്നു ഇറങ്ങിവരികയും ചെയ്യുന്നു. അല്ലാഹു നിർദ്ദേശിച്ച പാഠങ്ങൾക്കനുസരിച്ച് ഈ ഉൽകൃഷ്ടസ്വഭാവങ്ങൾ ലോകത്ത് സ്ഥാപിക്കാനും ജനങ്ങൾക്ക് മാതൃകയായി തീരാനുമാണ് ഇതെല്ലാം സഹിക്കുന്നത്.

കുടുംബജീവിതം എങ്ങനെയായിരുന്നു? വേണമെങ്കിൽ ഒന്നു വിളിച്ചാൽ മുഴുഗ്രാമവും അവിടത്തെ സേവനത്തിന് സന്നദ്ധരാണ്. പക്ഷെ, ഉൽകൃഷ്ട സ്വഭാവങ്ങൾ നിലനാട്ടുന്നതിന് വേണ്ടിയായിരുന്നല്ലോ അവിടന്ന് വന്നത്. അതുകൊണ്ട് വ്യക്തിപരമായ തന്റെ പ്രവൃത്തികളിൽ ആരിൽനിന്നും സഹായം തേടിയില്ല.

ഹസ്റത്ത് അബൂസഈദ് ഖുദ്രി(റ) നിവേദനം ചെയ്യുന്നു. നബി(സ)യുടെ ജീവിതം വളരെ വളരെ ലളിതമായിരുന്നു. ഒരു പ്രവൃത്തിയും വെറുപ്പോടെ കണ്ടിരുന്നില്ല. തന്റെ ഒട്ടകത്തിന് സ്വയം തീറ്റ കൊടുക്കും. വീട്ടുജോലികൾ ചെയ്യും. ചെരുപ്പുകൾ നന്നാക്കും. ഉടുപ്പു കീറിയാൽ കണ്ടം വെച്ച് തയ്ക്കും. ആടുകളെ കറന്നെടുക്കും. ജോലിക്കാരെ തന്റെ കൂടെയിരുത്തി ഭക്ഷണം കഴിപ്പിക്കും. മാവുകുഴയ്ക്കുമ്പോൾ അവർ ക്ഷീണിച്ചാൽ സഹായിക്കും. അങ്ങാടിയിൽനിന്ന് വീട്ടുസാധനങ്ങൾ വാങ്ങിവരുന്നതിൽ നാണിച്ചിരുന്നില്ല. സമ്പന്നന്മാർക്കും ദരിദ്രന്മാർക്കും കൈകൊടുക്കും. മുന്നിട്ടുസലാം പറയും. നിസ്സാരമായ കാരക്കകൊണ്ട് ആരെങ്കിലും സൽക്കരിച്ചാൽ അവിടന്ന് അത് തരംതാണതായി കണ്ടിരുന്നില്ല. അവിടന്ന് അത് സ്വീകരിച്ചു. അവിടന്ന് അങ്ങേയറ്റം സഹതാപിയും മൃദുസ്വഭാവിയും വിനയപ്രകൃതിയുമുള്ള ആളായിരുന്നു. അവിടത്തെ ജീവിതരീതി അങ്ങേയറ്റം വെടിപ്പും വൃത്തിയുമുള്ളതായിരുന്നു. സന്തോഷത്തോടെ ജനങ്ങളോട് പെരുമാറിയിരുന്നു. അവിടത്തെ മുഖത്ത് എപ്പോഴും പുഞ്ചിരി കളിയാടി. അവിടന്ന് വാതുറന്ന് ചിരിക്കുമായിരുന്നില്ല. അല്ലാഹുവിനോടുള്ള ഭയത്താൽ സദാ ചിന്താമഗ്നനായിരുന്നു. പരുഷമായ സംസാരമോ ശുഷ്കാവസ്ഥയോ പേരിനുപോലുമുണ്ടായിരുന്നില്ല. അങ്ങേയറ്റം വിനയാന്വിതനായിരുന്നു. എന്നാൽ, ബലഹീനതയുടെയും ധൈര്യമില്ലായ്മയുടെയും കലർപ്പൊന്നും അതിലുണ്ടായിരുന്നില്ല. വലിയ ധർമ്മിഷ്ഠനായിരുന്നു. പക്ഷെ, അനാവശ്യ ചെലവുകളിൽനിന്നെല്ലാം എപ്പോഴും അകന്നുനിന്നു. മൃദുഹൃദയനും ദയാമയനും ഉദാരനുമായിരുന്നു. ഓരോ മുസൽമാനോടും ദയയോടെ പെരുമാറി. ഏമ്പക്കം വിടുംവിധം വയറുനിറച്ച് തിന്നിരുന്നില്ല. അത്യാഗ്രഹത്തോടും അതിമോഹത്തോടും കൂടി ആരുടെ മുമ്പിലും കൈനീട്ടിയിരുന്നില്ല. മറിച്ച്, ക്ഷമിക്കുകയും നന്ദി കാണിക്കുകയും ഉള്ളതിൽ തൃപ്തനാകുകയും ചെയ്തിരുന്നു. ഈ ക്ഷമയും നന്ദിയും ഭവ്യതയും ചെറുപ്പത്തിൽതന്നെ അവിടത്തെ പ്രകൃതിയിൽ അല്ലാഹു സൃഷ്ടിച്ചിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)യുടെ പിതൃസഹോദരി കുട്ടികൾക്ക് ഭക്ഷണമോ മറ്റോ കൊടുക്കുമ്പോൾ അവിടന്ന് ഭവ്യതയോടെ ഒരു ഭാഗത്ത് മാറിയിരിക്കുകയും വിളിക്കുമ്പോൾ വളരെ ഭവ്യതയോടെ ചെന്ന് വാങ്ങി കഴിക്കുകയും ചെയ്തിരുന്നു.

നബി(സ)യുടെ സംസാരം എങ്ങനെയായിരുന്നു. ഹസ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) നിറുത്തി നിറുത്തിയാണ് സംസാരിച്ചിരുന്നത്. അവിടത്തെ സംസാരങ്ങൾ പദങ്ങളായെണ്ണിക്കണക്കാക്കാവുന്നത്ര സ്പഷ്ടമായിരുന്നു. ജനങ്ങൾ വ്യക്തമായും കാര്യങ്ങൾ മനസ്സിലാക്കുന്നതിനും സംശയങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വേണ്ടിയാണ് അവിടന്ന് നിറുത്തി നിറുത്തി സംസാരിച്ചിരുന്നത്. ഇന്നകാര്യം മനസ്സിലായില്ല എന്ന് ആർക്കും പറയാൻ ഇടവരരുത്. എങ്കിലും ആരെങ്കിലും ചോദ്യം ആവർത്തിച്ചാൽ സാവധാനത്തോടെ സമാധാനം പറഞ്ഞിരുന്നു. ചിലപ്പോൾ ചില കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറയുമായിരുന്നുവെന്ന് നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അവിടത്തെ മനോഹരമായ സംസാരശൈലിയേയും ഉത്കൃഷ്ടസ്വഭാവത്തേയും കുറിച്ച് ഹസ്റത്ത് ഹസ്സൻ ബിൻ അലി(റ) വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ മാതുലൻ ഹിന്ദ്ബിൻ അബീഹാലായോട്, നബി(സ)യുടെ സംസാരരീതിയെക്കുറിച്ച് ചോദിച്ചു. അദ്ദേഹം പറഞ്ഞു നബി(സ) സദാ ഗാഢചിന്തയിലായിരിക്കുന്നതുമാതിരി തോന്നിയിരുന്നു; ഏതോ ചിന്തകാരണത്താൽ എന്തോ അസ്വസ്ഥതപോലെ.



ശേഷം 20-ാം പേജിൽ

അധികവും അവിടന്ന് മൗനംപാലിച്ചു. അനാവശ്യ മായി സംസാരിച്ചിരുന്നില്ല. സംസാരിക്കുമ്പോൾ വ്യക്തമായും വിശദമായും കാര്യങ്ങൾ പറഞ്ഞു. അവിടത്തെ സംസാരം ഹ്രസ്വവും എന്നാൽ സാഹിത്യ സമ്പുഷ്ടവും അർത്ഥ ഗാംഭീര്യമുള്ളതും യുക്തിഭദ്രവും എല്ലാ വിഷയവും ഉൾകൊള്ളുന്ന തും, എന്നാൽ അമിതമായ വാക്കുകൾ ഇല്ലാ ത്തതുമായിരുന്നു. അതിലെന്തെങ്കിലും കുറവോ സംശയമോ ഉണ്ടാകുമായിരുന്നില്ല. ആരെയും അപ മാനിക്കുകയോ നിന്ദിക്കുകയോ ചെയ്തിരുന്നില്ല. പരിഹസിക്കുകയോ അവഹേളിക്കുകയോ ചെയ്തി രുന്നില്ല. ചെറുതിൽ ചെറുതായ അനുഗ്രഹത്തെ പോലും വലുതായി കാണുകയും അല്ലാഹുവിന് ശുക്ർ ചെയ്യുകയും ചെയ്തിരുന്നു. കൃതജ്ഞത യുടെ വർണ്ണം വളരെ വ്യക്തമായിരുന്നു. രുചിക രമോ അരുചികരമോ ആയതിന്റെ അടിസ്ഥാന ത്തിൽ അശനപാനീയവസ്തുക്കളെ പുകഴ്ത്തു കയോ ഇകഴ്ത്തുകയോ ചെയ്തിരുന്നില്ല. എപ്പോഴും മധ്യമനിലയായിരുന്നു അവിടത്തെ രീതി. ഏതെങ്കിലും ഭൗതികകാരണത്താൽ ആരെയെ ങ്കിലും ദുഷിക്കുകയോ ദ്വേഷപ്പെടുകയോ ചെയ്തി രുന്നില്ല. എന്നാൽ, ആരുടെയെങ്കിലും അവകാശം ധ്വംസിക്കപ്പെട്ടാൽ, പിന്നെ അവിടത്തെ ദ്വേഷത്തി നുമുമ്പിൽ ആർക്കും പിടിച്ചുനിൽക്കാൻ കഴിഞ്ഞി രുന്നില്ല. അതിന്റെ പ്രതിവിധി ഉണ്ടാകാത്തിട ത്തോളം സ്വസ്ഥനായി ഇരുന്നതുമില്ല. സ്വന്തം കാര്യ ത്തിനായി ഒരിക്കലും കോപിച്ചിരുന്നില്ല. അതിന് പക രം വീട്ടിയിരുന്നുമില്ല. എന്തെങ്കിലും ആംഗ്യം കാണി ക്കുകയാണെങ്കിൽ മുഴുകൈ കൊണ്ടും കാണിക്കു മായിരുന്നു. വിരലുമാത്രം ചലിപ്പിക്കുമായിരുന്നില്ല. അത്ഭുതം പ്രകടിപ്പിക്കുമ്പോൾ കൈ കമഴ്ത്തിവെ ക്കുമായിരുന്നു. ഏതെങ്കിലും കാര്യം പറയുമ്പോൾ കൈകൊണ്ട് ശക്തി ചെലുത്തി പറയണമെങ്കിൽ വലതുകൈയുടെ ഉള്ളംകൈയിൽ ഇടതുകൈ യിലെ തള്ളവിരൽകൊണ്ട് അമർത്തുമായിരുന്നു. അനിഷ്ടകരമായ എന്തെങ്കിലും കണ്ടാൽ മുഖം തിരി ച്ചുകളയും. ചിരിക്കുമ്പോൾ കണ്ണുകൾ അല്പം അടഞ്ഞിരിക്കും. വാതുറന്ന് ചിരിക്കുമായിരുന്നില്ല. ചിരി വരുമ്പോൾ മുഖം പ്രസന്നമാകുകയും പുഞ്ചി രിതൂകുകയും ചെയ്തിരുന്നു. മഴക്കാലത്ത് പെയ്യുന്ന ആലിപ്പഴം പോലെ ചിരിക്കുമ്പോൾ പല്ല് പ്രകടമായിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ആ മനുഷ്യൻ തന്റെ വ്യക്തിത്വംകൊണ്ടും ഗുണങ്ങൾ കൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും തന്റെ കർമ്മവും തന്റെ ആത്മീയതയും പരിശുദ്ധമായ ശക്തിപ്രഭാവവും കൊണ്ടും തികവുറ്റ മാതൃക പ്രവർത്തനപരവും ജ്ഞാനപരവും സത്യപരവും ദൃഢപരവുമായ നിലയിൽ കാണിച്ചു. അങ്ങനെ സമ്പൂർണ്ണ മനുഷ്യൻ എന്നു പറയപ്പെട്ടു. അദ്ദേഹം ഏറ്റവുമധികം പരിപൂർണ്ണനും സമ്പൂർണ്ണമനുഷ്യ നുമായിരുന്നു. സമ്പൂർണ്ണനബിയായിരുന്നു. സമ്പൂർണ്ണമായ അനുഗ്രഹങ്ങളുമായി വന്നു. ജന ങ്ങളുടെ അക്രമം കാരണത്താൽ ലോകത്ത് ആദ്യത്തെ ഖിയാമത്ത് പ്രകടമായ കാലത്തായിരു ന്നു അദ്ദേഹത്തിന്റെ ആഗമനം. മരിച്ചുകിടന്ന ഒരു ലോകം ജീവിച്ചു. ആ അനുഗ്രഹീതനബി ഹസ്റത്ത് ഖാത്തമുന്നനബിയ്യിൽ, ഇമാമുൽ അസ്ഫിയാഅ്, ഖാത്തമുൽ മുർസലീൻ, ഫഖറുന്നബിയ്യീൻ ജനാബ് മുഹമ്മദ് മുസ്തഫാ(സ) ആണ്. അല്ലാഹുവേ, ഈ പ്രിയങ്കരനായ നബിയുടെമേൽ ലോകാരംഭം മുതൽ ഇതുവരെ ആരിലും ചൊരിയാത്ത സ്വലാത്തും സ്വലാമും ചൊരിയേണമേ. ഈ മഹാ നായ പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നെ ങ്കിൽ എത്രത്തോളം ചെറിയ ചെറിയ നബിമാർ ലോകത്ത് വന്നുവോ അതായത് യൂനുസ്, ലൂത്ത്, മസീഹുബ്നുമർയം, മലാഖി, യഹ്യ, സകരിയ്യ(അ) തുടങ്ങിയവരെപ്പോലെ- അവരുടെ സത്യതയ്ക്ക് നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടായിരുന്നില്ല. അവരെല്ലാവരും ദൈവസാമീപ്യം പ്രാപിച്ചവരും അല്ലാഹുവിന്റെ പ്രിയപ്പെട്ടവരുമായിരുന്നുവെങ്കിലും ഇവരെല്ലാം സത്യവാന്മാരായി മനസ്സിലാക്കപ്പെടു ന്നത് നമ്മുടെ നബിയുടെ ഔദാര്യമാണ്.

അല്ലാഹുവേ നീ അദ്ദേഹത്തിൽ നിന്റെ സമാ ധാനവും കാരുണ്യവും അനുഗ്രഹങ്ങളും ഇറക്കേ ണമേ. അദ്ദേഹത്തിന്റെ കുടുംബത്തിലും അദ്ദേഹ ത്തിന്റെ സഹാബിമാരിലും നീ അനുഗ്രഹങ്ങൾ ഇറ ക്കേണമേ. (*ഖുത്ബ, 25.2.2005*)

●

## അറിയിപ്പ്

മജ്ലിസ് അൻസാറുല്ലാ നടത്തുന്ന ദീനിപ രീക്ഷ 2005-ലെ സിലബസ്സിൽ 'ദീനീ മഅ്ലൂ മാത്ത് കാ ബുൻയാദി നിസാബ്' എന്ന ഉറുദു ഗ്രന്ഥത്തിന്റെ 104 മുതൽ 154 വരെയുള്ള പേജു കളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നേരത്തെ അറി യിച്ച സർക്കുലറിൽ നൽകിയിരിക്കുന്ന പേജ് ശരിയല്ല. സയീമുമാർ ഇത് ശ്രദ്ധിക്കുക. ഇതിന്റെ വിവർത്തനം ഉടനെ പ്രസിദ്ധീകരിക്കുന്നതായി രിക്കും. – *നാസിം അൻസാറുല്ലാഹ് കേരള*

സത്യമിത്രത്തിലേക്കുള്ള ലേഖനങ്ങളും റിപ്പോർട്ടുകളും താഴെകാണുന്ന വിലാസത്തിൽ അയക്കുക.

*എഡിറ്റർ സത്യമിത്രം,*
*അഹ്മദിയ്യാ മുസ്ലിം കോംപ്ലക്സ്*
*കണ്ണൂർ- 670 001*

# നുറുങ്ങ് സംഭവങ്ങളുടെ അനർഘ നിമിഷങ്ങൾ

കെ. പി. അഹ്മദ്

നർമ്മത്തിന്റെ നുറുങ്ങുകൾ കൊണ്ട് ഉരുളക്കുപ്പേരി പോലെ മറുപടി പറഞ്ഞ ചില പ്രതിഭകളെ കുറിച്ച്.

**കറുത്ത ബാഡ്ജ്**

വർഷങ്ങൾക്ക് മുമ്പ് തലശ്ശേരിയിൽ സംഘടിപ്പിക്കപ്പെട്ട അഹ്മദിയ്യാ സംസ്ഥാന സമ്മേളനമാണ് പശ്ചാത്തലം! ഇതിനോടനുബന്ധിച്ച് വിപുലമായ പ്രചാരണ സംരംഭങ്ങൾ നേരത്തേ ആസൂത്രണം ചെയ്തിരുന്നു! എന്നാൽ പ്രചാരണം തുടങ്ങിയതോടെ രൂക്ഷമായ എതിർപ്പും അവിടെ അരങ്ങേറി! ചില പൗരമുഖ്യന്മാരുടെ അനുഗ്രഹാശിസ്സുകളോടെ തെരുവ് ഗുണ്ടകൾ അഹ്മദികളെ ഭീഷണിപ്പെടുത്താനും പരിഹസിക്കാനും റോഡുനീളെ അലഞ്ഞു നടന്നു! പോസ്റ്ററുകളും ബാനറുകളും പലയിടങ്ങളിലും നശിപ്പിക്കപ്പെട്ടു! പ്രചാരണത്തിന് പോയവരിൽ നിന്ന് അഹ്മദിയ്യാ സാഹിത്യങ്ങൾ തട്ടിത്തെറിപ്പിച്ചു! സമ്മേളന നഗറിലും അവർ കുഴപ്പമുണ്ടാക്കുമെന്ന് തോന്നിയപ്പോൾ പ്രതിനിധികൾ ഒന്നടങ്കം ബാഡ്ജ് ധരിക്കാൻ തീരുമാനിച്ചു! കറുപ്പിൽ വെളുത്ത മിനാരം പ്രിന്റ് ചെയ്ത ബാഡ്ജ്!

അങ്ങനെ ബാഡ്ജ് ധരിച്ച അഹ്മദികൾ നഗരത്തിന്റെ പലഭാഗങ്ങളിലും ഒറ്റയായും ചെറുസംഘങ്ങളായും കടന്നു പോയപ്പോൾ ശത്രുക്കൾ പരിഹാസത്തോടെ അതൊക്കെ വീക്ഷിക്കുന്നുണ്ടായിരുന്നു! ഈ സന്ദർഭത്തിലാണ് മൂന്നുപേരടങ്ങുന്ന വൃദ്ധന്മാരായ ചില അഹ്മദികൾ ഒ.വി. റോഡിലെത്തിയത്! കൂട്ടത്തിൽ പ്രായാധിക്യമുള്ള ആളും വാണിയമ്പലത്തെ ജനാബ് സി.കെ. അലവിസാഹിബിന്റെ പിതാവുമായ മർഹൂം സി.കെ. കുട്ട്യാലി സാഹിബിനോട് ഗുണ്ടാസംഘത്തിലെ ഒരു ചെറുപ്പക്കാരൻ മുന്നോട്ട് കടന്നുവന്നു ചോദിച്ചു-

ഉപ്പാപ്പ കറുത്ത ബാഡ്ജാണല്ലൊ കുത്തിയിരിക്കുന്നത്; ആരാണ് ഉപ്പാപ്പ മരിച്ചത്?

ചോദ്യകർത്താവിനെ ഒരു നിമിഷം നോക്കിയതിനു ശേഷം വന്ദ്യവയോധികനായ കുട്ട്യാലി സാഹിബ് പറഞ്ഞു.

ഈസാനബിതന്നെ മോനേ മരിച്ചത്. പിന്നാരാ?

**ആടും താടിയും**

പഴയങ്ങാടിയിലെ പരേതനായ ജനാബ് ബി. മുഹമ്മദ് അഹ്മദ് സാഹിബ് മലബാരി പറഞ്ഞുകേട്ട ഒരു സംഭവമാണിത്.

മർഹൂം മൗലൗനാ ബി. അബ്ദുല്ലാഹ് സാഹിബും അദ്ദേഹത്തിന്റെ സഹോദരൻ മർഹൂം ബി.അബ്ദുർറഹീം സാഹിബും (എ.ആർ. മലബാരി) ഖാദിയാനിൽ പഠിക്കുന്ന കാലം! യുവത്വത്തിലേക്ക് കാലൂന്നിയ മൗലാനാ അബ്ദുല്ലാഹ് സാഹിബിന് ആദ്യമായി വളർന്നുവന്ന നീണ്ട ഒരു കന്നി താടിയുണ്ടായിരുന്നു! ഒരു ദിവസം ഖാദിയാന്റെ പരിസരത്ത് എവിടെയെല്ലാമോ ചുറ്റിക്കറങ്ങിവന്ന അബ്ദുർറഹീം സാഹിബ് പറഞ്ഞു.

ഞാൻ വരുന്ന വഴിയിൽ ഒരു ആടിനെ കണ്ടു. അതിനൊരു താടിയുണ്ടായിരുന്നു. അതുകണ്ടപ്പോൾ ഞാൻ ഇക്കാക്കാ യെ ഓർത്തു പോയി.

അനിയന്റെ തമാശ ആസ്വദിച്ച അബ്ദുല്ലാഹ് സാഹിബ് ചിരിച്ചു കൊണ്ട് ചോദിച്ചു.

എന്നിട്ട് നീയാ ആടിനെ ഇക്കാക്കാ എന്നു വിളിച്ചോ?

**ഒരു മോതിര പ്രശ്നം**

ആശയാദർശങ്ങളുമായി കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന പൊരുത്തക്കേടുകളും വിയോജിപ്പുകളും എന്തായിരുന്നാലും, സാമുദായിക സൗഹാർദ്ദത്തിന് ഉദാത്ത മാതൃക കാണിച്ച നാടാണ് കൊടിയത്തൂർ! കൊടിയത്തൂർ സ്വദേശിയും അഹ്മദിയുമായ പരേതനായ ജനാബ് എ.എം. അബുബക്കർ സാഹിബിന്റെ വിരലിൽ ഖുർആൻ വചനം മുദ്രണം ചെയ്യപ്പെട്ട ഒരു മോതിരമുണ്ടായിരുന്നു! കൊടിയത്തൂരിന്റെ ഗ്രാമീണ സംഗമത്തിൽ വെടിപറഞ്ഞ് നേരം പോക്കാറുള്ള ചായക്കടയിൽവെച്ച് ഒരു അനഹ്മദി സുഹൃത്ത് ഒരു കുസൃതി ചോദ്യമുന്നയിച്ചു.

ഇതെന്താ അബുബക്കറാക്കാ ഖുർആൻ കൊത്തിവെച്ച മോതിരമിട്ടുകൊണ്ടാണോ നിങ്ങൾ മൂത്രപ്പുരയിലും മറ്റും പോകാറുള്ളത്?

ശാന്തനും ചിരിക്കുന്ന പ്രകൃതക്കാരനുമായ അബൂബക്കർ സാഹിബ് കുസൃതിയുടെ നാണയത്തിൽ തന്നെ അതിനൊരു തിരിച്ചടി നൽകി.

അങ്ങനെ നോക്കിയാൽ ഖുർആൻ മനഃപാഠമാക്കിയ ഹാഫിളുമാർ അടിമുടി ഖുർആൻ തന്നെയല്ലേ? അവരാരും മൂത്രമൊഴിക്കാറില്ലേ? ഖുർആനെ ഞങ്ങൾ ആദരിക്കുന്നുണ്ട്. പക്ഷെ; നിന്റെ കുരുത്തംകെട്ട ചോദ്യത്തിന് ഇതേ മറുപടിയുള്ളു.

**ബുദ്ധിയുടെ മാനദണ്ഡം**

കോഴിക്കോട് ജമാഅത്തിലെ ബാപ്പു സാഹിബും (കെ. കോയട്ടി) എം.മൊയ്തീൻകോയ സാഹിബും (മട്ടന്നൂർ) അഹ്മദിയ്യാ അനുഭാവികളായിരുന്ന

ചെറുപ്പകാലം! ഏത് കമ്പിത്തൂണ് കണ്ടാലും തബ്ലീഗ് ചെയ്യാനുള്ള ആവേശമായിരുന്നു അന്ന വർക്കുണ്ടായിരുന്നത്! അബ്ദുല്ലാ എന്ന ഒരു സുഹൃത്ത് ഇവർ രണ്ടു പേരുടേയും തബ്ലീഗി ലൂടെ അനുഭാവിയായിത്തീർന്നു! പക്ഷെ; അബ്ദുല്ല യുടെ അമ്മാവൻ അഹ്മദിയത്തിന്റെ കടുത്ത ശത്രുവായിരുന്നു! ഈ അമ്മാവന്റെ ശാരീരികമായ പ്രത്യേകത അയാൾ ഒരു വലിയ മന്തുകാലിന്റെ ഉടമയായിരുന്നു എന്ന ബഹുമതിയാണ്! തന്റെ മരു മകനുമായുള്ള ബാപ്പു സാഹിബിന്റെയും മൊയ്തീൻ കോയ സാഹിബിന്റെയും അടുപ്പവും സൗഹൃദ ചർച്ചകളും കണ്ട് അരിശംപൂണ്ട അദ്ദേഹം ഒരു ദിവസം രണ്ടുപേരേയും വിളിച്ചു വരുത്തി ചോദിച്ചു.

നിങ്ങളെന്താ ഖാദിയാനിസത്തിന്റെ പിന്നാലെ നടക്കുന്നത്? ഞാനെത്രയോ കാലമായി ഖാദിയാ നികളെ കാണാൻ തുടങ്ങിയിട്ട്. എനിക്ക് ചില ഖാദി യാനി സുഹൃത്തുക്കളുമുണ്ട്. എന്നിട്ട് ഞാൻ ഖാദി യാനിയായോ! ഇല്ല; കാരണം എനിക്ക് ബുദ്ധിയു ണ്ട്. നിങ്ങൾക്കൊന്നും ബുദ്ധിയില്ല.

ഉടനെ ബാപ്പു സാഹിബ് തിരിച്ച് ചോദിച്ചു.

ബുദ്ധിയുടെ മാനദണ്ഡമെന്താണ്? മന്തുകാലും കൂടി വേണമെന്നാണോ?

കോപാകുലനായ അമ്മാവൻ അടിക്കാൻ കൈ പൊക്കിയതോടെ രണ്ടുപേരും ഓടി രക്ഷപ്പെട്ടു! സംഭവമറിഞ്ഞ മർഹൂം മൗലാനാ അബ്ദുല്ലാഹ് സാഹിബിനും ദാറുസ്സലാമിലെ അന്തേവാസി കൾക്കും കൂട്ടച്ചിരിക്ക് അത് വക നൽകി.

**മനുഷ്യരും മീഡിയവും**

വർഷങ്ങൾക്ക് മുമ്പ് മാവൂരിന് സമീപം വാഴ ക്കാട്ട് വെച്ചുള്ള സുന്നി-മുജാഹിദ് വാദപ്രതിവാദ രംഗമാണ് പശ്ചാത്തലം! ഖബർ പൂജയും ഇടതേ ട്ടവും എതിർത്ത മുജാഹിദീങ്ങളോട് സുന്നി മുസ്ല്യാർ ചോദിച്ചു.

അല്ലാഹു താൻതന്നെ ഒരു മലക്കിനെ മീഡിയ മാക്കി വെച്ചിട്ടാണ് നബിയോട് സംസാരിച്ചത്. പിന്നെന്താ മനുഷ്യന്മാർക്ക് ഔലിയാക്കന്മാരെ മീഡിയമാക്കി വെച്ചാൽ.

മുജാഹിദ് പണ്ഡിതന്മാർക്ക് പെട്ടെന്ന് പ്രതിക രിക്കാൻ കഴിഞ്ഞില്ല! മറുപടി പറയാനുള്ള മുജാ ഹിദ് പക്ഷത്തിന്റെ സമയതാമസം മുതലെടുത്തു കൊണ്ട് സുന്നികൾ കൂവാൻ തുടങ്ങി! അപ്പോ ഴേക്കും മുജാഹിദുകളുടെ രക്ഷകനായി ഒരു അഹ്മദി സഹോദരൻ അവിടെ പ്രത്യക്ഷപ്പെട്ടു! അക്കാലത്ത് മാവൂരിൽ കച്ചവടമുണ്ടായിരുന്ന പരേ തനായ ജനാബ് എ.പി. അബൂട്ടി സാഹിബായിരുന്നു അത്! അദ്ദേഹം മുജാഹിദ് മൗലവിയെക്കൊണ്ട് ഇങ്ങനെ മറുപടി പറയിപ്പിച്ചു.

മനുഷ്യർക്ക് മാതൃക നബിയാണ്. നബി എപ്പോ ഴെങ്കിലും ഏതെങ്കിലും മലക്കിനെ വിളിച്ച് ഇതൊന്ന് അല്ലാഹുവിന് എത്തിച്ചു കൊടുത്തേക്ക് എന്നു പറ ഞ്ഞിട്ടുണ്ടോ? ഇല്ല, നബി മീഡിയത്തെ വെക്കാ ത്തതു കൊണ്ട് അത് അനുസരിച്ചാൽ മതി. അല്ലാ ഹുവിന്റെ കാര്യം നമുക്ക് നോക്കേണ്ടതില്ല!

അബൂട്ടി സാഹിബിന്റെ ഈ ഗോൾഡൻ ഗോളി ലൂടെ മുജാഹിദുകൾ വിജയം കണ്ടെത്തി! പരാ ജയം ഏറ്റുവാങ്ങിക്കൊണ്ട് ശിർക്കിന്റെ നെറ്റ് കുലുങ്ങി!

**വെള്ളിയാഴ്ച രാവ്**

നാട്ടിൻപുറത്തെ ഒരു ചായക്കടയിൽ ഏതാനും പേർ സംഭാഷണത്തിലാണ്! ഒരു മുസ്ല്യാരുടെ മര ണമായിരുന്നു അപ്പോഴത്തെ സംസാര വിഷയം! ഈ സംഭാഷണത്തിന്റെ അടിയൊഴുക്കിൽ മറ്റൊരു ലക്ഷ്യവും കൂടി അതിന്റെ കർത്താക്കൾക്കുണ്ടാ യിരുന്നു! അന്തരിച്ച മുസ്ല്യാർ അഹ്മദിയത്തിന്റെ കണ്ഠകോടാലിയാണെന്ന് അറിയപ്പെട്ട ആളാണ്. അതുകൊണ്ട് തന്നെ മുസ്ല്യാരുടെ മഹത്വം സങ്കീർത്തനം ചെയ്ത് സ്ഥാപിക്കാനുള്ള പുറപ്പാ ടാണ് അവിടെ ദൃശ്യമായത്! മുസ്ല്യാരുടെ ഒരു ആരാധകൻ പറഞ്ഞു.

എത്ര നല്ല മരണമായിരുന്നു മുസ്ല്യാരുടേത്. വെള്ളിയാഴ്ച രാവിലല്ലേ അദ്ദേഹം മരിച്ചത്!

ചായ അടിച്ചുകൊണ്ടിരുന്നവൻ ഒരു മീറ്റർ ഉയ രത്തിലേക്ക് ചായ വലിച്ചു നീട്ടിക്കൊണ്ടും, ചായ കുടിച്ചു കൊണ്ടിരുന്നവൻ അമൃത് നുകരുന്ന സംതൃ പ്തിയോടെയും അത് ശരിവെച്ചു കൊണ്ട് തലയാട്ടി.

ബർക്കത്താക്കപ്പെട്ട മരണം തന്നെ!

ഈ സംഭാഷണം ചായക്കടയുടെ ഒരു മൂല യിൽ ഒറ്റയാനായി ഇരിക്കുന്ന പരേതനായ ജനാബ് ഉണ്ണീൻ മൗലവി സാഹിബ് ശ്രദ്ധിക്കുന്നുണ്ടായിരു ന്നു! ഒരു പക്ഷെ; ഉണ്ണീൻ മൗലവി സാഹിബിനെ കേൾപ്പിക്കാൻ കൂടിയായിരിക്കാം ഇങ്ങനെയൊരു സംസാരത്തിന് തുടക്കമിട്ടത്! എന്നാൽ സന്ദർഭോ ചിതമായി പ്രതികരിക്കാൻ ഉണ്ണീൻ മൗലവി സാഹിബ് സടകുടഞ്ഞെഴുന്നേറ്റു! അദ്ദേഹം മുസ്ല്യാ രുടെ ആരാധകനോട് ചോദിച്ചു.

അതല്ല സഹോദരാ....... വെള്ളിയാഴ്ച രാവി നെന്താ ഇത്ര പ്രത്യേകത? ബദ്‌രീങ്ങൾ രക്തസാ ക്ഷികളായത് വെള്ളിയാഴ്ച രാവാണ്, അന്നുതന്നെ യാണ് അബൂജഹൽ കൊല്ലപ്പെട്ടതും! ശഹീദും ജാഹിലും മരിച്ചത് ഒരു ദിവസം തന്നെ. പിന്നെന്താ ഇത്ര പുതുമ?

ഉണ്ണീൻ മൗലവി സാഹിബിന്റെ അപ്രതീക്ഷിത മായ ആക്രമണത്തിൽ ചായക്കടയിൽ ഉദിച്ചുപൊന്തിയ വെള്ളിയാഴ്ച രാവും അതിന്റെ വർണ്ണ മാഹാത്മ്യവും അസ്തമിച്ചു കഴിഞ്ഞിരുന്നു. ●

# അകവും പുറവും

മഹ്മൂദ്, കൽക്കുളം

ആന്തരികമായ പ്രചോദനങ്ങളിൽ നിന്നുൽഭൂതമാകുന്ന കർമ്മങ്ങളാണ് ദൈവസമക്ഷംപരിഗണനാർഹങ്ങളായിത്തീരുന്നത്. ഇസ്‌ലാമിക ദൃഷ്ട്യാ, കർമ്മഫലങ്ങളുടെ അസ്ഥിവാരമുറപ്പിക്കപ്പെട്ടിരിക്കുന്നത് സദുദ്ദേശ്യത്തിലാണ്. കേവലം സദുദ്ദേശ്യത്തിൽ പടുത്തുയർത്തപ്പെടുന്ന സൽകൃത്യങ്ങൾക്കാണ് നിലനില്പും പ്രതിഫലവുമുണ്ടാകുന്നതെന്ന് വിശുദ്ധ ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. സൽകൃത്യങ്ങളെ സംബന്ധിച്ചുള്ള ഖുർആനിക വീക്ഷണം സമുന്നതമാകുന്നു. നിങ്ങളുടെ മുഖങ്ങൾ കിഴക്കും പടിഞ്ഞാറും തിരിക്കുന്നത് പുണ്യമൊന്നുമല്ല. എന്നാൽ അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും അവനോടുള്ള സ്നേഹം നിമിത്തം അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും (ധനസഹായം) ആവശ്യപ്പെടുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ധനം നൽകുകയും നമസ്ക്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും കരാർ ചെയ്താൽ തങ്ങളുടെ കരാർ പാലിക്കുകയും കഷ്ടപ്പാടിലും ദുരിതാവസ്ഥയിലും സഹനം കൈകൊള്ളുകയും യുദ്ധാവസരത്തിൽ സ്ഥിരപാദരായി വർത്തിക്കുകയും ചെയ്യുന്നവരത്രെ സാക്ഷാൽ പുണ്യവാന്മാർ. അവർതന്നെയാണ് (യഥാർത്ഥ) ഭക്തന്മാരും (*2:178*)

പ്രവൃത്തിയെക്കാൾ ശക്തിയുള്ള ഒന്നാണ് സദുദ്ദേശ്യം. സദുദ്ദേശ്യം കർമ്മങ്ങൾക്ക് മഹത്വവും അംഗീകാരവും നൽകുന്നു. കർമ്മം എന്തുമാകട്ടെ, അത് നല്ലതോ തീയ്യതോ എന്ന് വിവേചിച്ചറിയുന്നതിനുള്ള ഉരകല്ലാണ് സദുദ്ദേശ്യം. കർമ്മങ്ങളുടെ ഗുണാഗുണങ്ങൾ മനോധർമ്മമനുസരിച്ചായിരിക്കും (*ബുഖാരി*) ഗഹനവും തത്വാധിഷ്ഠിതവുമായ ഒരു നബി വചനമാണിത്. ഈ നബിവാക്യം നിഷ്കപടവും ആത്മാർത്ഥവുമായ നിലയിൽ സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് വിശ്വാസികൾക്ക് പ്രചോദനം നൽകുന്നു. സൽകൃത്യങ്ങൾക്ക് പിന്നിൽ സ്വാർത്ഥപരമായ വിചാരഗതികൾ നാമ്പെടുക്കുന്നതിനുള്ള സാധ്യത ഇത് ഇല്ലാതാക്കുന്നു. ഉദ്ദേശ്യത്തിലുണ്ടാകുന്ന വ്യതിയാനം കർമ്മത്തിലും പ്രതിഫലിക്കുന്നു. ഒരാളുടെ ആത്മീയ പുരോഗതിക്ക് സഹായിക്കുന്ന അതേ കർമ്മംതന്നെ ഉദ്ദേശ്യത്തിലുണ്ടാകുന്ന വ്യതിയാനംമൂലം മറ്റൊരാളുടെ ദുഷ്കീർത്തിക്കും അപമാനത്തിനുമുള്ള വഴിയായിത്തീരുന്നുമുണ്ട്. ഉദാഹരണത്തിന്, നമസ്ക്കാരം അല്ലാഹുവിന്റെ തൃപ്തി നേടിത്തരുന്ന പ്രവർത്തിയാകുന്നു. എന്നാൽ പരിപൂർണ്ണ ഭക്തിഭാവത്തോടെ നിർവ്വഹിക്കുമ്പോഴാണ് അതൊരാൾക്ക് ദൈവസാമീപ്യം നൽകുന്നത്. ആംഗ്യങ്ങളും ഉരുവിടുന്ന വാചകങ്ങളുമൊക്കെ ഒരുപോലെയാണെങ്കിലും ഒരേസമയത്താണ് അത് അനുഷ്ഠിക്കുന്നതെന്ന് വന്നാലും ഭക്തിഭാവമില്ലാത്ത ഇത്തരം നമസ്ക്കാരം വേറൊരാളെ ശപ്തനാക്കുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ സ്വേച്ഛാപരമായ ചിന്താഗതികളും കപടനാട്യത്തിനുള്ള സാധ്യതകളും അനിവാര്യമായും പരിഗണിക്കപ്പെടുന്നു. നമസ്ക്കരിക്കുന്നവർക്കത്രെ നാശം എന്നാണ് വിശുദ്ധഖുർആൻ പറയുന്നത്. എന്നാൽ നാട്യഭാവത്തോടെ നമസ്ക്കാരം നിർവ്വഹിക്കുന്നവരെ സംബന്ധിച്ചാണ് ഈ ദൈവീക വചനത്തിൽ മുന്നറിയിപ്പ് നൽകുന്നത് (*107:6,7*). തങ്ങളുടെ പ്രാർത്ഥനമൂലം സ്വയം വിന വരുത്തിവെക്കുന്ന ആളുകളും ഉണ്ടാകുമെന്നാണ് ഇതുകൊണ്ടർത്ഥമാക്കപ്പെടുന്നത്. അപ്പോൾ ഉദ്ദേശ്യത്തിലുണ്ടാകുന്ന മാറ്റം പ്രവൃത്തിയുടെ മഹത്വത്തെ ആകമാനം ബാധിക്കുന്നുണ്ട്.

### കാലിക പ്രസക്തി

സദുദ്ദേശ്യം സ്വായത്തമാക്കിക്കൊണ്ട് അനുഷ്ഠിക്കേണ്ട സൽകൃത്യങ്ങൾ വർത്തമാനകാലത്ത് കേവലം പേരിനും പ്രശസ്തിക്കുമായി മാറിയിരിക്കയാണ്. സമൂഹത്തിലെ സ്ഥാനവും പ്രശംസയും കാംക്ഷിച്ചുകൊണ്ട് നന്മകൾ ചെയ്യുന്നവരുണ്ട്. അവരുടെ ഉദ്ദേശ്യം വക്രവും ഇടുങ്ങിയതുമാകുന്നു. ധർമ്മിഷ്ഠനെന്നോ, ഹാജിയെന്നോ, ആരാധനാധികർമ്മങ്ങളിൽ കണിശതയുള്ളവനെന്നോ ഉള്ള സമൂഹത്തിന്റെ പ്രശംസാവാക്കുകളിൽ അവർ സായൂജ്യമടയുന്നു. ഇപ്രകാരം സങ്കുചിതവും വക്രവുമായ രൂപത്തിൽ നന്മകളുടെ നിലവാരം തരംതാണിരിക്കുകയാണ്. എന്നാൽ ഇതു സംബന്ധമായ ഇസ്‌ലാമിക കാഴ്ചപ്പാട് വളരെ ഉന്നതവും ദൈവഭക്തിയിലധിഷ്ഠിതവുമാണ്. തദ്വിഷയകമായി വി. ഖുർആൻ പറയുകയാണ്, “നല്ലവാക്ക് പറയുന്നതും (തെറ്റുകുറ്റങ്ങൾ) മാപ്പ് ചെയ്തുകൊടുക്കുന്നതും, ഉപദ്രവ വാക്കുകൾ പിൻതുടരുന്ന ദാനധർമ്മത്തെക്കാൾ ഉത്തമമാകുന്നു. അല്ലാഹു

സ്വയംപര്യാ പ്തനും സഹിഷ്ണുതയുള്ളവനുമാണ്. വിശ്വസിച്ചവരേ, ചെയ്ത ഉപകാരങ്ങൾ എടുത്തുപറഞ്ഞും ഉപദ്രവവാക്കുകൾ പറഞ്ഞും നിങ്ങളുടെ ദാനധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതെ ജനങ്ങളെ കാണിക്കാനായി തന്റെ ധനം ചെലവ് ചെയ്യുന്നപോലെ (നിങ്ങളാവരുത്)" (*2:264,265*) ഇസ്‌ലാം വിഭാവനം ചെയ്യുന്ന രീതിയിൽ നന്മകൾ അനുഷ്ഠിക്കുമ്പോൾ സമൂഹത്തിൽ അഭിവൃദ്ധിയും സന്തുലിതാവസ്ഥയും സംജാതമാകുമെന്നതിൽ സംശയമില്ല. കർമ്മങ്ങളുടെ ഗുണാഗുണങ്ങൾ ഉദ്ദേശ്യമനുസരിച്ചാണെന്ന നബിവചനം ഇക്കാലത്ത് ഏറെ പ്രസക്തമായിട്ടുള്ള ഒരദ്ധ്യാപനം കൂടിയാകുന്നു.

**ദൈവജ്ഞാന സംപ്രാപ്തി**

ദൈവജ്ഞാന സംപ്രാപ്തിയിലൂടെ മാത്രമാണ് സൽകൃത്യങ്ങളുടെ നിലവാരം ഉയർത്തുവാൻ സാധിക്കുമാറാകുന്നത്. തന്റെ സൂക്ഷ്മാൽ സൂക്ഷ്മമായ ചലനങ്ങൾ പോലും വീക്ഷിച്ചുകൊണ്ടിരിക്കുന്ന സർവ്വശക്തനാണ് ദൈവമെന്ന തിരിച്ചറിവ്, മനുഷ്യനെ കപടനാട്യങ്ങളിൽനിന്ന് വിരക്തനും നിസ്വാർത്ഥനുമാക്കിത്തീർക്കുന്നു. തദ്കിറത്തുൽ ഔലിയാ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം ഒരു പരാമർശം വന്നിട്ടുണ്ട്. സാത്വികനായ ഒരാൾ രഹസ്യമായി പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന സമയത്ത്, അത്ഭുതകരമായ ഒരവസ്ഥ സംജാതമാകുന്നു. ദൈവവുമായുള്ള ആ ബന്ധങ്ങൾ അദ്ദേഹം ഒരിക്കലും വെളിപ്പെടുത്താനാഗ്രഹിക്കുകയില്ല. പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന ആ സമയത്ത് യാദൃശ്ചികമായി വല്ലവരും അവിടെ വന്നാൽ അയാൾ അങ്ങേയറ്റം ലജ്ജിതനായിത്തീരുന്നു. വ്യഭിചാരം നടത്തുന്നവേളയിൽ പിടിക്കപ്പെട്ട ഒരു വ്യഭിചാരി എപ്രകാരം ലജ്ജിതനാകുന്നുവോ അതുപോലെ (*മൽഫൂസാത്ത്*) ആളുകളെ കാണിക്കാനുള്ളതല്ല തന്റെ കർമ്മങ്ങൾ; മറിച്ച് തന്റെ അന്തഃരംഗത്തുള്ള വിചാരങ്ങൾപോലും അറിയുകയും ഓരോ അനക്കവും സസൂക്ഷ്മം കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന സർവ്വജ്ഞനായ ദൈവവുമായിട്ടാണ് തന്റെ ബന്ധമെന്ന് സദാബോധമുള്ള ദൈവജ്ഞാനികളായ ആളുകളുടെ കർമ്മങ്ങൾ ഇപ്രകാരമായിരിക്കും. അല്ലാഹുവിന്റെ ഒരു വരിഷ്ഠദാസനായിരുന്ന ഹ. ലുഖ്മാൻ (അ) തന്റെ മകന് നൽകിയ ഉപദേശം വി. ഖുർആൻ ഇപ്രകാരം ഉദ്ധരിക്കുന്നു. എന്റെ പ്രിയപ്പെട്ട മകനേ, അത് (മനുഷ്യന്റെ കർമ്മം) കടുക് മണിത്തൂക്കവുമായിരുന്നാൽ തന്നെയും പിന്നീടത് പാറക്കുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെയായാലും അല്ലാഹു അതിനെ (പ്രതിഫല രംഗത്ത്) കൊണ്ടുവരുന്നതാണ്. അല്ലാഹു സൂക്ഷ്മജ്ഞനും ബോധവാനുമാകുന്നു (*31:17*). ചുരുക്കത്തിൽ, ദൈവജ്ഞാന സംതൃപ്തിയാണ്, മനുഷ്യന്റെ കർമ്മങ്ങൾക്ക് ഓജസ്സും തേജസ്സും നൽകുന്നത്.

**ജീവിതവും സന്ദേശവും**

അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെടുന്ന കർമ്മമേതാണെന്നറിഞ്ഞിരുന്നെങ്കിൽ, തങ്ങൾ അതനുസരിച്ച് പ്രവർത്തിക്കുമായിരുന്നുവെന്ന് ചില സഹാബാക്കൾ അന്യോന്യം പറഞ്ഞുകൊണ്ടിരുന്ന സന്ദർഭത്തിലാണ് നബി(സ) തിരുമേനിക്ക് ഈ ഖുർആനിക വചനം ഇറങ്ങിയത്- വിശ്വസിച്ചവരേ, നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് പറയുന്നു. നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയുകയെന്നത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെ ക്രോധകരമാകുന്നു (*61:3,4*). പറയുന്ന കാര്യങ്ങൾ സ്വകീയ ജീവിതത്തിൽ പകർത്തിക്കാണിക്കുന്നതിനെയാണ് സർവ്വശക്തനായ ദൈവം ഏറ്റവും പ്രിയപ്പെടുന്നത്. പൊതുരംഗത്ത് പുലർത്തേണ്ട ജീവിതശുദ്ധി, സത്യസന്ധത, നീതി തുടങ്ങിയ ധാർമ്മിക കാര്യങ്ങളെപ്പറ്റി വർത്തമാനകാലത്തെ രാഷ്ട്രീയ നേതാക്കന്മാരും മറ്റും വാചകക്കസർത്ത് നടത്തുമെങ്കിലും ഭൂരിഭാഗമാളുകളുടെയും വ്യക്തിജീവിതവും പ്രബോധനവും തമ്മിൽ യാതൊരു പൊരുത്തവും ഉണ്ടാകുന്നില്ല. ജീവിതവും സന്ദേശവും അത്ഭുതകരമായ നിലയിൽ സമന്വയിപ്പിച്ച മഹാപ്രവാചകനായിരുന്നു ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ). ഖുർആനിലെ അനുശാസനങ്ങളോരോന്നും അവിടന്ന് തന്റെ ജീവിതത്തിലൂടെ പ്രതിഫലിപ്പിച്ചു കാണിച്ചു. അവിടത്തെ സ്വഭാവം തന്നെ വി. ഖുർആനായിരുന്നുവെന്നാണ് ഇതുസംബന്ധിച്ചുള്ള ചോദ്യത്തിന് ഹസ്റത്ത് ആയിശാ(റ) നൽകിയ മറുപടി വി.ഖുർആൻ പറയുന്നു: തീർച്ചയായും അല്ലാഹുവിന്റെ ദൂതനിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്. അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നതാരോ അവർക്ക്. (*33:22*) അല്ലാഹു മനുഷ്യന്റെ രൂപവും സമ്പത്തും കുലീനതയും ഒന്നുമല്ല വിലയിരുത്തുന്നത്; മറിച്ച് മനുഷ്യന്റെ ഹൃദയവും കർമ്മവും എപ്രകാരമാണ് എന്ന കാര്യമായിരിക്കും അവൻ പരിശോധിക്കുന്നതെന്ന് തിരുനബി വചനത്തിൽ ഉന്നിപ്പറയുന്നു. നബി(സ) തിരുമേനി തന്റെ മകൾ ഫാത്തിമയെ ജാഗ്രതപ്പെടുത്തിക്കൊണ്ട് പറഞ്ഞു: മകളേ, നീ നിന്നെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുക, അല്ലാഹുവിന്ന് ആരോടും വ്യക്തിബന്ധമില്ല. നിന്റെ പിതാവാരാണെന്ന് പുനരുത്ഥാനനാളിൽ അവൻ ചോദിക്കുന്നതല്ല. നീ ചെയ്ത കർമ്മങ്ങളെന്തെല്ലാമാണ്

എന്നായിരിക്കും അവൻ ചോദിക്കുന്നത്. ഇതുസംബന്ധിച്ച് വാഗ്ദത്തമസീഹ് (അ) പറയുകയാണ്: വാക്കും പ്രവൃത്തിയും എത്രത്തോളം ഒത്തുപോകുന്നുണ്ടെന്ന് ഓരോരുത്തരും പരിശോധിച്ച് നോക്കേണ്ടതാണ്. അതിനാലാണ് ദൈവഭയമുണ്ടാകേണ്ടത്. വാക്കും പ്രവൃത്തിയും പൊരുത്തമില്ലാത്തവൻ ദൈവകോപത്തിന് വിധേയനാണെന്നറിയുക. വാക്കുകൾ എത്ര മനോഹരമാണെങ്കിലും ഹൃദയം ശുദ്ധമല്ലെങ്കിൽ, അല്ലാഹുവിന്റെ പക്കൽ അതിന് യാതൊരു വിലയുമില്ല. മാത്രമല്ല അല്ലാഹുവിന്റെ കോപം ജ്വലിക്കുന്നതുമാണ്. അതിനാൽ ഓരോരുത്തരും തങ്ങളുടെ ബാഹ്യവും ആന്തരികവുമായ അവസ്ഥകൾ എപ്രകാരമാണെന്ന് ചിന്തിക്കേണ്ടതാണ്. ദൗർഭാഗ്യവശാൽ നമ്മുടെ ജമാഅത്തും അകത്തൊന്നും പുറത്ത് മറ്റൊന്നുമാണെങ്കിൽ അതിന്റെ പര്യവസാനം ശുഭകരമായിരിക്കുകയില്ല. അധരം വാചാലവും എന്നാൽ ഹൃദയം ശൂന്യവുമായ ജമാഅത്തിനെയാണ് അല്ലാഹു കാണുന്നതെങ്കിൽ അവൻ അതിനെ വിലകല്പിക്കുന്നതേയല്ല. കാരണം അവൻ പരാശ്രയരഹിതനാണ്. ഹൃദയവുമായി ബന്ധമില്ലാത്ത നാവിന്മേൽ മാത്രമായ വിശ്വാസം അശുദ്ധവും ബലഹീനവും വിലയില്ലാത്തതുമാകുന്നു. അത് നിങ്ങൾക്ക് ഈ ലോകത്തിലോ പരലോകത്തിലോ പ്രയോജനപ്പെടുകയില്ല. ഒരാൾ മുഴുമനസ്സാലെ ദൈവത്തിങ്കലേക്ക് ചായുകയും ആത്മധർമ്മത്തിന് ഭൗതികകാര്യങ്ങളെക്കാൾ യഥാർത്ഥമായി പ്രാധാന്യം കല്പിക്കുകയും ചെയ്യാത്തകാലത്തോളം അല്ലാഹു അവനിൽ തൃപ്തിപ്പെടുന്നതല്ല. മനുഷ്യരെ തോല്പിക്കാൻ കഴിയുമെങ്കിലും അല്ലാഹുവിനെ വഞ്ചിക്കുക സാധ്യമല്ല. ബാഹ്യമായ നമസ്ക്കാരവും വ്രതാനുഷ്ഠാനവും കാണിക്കാൻ മാത്രമുള്ള ദാനധർമ്മവും കൊണ്ട് മനുഷ്യരെ വഞ്ചിച്ചുകളയാം. എന്നാൽ ഇത്തരം ബാഹ്യചടങ്ങുകൾ മാത്രം കൊണ്ട് ആർക്കും അല്ലാഹുവിനെ തോല്പിക്കാൻ കഴിയുകയില്ല. നിങ്ങൾ നാവുകൊണ്ട് ***ലാഇലാഹ ഇല്ലല്ലാഹ്*** എന്ന കലിമ ഉച്ചരിക്കുകയും അതിൽ വിശ്വസിക്കുന്നതായി പറയുകയും ചെയ്യുന്നതുകൊണ്ട് അല്ലാഹു നിങ്ങളിൽ തൃപ്തനാകുമെന്ന് കരുതേണ്ട. അതിലേക്ക് കലിമയുടെ അർത്ഥത്തെ ചിന്തിച്ച് അതിനെ പ്രവർത്തിയിൽ വരുത്തുക തന്നെവേണം." (*മൽഫൂസാത്ത്*)

**അകവും പുറവും**

മനുഷ്യന് തന്റെ ജീവിതത്തിൽ രണ്ട്തരം അവസ്ഥകളെ നേരിടേണ്ടിവരുന്നു. അതിലൊന്ന് ഗാർഹികവും കുടുംബപരവുമായി മാത്രം ബന്ധപ്പെട്ടുനിൽക്കുന്ന മനുഷ്യന്റെ ഇടപഴകലുകളും, ഏകോന്മുഖവുമായ അവസ്ഥയിൽ സൃഷ്ടികർത്താവിനോടുള്ള അവന്റെ നിലപാടുകളും ഉൾപ്പെടുന്നതാണ്. ഇതവന്റെ സ്വകാര്യജീവിതമാകുന്നു. ഈ അവസ്ഥയിൽ മനുഷ്യന്റെ സ്വഭാവവും പെരുമാറ്റവും പുറമേയുള്ളവർക്ക് അനുഭവവേദ്യമാകുന്നില്ല. മറ്റൊന്ന്, സമൂഹത്തോടുള്ള മനുഷ്യന്റെ സമീപനരീതിയാണ്. ഈ രണ്ടവസ്ഥകളും പരസ്പരപൂരകങ്ങളാണ്. ഇവ രണ്ടും അന്യോന്യം ഒത്തുപോകുന്നതിനെ ആശ്രയിച്ചാണ് മനുഷ്യന്, ആത്മീയമായ അഭിവൃദ്ധികൾ കൈവരിക്കാൻ സാധിക്കുന്നത്. പേരെടുക്കുന്നതിനും പുകഴ്ത്തലുകൾ ലഭിക്കുന്നതിനും ജാടരൂപത്തിൽ സമൂഹത്തെ അഭിമുഖീകരിക്കുന്നവരാണ് ഭൂരിഭാഗവും. എന്നാൽ അവരുടെ സ്വകാര്യജീവിതം തകരാറുകൾ നിറഞ്ഞതായിരിക്കും. അതേപ്രകാരം സമൂഹത്തോടുള്ള പ്രതിബന്ധതകൾ യഥാവിധം നിർവ്വഹിക്കാത്തവന് ദൈവത്തോടുള്ള ബന്ധം ശരിയാക്കിയെടുക്കാനും സാധിക്കുന്നതല്ല. മനുഷ്യരോട് കരുണകാട്ടാത്തവനോട് ദൈവവും കരുണകാട്ടുന്നതല്ലെന്ന നബിവചനം ഇതിലേക്ക് വെളിച്ചം വീശുന്നു. തനിച്ചായിരിക്കുന്ന അവസ്ഥയിലും സ്വകാര്യജീവിതത്തിലുള്ള പെരുമാറ്റ രീതികളിലും വിചാരവികാരങ്ങളിലുമെല്ലാം പവിത്രത നിലനിർത്തുന്നവൻ സൗഭാഗ്യവാനാകുന്നു. ഇതുവഴി ദൈവം സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്നവനും അറിയുന്നവനുമാണെന്ന യാഥാർത്ഥ്യം തന്റെ കർമ്മത്തിലൂടെ അവൻ സ്ഥാപിച്ചുകാണിക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ ഗുണമഹാത്മ്യങ്ങളിലുള്ള അടിയുറച്ച വിശ്വാസമാണ് ജീവിതത്തിന് നേരായ ദിശാബോധം നൽകുന്നത്. ദൈവം സകലവും കാണുന്നവനും അറിയുന്നവനുമാണെന്ന സത്യം ജീവിതത്തിലുടനീളം പ്രതിഫലിപ്പിച്ചു കാണിച്ച വാഗ്ദത്തമസീഹ്(അ) തന്റെ ഒരു കവിതയിൽ എന്നെ കണ്ടുകൊണ്ടിരിക്കുന്ന ദൈവം പരമപരിശുദ്ധൻ എന്നർത്ഥമുള്ള വരികൾ ആവർത്തിച്ചെഴുതുകയുണ്ടായി. പ്രവാചകശ്രേഷ്ഠരായ നബി(സ) തിരുമേനി ഇപ്രകാരം ഒരു പ്രാർത്ഥന പഠിപ്പിച്ചുതന്നു: അല്ലാഹുവേ! എന്റെ ഗോപ്യമായിരിക്കുന്ന ജീവിതം പ്രത്യക്ഷമായിരിക്കുന്ന ജീവിതത്തേക്കാൾ ഉത്തമമാക്കേണമേ. എന്റെ പ്രത്യക്ഷമായിരിക്കുന്ന ജീവിതവും പരിശുദ്ധമാക്കേണമേ ദൈവജ്ഞാനം നിറഞ്ഞുനിൽക്കുന്ന ഒരു പ്രാർത്ഥനയാണിത്. സ്വന്തത്തെ, അറിയാനും തിരുത്താനും കഴിയാത്തവരാണ് അധികമാളുകളും. എന്നാൽ മറ്റുള്ളവരുടെ കുറവുകളും ന്യൂനതകളും അവർ വേഗത്തിൽ കാണുകയും ചെയ്യുന്നു. നിരീക്ഷണയാത്ര സ്വന്തം ആത്മാവിൽനിന്നുമാണ് ആരംഭിക്കേണ്ടത്. അല്ലാഹുവേ! ഞങ്ങളുടെ സ്വന്തം ആത്മാവിന്റെ തിന്മകളിൽ ☐

ലേഖനം

# സംഘടനാ പ്രവർത്തനം ഇസ്‌ലാമിൽ

പ്രൊഫ. എം. മുഹമ്മദ്

ഇസ്‌ലാമിൽ സന്യാസമില്ല. മനുഷ്യൻ സാമൂഹ്യജീവിയാണെന്ന സത്യം അതുൽഘോഷിക്കുന്നു. എന്നാൽ ഇസ്‌ലാമിക കാഴ്ചപ്പാടിൽ സാമൂഹിക സംസ്ക്കരണവും പരിവർത്തനവും നടക്കേണ്ടത് വ്യക്തിയുടെ സംസ്ക്കരണത്തിലൂടെയും പരിവർത്തനത്തിലൂടെയുമത്രെ. സമൂഹപരിവർത്തനത്തിലൂടെ മാത്രമെ വ്യക്തിയിൽ മാറ്റങ്ങളുണ്ടാക്കാനാവൂ എന്ന് കരുതുന്ന പ്രത്യയശാസ്ത്രങ്ങളോട് അത് വിയോജിക്കുന്നു. കാരണം, വ്യക്തികളുടെ സംഘാതമാണല്ലോ സമൂഹം. സമൂഹത്തിലെ ജീർണ്ണതകളും ദൂഷ്യങ്ങളും വ്യക്തികളെ സ്വാധീനിക്കാവുന്നതാണ്. പക്ഷെ, ആത്യന്തികമായി വ്യക്തിപ്രഭാവങ്ങൾ തന്നെയാണ് സമൂഹങ്ങളെ മാറ്റിമറിച്ചിട്ടുള്ളതും സംസ്ക്കരിച്ചെടുത്തിട്ടുള്ളതും. ദൈവനിയുക്തരായ പ്രവാചകരുടെയും ആചാര്യഗുരുക്കന്മാരുടേയും ദൗത്യം ഇതുതന്നെയായിരുന്നു. അവർ സമൂഹത്തിലെ ദുഷ്പ്രവണതകൾക്ക് കൂട്ടുനിന്നില്ലെന്ന് മാത്രമല്ല അവയ്ക്കെതിരെ സന്ധിയില്ലാസമരം നയിക്കുകയും ചെയ്തു. ഇതവർ ചെയ്തത് സ്വന്തം അനുയായികളെ ധർമ്മനിഷ്ഠയുള്ള നന്മയുടെ, സദാചാരത്തിന്റെ പോരാളികളാക്കി മാറ്റിത്തീർത്തുകൊണ്ടായിരുന്നു. സമൂഹത്തിലെ കൊള്ളരുതായ്മകൾക്കെതിരെ ഒരു സംഘടിത പ്രതിരോധനിര സൃഷ്ടിച്ചുകൊണ്ടായിരുന്നു.

ഒട്ടേറെ സംഘടനകൾ ഇന്ന് ലോകത്തുണ്ട്. ഓരോന്നിനും അതിന്റേതായ ആദർശലക്ഷ്യങ്ങളുണ്ട്. ആ ആദർശലക്ഷ്യങ്ങൾ നേടിയെടുക്കാൻ മിക്ക സംഘടനകളും ഇന്ന് പിന്തുടർന്നുവരുന്ന മാർഗ്ഗം ധർമ്മാധിഷ്ഠിതമല്ല, സദാചാര പ്രേരിതവുമല്ല. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നുവെന്ന കൗടില്യന്റെ നിലപാടാണവരുടേത്. ഇസ്‌ലാം ഈ നിലപാടിനെ പാടെ തള്ളിക്കളഞ്ഞിരിക്കുന്നുവെന്ന സത്യം ഇന്ന് പല മുസ്‌ലിം സംഘടനകൾപോലും അംഗീകരിക്കാത്ത മട്ടാണ്. ഇസ്‌ലാമികദൃഷ്ട്യാ വ്യക്തിയോ സമൂഹമോ ആദരണീയമായ മാതൃകയാവുന്നത് അവർ തഖ്‌വ സ്വീകരിക്കുമ്പോൾ മാത്രമാകുന്നു. എന്താണ് തഖ്‌വാ എന്ന അറബി പദം ആവാഹിക്കുന്ന അർത്ഥതലം?

---

നിന്നും ഉപദ്രവങ്ങളിൽനിന്നും നിന്നോട് ഞങ്ങൾ അഭയം തേടുന്നു എന്ന പ്രാർത്ഥനയും മുസ്‌ലിം സമാജത്തിന് പഠിപ്പിക്കപ്പെട്ടു. സ്വകീയ ജീവിതത്തെ ആഴത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുന്നവർക്ക് മാത്രമെ സ്വന്തംനില അറിയാനും അതുവഴി തന്റെ ആന്തരികവും ബാഹ്യവും ഒരുപോലെ പാവനമാക്കിയെടുക്കാനും സാധിക്കുകയുള്ളൂ. മനുഷ്യന്റെ ആന്തരികാവസ്ഥ പവിത്രമായിത്തീരുമ്പോൾ, ആ പവിത്രത അവന്റെ ബാഹ്യമായ കർമ്മങ്ങളിലും നിഴലിച്ചുകാണുന്നതാണ്. ഇതു സംബന്ധിച്ച് വാഗ്ദത്തമസീഹ്(അ) നൽകിയ ഉപദേശങ്ങളിൽ അല്പഭാഗം ഇവിടെ കുറിക്കുന്നു. ബൈഅത്ത് ചെയ്തതുകൊണ്ട് മാത്രം അല്ലാഹു തൃപ്തിപ്പെടുമെന്ന് ധരിച്ചുപോകരുത്. ബൈഅത്ത് പുറംതൊലിയാകുന്നു. കഴമ്പുണ്ടായിരിക്കുക ഉള്ളിലാണ്. പ്രകൃതിയിൽ അധിക സാധനങ്ങളും അപ്രകാരംതന്നെ. പുറമെ തൊലിയും ഉള്ളിൽ കഴമ്പും. ചില വസ്തുക്കൾക്ക് കഴമ്പുതന്നെ ഉണ്ടാകാറില്ല. കെട്ട മുട്ടകൾ ചിലപ്പോൾ പുറംതോടു മാത്രമായിരിക്കും. അതിനുള്ളിൽ ഒന്നും ഉണ്ടായിരിക്കുകയില്ല. ഈ കെട്ടമുട്ടകൾ വലിച്ചെറിയപ്പെടുകയാണ് പതിവ്. പിഞ്ചുകുഞ്ഞുങ്ങൾക്ക് അവ അല്പസമയം കളിക്കോപ്പായെന്നു വരാം. ബാഹ്യമായി മാത്രം ബൈഅത്ത് ചെയ്യുന്നവനും ഈമാനിന്റെ വാദമുന്നയിക്കുന്നവനും ഭയപ്പെടേണ്ടതാണ്. ഒരു ഘട്ടത്തിൽ അവർ കെട്ടമുട്ടകൾപ്പോലെ വലിച്ചെറിയപ്പെടും. ബൈഅത്ത് ചെയ്യുന്നവനും വിശ്വാസപ്രഖ്യാപനം നടത്തുന്നവനും താൻ പുറംതൊലി മാത്രമാണോ, തന്റെ ഉള്ളിൽ കഴമ്പ് വല്ലതുമുണ്ടോയെന്ന് സദാപരിശോധിച്ചുനോക്കേണ്ടതാണ്. കാതലില്ലാത്ത ഈമാനിന്റെയും അനുസരണത്തിന്റെയും ഇസ്‌ലാമികവാദങ്ങളെല്ലാം തന്നെ നിഷ്പ്രയോജനങ്ങളാണ്. അല്ലാഹുവിന്റെയടുക്കൽ അത്തരം വാദങ്ങൾക്കൊന്നും യാതൊരു വിലയും ഉണ്ടാകുന്നതല്ല (*മൽഫൂസാത്ത്*). ബാഹ്യമായ രീതിയിൽ അനുകമ്പ കാണിക്കുന്ന പലരും ആന്തരികമായി നോക്കുമ്പോൾ ചെന്നായ്ക്കളെപ്പോലുള്ളവരാണ്. അകത്ത് കത്തിയും പുറത്ത് പത്തിയും ആയിട്ടുള്ളവരും ധാരാളമുണ്ട്. എന്നാൽ നിങ്ങളുടെ അകവും പുറവും ഒരുപോലെ ആയെങ്കിൽ മാത്രമെ ദൈവസന്നിധിയിൽ നിങ്ങൾ അംഗീകരിക്കപ്പെടുകയുള്ളൂ (*കശ്തിനൂഹ്*).

സൂക്ഷ്മത, ആദർശനിഷ്ഠ, ദൈവഭക്തി എന്നീ അർത്ഥങ്ങളാണ് നമ്മൾ സാധാരണയായി ഈ പദത്തിന് നല്കിവരുന്നത്. നബിതിരുമേനി(സ) തഖ്‌വയെ ഇങ്ങനെ വ്യാഖ്യാനിക്കുകയുണ്ടായി. "മുള്ളും അഴുക്കും നിറഞ്ഞ വഴിയിലൂടെ ഒരാൾ സഞ്ചരിക്കുന്നു. അയാളുടെ പാദങ്ങൾക്കു മുറിവേല്ക്കാതെയും വസ്ത്രങ്ങൾക്ക് അഴുക്ക് പറ്റാതെയും അയാൾ സൂക്ഷ്മതയോടെ നടന്നുനീങ്ങുന്നു. ഈ സൂക്ഷ്മതയാണ് തഖ്‌വ ഇതിൽപരം ലളിതവും സുഗ്രാഹ്യവുമായ ഒരു വ്യാഖ്യാനം മറ്റേതുണ്ട്.

ഉദാത്തമായ ഒരു ആദ്ധ്യാത്മികപൊരുളിനെ നബി (സ) സാധാരണ റോഡിലെ നടന്നുപോകുന്ന വ്യക്തിക്ക് മനസ്സിലാക്കികൊടുക്കുകയാണ് ചെയ്തത്. ഇന്നത്തെ പല ആത്മീയഗുരുക്കന്മാരുടെയും ആൾദൈവങ്ങളുടെയും ഭാഷാപ്രയോഗങ്ങൾ സാധാരണമനുഷ്യന് മനസ്സിലാകാത്തതാണ്– ആധുനിക സാഹിത്യസൃഷ്ടികൾ പോലെതന്നെ. നബി(സ)യുടെ ഭാഷ ഏത് പാമരനും പിടികിട്ടുന്നതാണ്. മൂർത്തവൽകരിക്കപ്പെട്ട വാങ്മയമാണ് അല്ലാഹുവിന്റെ റസൂലിന്റേത്. അതിൽ ജാടകളില്ല. അമൂർത്ത സങ്കല്പങ്ങളുടെ ആധിപത്യമില്ല.

ഈ സമൂഹം ഒട്ടനവധി വൈകൃതങ്ങൾക്കും ആഭാസത്തരങ്ങൾക്കും വിധേയമായിരിക്കുന്നുവെന്നത് ആർക്കും കാണാവുന്ന ഒരു യാഥാർത്ഥ്യമാണ്. തിന്മകളാലും അന്യായങ്ങളാലും അത് ദോഷകലുഷിതമായിത്തീർന്നിരിക്കുന്നു. തിന്മകളിൽനിന്ന് സ്വയം രക്ഷനേടി അവയ്ക്കെതിരെ പടപൊരുതാനുള്ള കരുത്താർജ്ജിക്കുകയെന്നതാണ് ഒരു സത്യവിശ്വാസിയുടെ ഒഴിച്ചുകൂടാനാവാത്ത കടമ. ഇതാണ് തഖ്‌വാ. ഇത് സത്യവിശ്വാസി പ്രാർത്ഥനയിലൂടെയും ഇഛാശക്തിയിലൂടെയും നേടിയെടുക്കേണ്ട ജീവിതശൈലിയാണ്. ഈ സത്യവിശ്വാസിയെയാണ് വിശുദ്ധഖുർആൻ "നിശ്ചയമായും നിങ്ങളിൽ തഖ്‌വ പാലിക്കുന്നവരാരോ അയാളത്രെ ദൈവസമക്ഷത്തിൽ ബഹുമാന്യൻ" (*49:13*) എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

ഈ ഉത്തമനായ വ്യക്തിയാണ് ഏതൊരു രാജ്യത്തിലേയും രാജ്യസ്നേഹിയായ ഉത്തമപൗരൻ. ഏതൊരു രാജ്യത്തിനും, പ്രത്യേകിച്ച് നമ്മുടെ നാട്ടിന് ഈ ഉത്തമപൗരനെ ഇന്നാവശ്യമുണ്ട്.

സമൂഹമെന്തുമായിക്കൊള്ളട്ടെ ഞാനെന്റെ കാര്യം നോക്കി ജീവിച്ചാൽ മതിയെന്ന പ്രവണത കെടുസ്വാർത്ഥതയിൽ നിന്നാണുടലെടുക്കുന്നത്. ഈ പ്രവണത അഭ്യസ്ഥവിദ്യരെന്ന് സ്വയം അഭിമാനിക്കുന്നവരിൽ ഇന്നൊരു നടപ്പുദീനംപോലെ വ്യാപിക്കുകയാണ്. എനിക്ക് സമൂഹത്തെ നന്നാക്കാനുള്ള കഴിവൊന്നുമില്ലല്ലോ എന്ന തോന്നൽതന്നെ ആത്മവിശ്വാസമില്ലായ്മയുടെയും ആദർശദൗർബല്യത്തിന്റെയും ലക്ഷണമാകുന്നു. നമുക്കോരോരുത്തർക്കും അവരുടേതായ പരിമിതികളുണ്ടെന്നത് ശരി. പക്ഷെ, ഈ പരിമിതികൾവെച്ച് കൊണ്ടുതന്നെ നമുക്കാവുന്നത് സത്യത്തിന്‌വേണ്ടി, നീതിക്കുവേണ്ടി സാമൂഹ്യനന്മക്ക്‌വേണ്ടി നമുക്കൊക്കെ ചെയ്യാവുന്നതാണ്. ഇതിന് നമ്മളെല്ലാം നേതാക്കന്മാരായിത്തീരേണ്ടതില്ല. നമുക്കിപ്പോൾ നിലവിലുള്ള 'നേതാക്കൾ' ചെയ്തുകൊണ്ടിരിക്കുന്ന അക്രമങ്ങളെക്കുറിച്ച് വേണ്ടത്ര ബോധ്യമെങ്കിലുമുണ്ടായാൽ മതി നാമവരെ പൂജിക്കുന്നതിൽനിന്നും വിരമിക്കാൻ. അവരുടെ കൂടെ പ്രത്യക്ഷപ്പെട്ട് ഞെളിഞ്ഞ് നടക്കുന്നതിൽ ഭേദം ആരാലും അറിയപ്പെടാത്ത സച്ചരിതപാത അന്വേഷിക്കുന്നതാണ്. ചെറിയ മനുഷ്യരായ നമുക്ക് ഏറ്റെടുത്ത് സംസ്ക്കരണപ്രക്രിയ നടത്താവുന്ന ചെറിയ ചെറിയ കാര്യങ്ങളുണ്ട്, കുടുംബത്തിലും സമൂഹത്തിലും. ഇവിടെയാണ് പ്രതികരണശേഷിയുടെയും നേതൃത്വത്തിന്റെയും ആവശ്യകത ഉയർന്നു വരുന്നത്. നേതൃത്വമെന്നാൽ നേതാവാകുക എന്ന് കരുതരുത്. പ്രതികരണശേഷിയുള്ള സദാചാരബോധമുള്ള മനുഷ്യനാവുകയെന്ന് മാത്രമെ അതിനർത്ഥമുള്ളൂ. വിശുദ്ധഖുർആൻ പറയുന്നു: "നിങ്ങളിൽ അങ്ങനെയുള്ളൊരു കൂട്ടരുണ്ടാവട്ടെ, അവർ നന്മയിലേക്ക് (ആളുകളെ) ക്ഷണിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യും. അങ്ങനെയുള്ളവരത്രെ വിജയികൾ." (*3:105*) ജീവിതവിജയത്തിന് ഖുർആൻ കല്പിക്കുന്ന ഒറ്റമൂലി ഇതുമാത്രമാണ്. ദൈവവിശ്വാസത്തിലും ധാർമ്മികമൂല്യങ്ങളിലും അടിയുറപ്പിക്കപ്പെട്ട ജീവിതം. ഇതിനർത്ഥം മറ്റുള്ളവരുടെ കാര്യത്തിലൊന്നുമിടപെടാതെ, ആരെയും ഉപദ്രവിക്കാതെ, ആരുടേയും അനിഷ്ടം സമ്പാദിക്കാതെ, ഒരുതരം പച്ചവെള്ളപ്പരുവത്തിലങ്ങ് ജീവിച്ച്പോവുകയെന്നതല്ല. മറ്റുള്ളവർക്ക് ഉപകാരം ചെയ്യുക, അക്രമത്തെയും അനീതിയെയും അനാശാസ്യത്തെയും സധീരമായി ചെറുക്കുകയെന്നതാണ്. ഇതുതന്നെയാണ് കർമ്മോന്മുഖമായ തഖ്‌വയിലധിഷ്ഠിതമായ ജീവിതപാന്ഥാവ്. ഇത് വ്യക്തിതലത്തിൽതന്നെ ഒരളവോളം സാധ്യമാണ്. പക്ഷെ, കുറേക്കൂടി വ്യാപകമായ രീതിയിൽ ഇത് സാധ്യമാകണമെങ്കിൽ സംഘടനാപ്രവർത്തനം ആവശ്യമായിവരും. അതിനുള്ള പരിശീലനം മതസംഘടനകളിലെ യുവാക്കൾ നേടേണ്ടിയിരിക്കുന്നു. ഇന്നിവർ വ്യാപൃതരായിരിക്കുന്ന പരസ്പരം ചെളിവാരിയെറിയൽ അവസാനിപ്പിക്കേണ്ടതുണ്ട്. നിഷേധാത്മക സമീപനം മാറ്റി, ക്രിയാത്മകവീക്ഷണം കൈക്കൊണ്ടേ മതിയാവൂ.

വിദ്വേഷവും വെറുപ്പും അസഹിഷ്ണുതയും മാത്രം കൈമുതലായുള്ള ഒട്ടേറെ മതസംഘടനകളും അവയുടെ യുവവിഭാഗങ്ങളുമാണ് ഇന്ന് രംഗത്തുള്ളത്. ഇതു കാരണം മതം പ്രബോധിക്കുന്ന

ജീവകാരുണ്യവും സ്നേഹവും സേവനപരതയും ഇവർക്ക് സമൂഹത്തിന് നൽകാനാവുന്നില്ല. മാത്രമല്ല, നിലവിലുള്ള അക്രമങ്ങളേയും അസഹിഷ്ണുതയേയും വിദ്വേഷത്തേയും ഇവർ വളർത്തുക മാത്രമെ ചെയ്യുന്നുള്ളൂ. തങ്ങളോട് വിയോജിക്കുന്നവരെ തങ്ങളുടെ ശത്രുക്കളായി കാണുന്നവർ ദൈവത്തെ കാണാത്തവരാണെന്ന കാര്യത്തിൽ സംശയമേതുമില്ല.

"അടുത്തുനില്പോരനുജനെ
നോക്കാനക്ഷികളില്ലാത്തോർ-
ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?"

എന്ന് നമ്മുടെ പഴയൊരു കവി ചോദിച്ചത് എത്ര സംഗതമായിരിക്കുന്നു! ചാരത്തിരിക്കുന്ന അനുജൻ ഭിന്നാഭിപ്രായം പുലർത്തുന്നതുകൊണ്ട് അയാൾ നമ്മുടെ ശത്രുവാണെന്നും ശത്രു വകവരുത്തപ്പെടേണ്ടവനാണെന്നും ധരിക്കുന്നത് അങ്ങേയറ്റത്തെ മതവിരുദ്ധചിന്തയാകുന്നു. ഈയൊരു ചിന്തയാണ്, പുറത്തെന്ത് പറഞ്ഞാലും മിക്ക മത പ്രസ്ഥാനങ്ങളും അവയുടെ ഉശിരൻ ചുണക്കുട്ടികളും ഇന്നുകൊണ്ട് നടക്കുന്നത്. ഇവരെക്കൊണ്ട് രാജ്യം നേരിടുന്ന ഒരു പ്രശ്നവും പരിഹരിക്കുക സാധ്യമല്ലെന്നതോ പോകട്ടെ, ഇവർതന്നെ രാജ്യത്തിനും സമൂഹത്തിനും വലിയൊരു ബാധ്യതയായിത്തീർന്നിരിക്കുന്നു.

ഈ ലോകം പലതരം ചിന്താപദ്ധതികൾകൊണ്ടും പ്രവർത്തനരീതികൾകൊണ്ടും സങ്കീർണ്ണമാണ്. അതിൽ നമ്മുടേത് മാത്രം ശരി, മറ്റുള്ളതെല്ലാം ദ്രോഹകരം എന്ന കാഴ്ചപ്പാടാണ് അസഹിഷ്ണുതയുടെ അടിവേര്. വിശുദ്ധഖുർആനും നബിചര്യയും സഹിഷ്ണുതയിൽ അധിഷ്ഠിതമായ ഒരു ജീവിതപദ്ധതിയാണ് അവതരിപ്പിക്കുന്നത്. ബഹുദൈവാരാധനയേയും ബഹുദൈവവിശ്വാസികളേയുമാണല്ലോ ഖുർആൻ ഏറെ എതിർത്തിട്ടുള്ളത്. എന്നാൽ ഈ കാര്യത്തിൽ പോലും ഖുർആന്റെ നിലപാട് ശ്രദ്ധേയമത്രെ. ''അല്ലാഹുവിനെ കൂടാതെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവയെ നിങ്ങൾ അധിക്ഷേപിക്കാതിരിക്കുക. (പ്രതികരണമെന്ന നിലയിൽ) അവരുടെ അറിവില്ലായ്മ നിമിത്തം അവർ അല്ലാഹു(വെന്ന പരമസത്യത്തെ)വെതന്നെ അധിക്ഷേപിച്ചുവെന്ന് വരും." (6:109) അസഹിഷ്ണുത, അധിക്ഷേപം തുടങ്ങിയവയുടെ കടന്നാക്രമണം വിവരമില്ലായ്മയുടെ ഒരു ലക്ഷണം കൂടിയാണെന്ന് ഖുർആൻ നമ്മെ ധരിപ്പിക്കുന്നു. അതിരറ്റ ക്ഷമയും സഹിഷ്ണുതയും പ്രതിപക്ഷ ബഹുമാനവും സംഘടനാപ്രവർത്തനത്തിൽ അനുപേക്ഷണീയമാണെന്നതത്രെ ഇസ്ലാമികപാഠം. പ്രതിപക്ഷത്തുള്ളവരെ സ്നേഹവായ്പോടെയും വിനയഭാവത്തോടെയും മാത്രമെ നാം അഭിമുഖീകരിക്കാവൂ. "ഇതാ, ഒരുകാര്യം മനസ്സിലാക്കണം- നിങ്ങൾ നരകത്തിലും ഞങ്ങൾ സ്വർഗ്ഗത്തിലുമാണ്''- എന്ന സംസാരശൈലി ഇസ്ലാമിക സംഘടനാപ്രവർത്തകന്റേതല്ല. ഇതിനുത്തരമായി മറുപക്ഷത്തുനിന്നും "നിങ്ങളുടെ സ്വർഗ്ഗത്തിലേക്ക് ഞങ്ങളേതായാലും വരുന്നില്ലെ"ന്ന ആക്രോശമാണുണ്ടാവുക. ആദർശസംസ്ഥാപനത്തിന്നായിട്ടാണെങ്കിൽപോലും മനുഷ്യസ്നേഹത്തിന്റെ തിരി സംഘടനാപ്രവർത്തനത്തിൽ ഇസ്ലാം ജ്വലിപ്പിച്ചുനിർത്തുന്നുവെന്ന വസ്തുത നാം കാണുക. "അല്ലാഹുവിൽനിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യനായി പെരുമാറുന്നത്. മറിച്ച്, നീ അവരോട് പരുഷനും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെയടുക്കൽനിന്നും നിശ്ചയമായുമവർ പിരിഞ്ഞുപോയേനെ. അതുകൊണ്ട് അവർക്ക് പൊറുത്തുകൊടുക്കുക. (അവരോട് വിട്ടുവീഴ്ച ചെയ്യുക) അവരുടെ പാപമോചനത്തിന്നായി പ്രാർത്ഥിക്കുക. കാര്യങ്ങൾ അവരുമായി കൂടിയാലോചിക്കുക. എന്നാൽ നീ തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേല്പിക്കുക. അവനിൽ ഭരമേല്പിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു"(*3:158*). ആളുകളുമായി സൗമ്യതയോടെയുള്ള പെരുമാറ്റം നബിതിരുമേനി(സ)യുടെ ഒരു സവിശേഷതയായിരുന്നുവല്ലോ. അല്ലാഹുവിന്റെ പ്രശംസയ്ക്ക് അത് പാത്രീഭവിക്കുന്നുവെന്ന് വരുമ്പോൾ അതിന്റെ പ്രാധാന്യം എത്രയുണ്ടെന്ന് നാമറിയേണ്ടതാണ്. ഇന്നത്തെ സംഘടനാ നേതാക്കളെ നോക്കുക: പ്രഭാഷണകലയിൽ അവർ നിപുണരാണ്. എന്നാൽ കൗശലവും കാപട്യവുമാണ് മിക്കവരുടേയും കൈമുതൽ. അതില്ലാതെ എന്ത് നേതാവ്! എന്ത് സംഘടന!

നബിതിരുമേനി(സ)യും ഒരു സംഘടനാനേതാവായിരുന്നുവല്ലോ. അദ്ദേഹം സമൂഹത്തിന് ജീവിതത്തിന്റെ സമസ്തമേഖലകളിലും നേതൃത്വം നല്കുകയുണ്ടായി. യുദ്ധഭൂമിയിൽ അദ്ദേഹം പടത്തലവനായി, സമാധാനപ്രവർത്തനരംഗങ്ങളിൽ അദ്ദേഹം പരിഷ്ക്കർത്താവും വഴികാട്ടിയുമായി, കുടുംബത്തിൽ അദ്ദേഹം കുടുംബനാഥനായി, സർവ്വോപരി മതരംഗത്ത് അദ്ദേഹം ദൈവത്തിന്റെ പ്രവാചകശ്രേഷ്ഠനുമായി. തന്റെ അനുയായികളിൽനിന്നും കടുത്ത അച്ചടക്കം അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. എന്നാൽ അദ്ദേഹം വെറുമൊരു സംഘടനാ നേതാവായിരുന്നില്ല. കാരുണ്യത്തിന്റെയും സഹനത്തിന്റെയും മൂർത്തഭാവമായിരുന്നു അല്ലാഹുവിന്റെ റസൂൽ. തനിക്കെതിരിൽ ആഞ്ഞടിച്ച എതിർപ്പിന്റെ കൊടുങ്കാറ്റുകളെ അദ്ദേഹം തരണം ചെയ്തത് ദൈവത്തിലർപ്പിതമായ ദൃഢനിശ്ചയത്തിന്റെയും വിശ്വാസദാർഢ്യത്തിന്റെയും കരുത്തിലായിരുന്നു. സംഘടനാ പ്രവർത്തനത്തിൽ ഇസ്ലാം ആവശ്യപ്പെടുന്നതും ഈ മഹത്തായ മാനസിക ഭാവമാണ്. ●

# സത്യമിത്രം തുടരണം...

*ഏ.ക്യു. മഹ്ദി*

ആകാശം മൂടിക്കെട്ടി നിൽക്കുന്നു. അന്തരീക്ഷം നിശ്ചലം. വെയിൽനാളങ്ങൾക്കുപോലും വലിയ ചൂട് തോന്നിയില്ല. പ്രകൃതിയിൽ തന്നെ എന്തോ മാറ്റം സംവിച്ചതുപോലെ.

ഖബർക്കുഴി മൂടിത്തീർന്നിരുന്നു. എല്ലാവരും ഖബർസ്ഥാനത്തു പിടിമണ്ണും ചൊരിഞ്ഞു കഴിഞ്ഞു. ദുആയും അവസാനിച്ചു. അല്പം വിശ്രമത്തിനെന്നോണം ശ്മശാനഭൂമിയിലെ, ചെങ്കല്ലുകൾ പടുത്ത് അതിർത്തിതീർത്ത ഉയരംകുറഞ്ഞ അരമതിലിൽ അമീർസാഹിബും, മൗലവി ഉമർ സാഹിബും ഇരിക്കുന്നു. അവരുടെ മുഖങ്ങളിൽ ദുഃഖഭാവം ഘനീഭവിച്ചു നിൽക്കുന്നുണ്ട്.

പെട്ടെന്ന്, മരണവിവരം അറിഞ്ഞ് കൊല്ലത്തുനിന്നും രാത്രിവണ്ടികയറി കണ്ണൂരെത്തിയതാണ് ഞാൻ.

അടക്കം കഴിഞ്ഞു. എനിക്ക് മടങ്ങിപ്പോകേണ്ട തീവണ്ടിയുടെ സമയം അടുത്തുവരുന്നു.

ബി.എം.കോയ സാഹിബിന്റെ വേർപാട്, അതെന്നെ വല്ലാത്ത ആഴത്തിലാണ് സ്പർശിച്ചിരിക്കുന്നത്. ഒരു ദിവസം മുമ്പാണ്, വെള്ളിയാഴ്ച, ഞാൻ, ബി.എം.കെയ്ക്ക് (ഞാനദ്ദേഹത്തെ എപ്പോഴും അങ്ങനെയാണ് വിളിക്കാറ്) ദുആയ്ക്കപേക്ഷിച്ചുകൊണ്ട് ഒരു കത്തയച്ചത്. പലപ്പോഴും സുദീർഘമായി ഞങ്ങൾ ടെലിഫോണിലൂടെ സംസാരിക്കാറുണ്ടെങ്കിലും, ഞാനെഴുതുന്ന രണ്ടു വരികൾ, അതൊരു സാധാരണ കത്തായാൽപോലും അദ്ദേഹത്തിനിഷ്ടമായിരുന്നു.

നവംബർ 17-ന് സകുടുംബം, രണ്ടാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ഒരു ഈജിപ്റ്റ് സന്ദർശനത്തിനു ഞാൻ പോകുന്നുവെന്നും സുരക്ഷിതവും സുഖകരവുമായ ഒരു യാത്രയ്ക്കായി ദുആ ചെയ്യണമെന്നുമായിരുന്നു കത്തിലെ അപേക്ഷ. മടങ്ങിവന്നാലുടൻ സത്യമിത്രം വായനക്കാർക്കായി യാത്രാവിശേഷം പങ്കുവയ്ക്കാമെന്നും ഞാൻ കരുതിയിരുന്നു. വെള്ളിയാഴ്ച കൊറിയറിൽ കത്തയച്ചു. ആ രാത്രിയിലാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ദുആയ്ക്കപേക്ഷിച്ചുകൊണ്ട് രാത്രിതന്നെ മൗലവി ഇസ്മായിൽ സാഹിബ് എനിക്ക് ഫോൺ ചെയ്യുകയും ചെയ്തിരുന്നു.

ശനിയാഴ്ച രാവിലെ പൊടുന്നനെയാണ്, എന്നെ ഞെട്ടിച്ച ആ വാർത്ത ജ്യേഷ്ഠൻ മുസ്‌ലിം സാഹിബ് ഫോണിലറിയിച്ചത്. എന്റെയാ കത്ത്, വിലാസക്കാരന് കൈപ്പറ്റാനിട വരാതെ, ഇപ്പോഴും ബി.ആർ.ബി പ്രിന്റേഴ്സിലെ അദ്ദേഹത്തിന്റെ ഓഫീസിൽ കിടക്കുന്നുണ്ടാവും.

മടക്കവണ്ടിക്ക് സമയം ആയതിനാൽ, അമീർ സാഹിബിനോട് യാത്ര പറഞ്ഞ് ഞാൻ സ്റ്റേഷനിലേയ്ക്ക് പുറപ്പെടാൻ ഒരുങ്ങി. മരുമകൻ ഹനീഫ് എന്നെ കൊണ്ടുപോകാൻ തയ്യാറായി നിൽക്കുന്നു.

ശ്മശാനഭൂമിയിൽ നിന്നും ഞാൻ പുറത്ത്, റോഡിലേയ്ക്ക് നടന്നു. പോകുംവഴി ഇരുവശത്തും നിന്നിരുന്ന അഹ്മദി സുഹൃത്തുക്കളിൽ ചിലർ സലാം പറയുകയും, ക്ഷേമാന്വേഷണം നടത്തുകയും ചെയ്തു.

സർ..........

പിന്നിൽനിന്നും ഒരു നേർത്ത വിളി. ഞാൻ നിന്നു. മെല്ലെ തിരിഞ്ഞു നോക്കി. ഇരുണ്ട നിറമുള്ള, മെലിഞ്ഞ ഒരു ചെറുപ്പക്കാരൻ. ദു:ഖം നിറഞ്ഞ ഭാവമാണയാൾക്ക്. ഞാനാ യുവാവിനെ മുമ്പൊരിക്കലും കണ്ടിട്ടില്ല. ഏതെങ്കിലും ജമാഅത്തിൽപെട്ട ഒരു ഖാദിമാണോ? ആവില്ല, എങ്കിൽ സലാം ചൊല്ലുമായിരുന്നല്ലോ.

സർ, അങ്ങ് ഏ.ക്യു. മഹ്ദിയല്ലേ................?

അതെ......... ഞാൻ തലയാട്ടി. എനിക്ക് തീർത്തും അപരിചിതനായ ആ ചെറുപ്പക്കാരൻ പിന്നിൽനിന്നും ശബ്ദം നന്നേ താഴ്ത്തി വീണ്ടും തുടർന്നു. സാറിന്റെ ഒരു ലേഖനവും ഇക്കുറി മാസികയിൽ ചേർത്തുവച്ചിട്ടുണ്ട്. എല്ലാമെല്ലാം പൂർത്തിയായി, പ്രിന്റിങ് മാത്രമേ ഇനി ബാക്കിയുള്ളൂ, അതിനുമുമ്പ്......................കോയ സാർ................

അയാളുടെ വാക്കുകൾ സ്വയം മുറിഞ്ഞു. ഗദ്ഗദം തടഞ്ഞുനിർത്തിയതുപോലെ ആ ശബ്ദം നേർത്തുവന്നു. ആ കണ്ണുകൾ നിറഞ്ഞിരുന്നു. പരിസരം പോലും മറന്ന് അയാൾ തേങ്ങുകയായിരുന്നു.

ആരാണയാൾ? ഞാൻ വല്ലാത്തൊരവസ്ഥയിലായി. എന്റെ മരുമകൻ ആ യുവാവിന്റെ തോളിൽ തട്ടി ആശ്വസിപ്പിച്ചു. ഞാനും അയാളെ സാന്ത്വനപ്പെടുത്താൻ ശ്രമം നടത്തി. ഒരുനിമിഷം എന്തുചെയ്യണമെന്നറിയാതെ ഞാൻ തരിച്ചുനിന്നു.

സർ........... അയാൾ കൂടുതൽ എന്തോ സംസാരിക്കാനുള്ള മനഃസ്സാന്നിദ്ധ്യം വീണ്ടെടുത്തതുപോലെ തോന്നി.

ഇത് തുടർന്നു നടത്താൻ ഇനി കഴിയുമോ സർ, നമ്മുടെ മാസിക..........?

ആ ചോദ്യത്തിന് മറുപടി പറയും മുമ്പ് എനിക്കറിയേണ്ടിയിരുന്നത്, അയാൾ, ആ യുവാവ് ആരാണെന്നായിരുന്നു.

നിങ്ങൾ........? ചോദ്യഭാവത്തിൽ ഞാനയാളുടെ മുഖത്തേയ്ക്ക് നോക്കി .

ശരിയാണ് ഞാനതു പറഞ്ഞില്ലല്ലോ. ഞാൻ............. ഞാൻ............... കോയസാറിന്റെ പ്രിന്റിങ് പ്രസ്സിലെ ഒരു

ലേഖനം

# ഇന്ത്യൻ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും

**മൗലാനാ മുനീർ അഹ്മദ് ഖാദിം,**

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിൽ എഴുതിയ ലേഖനത്തിന്റെ മലയാള വിവർത്തനം

ഇന്ന്, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം കൊണ്ടാടുന്ന ഈ സന്തോഷവേളയിൽ, ഇന്ത്യയിലെ ഹിന്ദുക്കളും, മുസ്ലിംകളും പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലേയും മുസ്ലിംകളും ഹിന്ദുക്കളും ഒരേയൊരു രാജ്യത്തിന്റെ നിവാസികളായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്നാശിച്ചുപോകുകയാണ്. നമുക്ക് ഗംഗയും ബ്രഹ്മപുത്രയും, റാവിയും ചീനാബും രണ്ട് കഷ്ണങ്ങളാക്കേണ്ടിവന്നില്ലായിരുന്നെങ്കിൽ! ഈ നദികൾക്ക്, ഇരുവശത്തുമുള്ള നിഷ്കളങ്കരായ മനുഷ്യരുടെ ഒഴുകിയ രക്തം കാണേണ്ടി വന്നില്ലായിരുന്നെങ്കിൽ! നമ്മുടെ വയലുകളുടെയും വനങ്ങളുടെയും മാധുര്യമൂറുന്ന ജലമുള്ള കിണറുകളുടെയും, നിഷ്കളങ്കരായ കുഞ്ഞുങ്ങളുടേയും ചാരിത്രവതികളായ സ്ത്രീകളുടെയും ദുഃഖത്തിന്റെ ഭയാനകമായ കഥകൾ നമ്മെ കേൾപ്പിച്ചില്ലായിരുന്നെങ്കിൽ! ഇന്ന് മാതൃരാജ്യത്ത്, ശത്രുതയുടേയും വെറുപ്പിന്റേയും ഉയർന്ന മതിൽക്കെട്ടുകൾ ഇല്ലായിരുന്നുവെങ്കിൽ ഹാ എത്ര നന്നായിരുന്നു! ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ, കന്യാകുമാരി മുതൽ, രണ്ട് കാശ്മീരുകളുടെ ഉയർന്ന പർവ്വത ശിഖരങ്ങൾവരേയും, അഫ്ഗാൻ മുതൽ ബർമയുടെ അതിർത്തിവരേയും പ്രിയനാടിന്റെ മാമലകളും, കളകളായൊഴുകുന്ന നദികളും, ഇടതൂർന്നതും തണലേകുന്നതുമായ വനങ്ങളും, സ്വർണ്ണം ഉല്പാദിപ്പിക്കുന്ന, ധാതുക്കൾ ഉൾകൊള്ളുന്ന ഭൂപ്രദേശങ്ങളും, ബംഗാൾ ഉൾക്കടൽ മുതൽ സിന്ധ് വരേയും ഇന്ത്യൻ മഹാസമുദ്രത്തിന്റെ തീരവും അന്യലോകത്തിന് നമ്മുടെ മഹത്തായ ഐക്യത്തിന്റെയും, ഒത്തൊരുമയുടേയും നമ്മുടെ സാമുദായിക അഭിവൃദ്ധിയുടേയും നമ്മുടെ മഹാത്മാക്കളുടേയും ഋഷിമുനിമാരുടേയും പരമ്പരാഗത സഹവർത്തിത്വത്തിന്റെ പാഠങ്ങളും നൽകിയിരുന്നെങ്കിൽ ഹാ എത്ര നന്നായേനെ!

അങ്ങനെയൊന്നും ഉണ്ടായില്ല. അതിന് പാക്കിസ്ഥാന് ലോകഭൂപടത്തിൽ രൂപം കൊടുത്ത പാക്കിസ്ഥാൻ ജനയിതാവ് മി. മുഹമ്മദലി ജിന്നയെ ഞാൻ കുറ്റക്കാരനാണെന്ന് പറയുകയില്ല. അങ്ങനെയൊന്നും സംഭവിക്കാത്തതിന് ബഹു. ബാപ്പു

---

ജീവനക്കാരനാണ്. ഒരു ആർട്ട് ഡിസൈനർ. കമ്പ്യൂട്ടറും, ഡി.റ്റി.പിയും കൈകാര്യം ചെയ്യുന്നതു ഞാനാണ്. എന്റെ പേര് സവിത്ത് എന്നാണ്.....

അയാൾ തുടർന്നു.

സത്യമിത്രത്തിന്റെ ഡിസൈനിങ്ങും, ലേഔട്ടും തയ്യാറാക്കുന്നത് ഞാനാണ്.

അയാൾ പറഞ്ഞു തീർന്നിരുന്നില്ല

നമ്മുടെ മാസിക ഒരിക്കലും നിലയ്ക്കാനിടവരരുത് സർ. ഈ പ്രസിദ്ധീകരണം കോയസാറിന്റെ ഒരു സ്വപ്നമായിരുന്നു. ഇതിന്റെ തുടർച്ച ഒരിക്കലും നിന്നുപോകരുത്. ഈ ലക്കവും, അടുത്ത ലക്കവും, പിന്നീടുള്ള ഓരോ ലക്കവും തുടർന്നങ്ങനെ പുറത്തിറങ്ങാനിടവരണം. എന്നാലേ കോയസാറിന്റെ ആത്മാവിനോട് നാം നീതിപുലർത്തിയെന്ന് പറയാൻ കഴിയൂ.

അയാൾ കൂടുതൽ വാചാലനാവുകയായിരുന്നു. അതുവരെ നിശ്ശബ്ദനായിരുന്ന എനിക്ക്, ആ ചെറുപ്പക്കാരന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ഇപ്പോൾ സമയമായി എന്നുതോന്നി.

തീർച്ചയായും സവിത്, നമുക്കിതു നിലനിർത്തണം, തുടരണം. ഞങ്ങളൊക്കെ അതിനു വേണ്ടി ശ്രമം നടത്തും. നീ ഒരിക്കലും വിഷമിക്കരുത്, ധൈര്യമായിരിക്കു, നിന്റെ കോയസാറിന്റെ മോഹം, സ്വപ്നം, എന്തു ത്യാഗം സഹിച്ചും ഞങ്ങൾ സാക്ഷാത്ക്കരിക്കും.................. സത്യമിത്രം നിന്നുപോവില്ല.

അയാൾക്ക് ആശ്വാസമായി എന്നു തോന്നി. കൈയ്യിലിരുന്ന കർചീഫ് കൊണ്ട് അയാൾ കണ്ണുനീർ അമർത്തിത്തുടച്ചു. ഇപ്പോഴാ കണ്ണുകളിൽ തിളങ്ങിയത് ഏതോ ഉൾപ്രതീക്ഷയുടെ നേർത്ത വെളിച്ചമാണ്. ആ മുഖത്ത് സന്തോഷത്തിന്റെ തിരയിളക്കവും ഞാൻ കണ്ടു.

എങ്കിൽ പൊയ്ക്കോളൂ സർ, തീവണ്ടിസമയമായിട്ടുണ്ടാവും ...............

അയാളെന്നെ യാത്രയാക്കി.

കാർ നീങ്ങിയപ്പോൾ മുൻസീറ്റിലിരുന്ന ഞാൻ, റിയർവ്യൂ മിറ്ററിലൂടെ പിന്നിലേയ്ക്ക് കണ്ണുകൾ പായിച്ചു. അയാൾ, അപ്പോഴും റോഡരികിൽ തന്നെ നിന്ന് ഞങ്ങളുടെ കാറിലേയ്ക്ക് നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു.

ഗാന്ധിയെ, അഭിവന്ദ്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ, മൗലാനാ അബുൾകലാം ആസാദിനെ ഒരിക്കലും തെറ്റുകാരെന്ന് പറയുന്നില്ല. ഇവരെ സംബന്ധിച്ച് ഇന്ന് ചില ആളുകൾ പറയുന്നത്, ഈ മഹാന്മാരുടെ ധൃതിയും സ്വാതന്ത്ര്യത്തിനുവേണ്ടി അനിഷ്ടതകൾ സഹിക്കുന്നതിലുള്ള മടുപ്പും കാരണം സുഖദായകമായ കസേരകളിലേക്ക് ചാഞ്ഞതാണ് ഇന്തോ-പാക്കിന്റെ ഇടയിൽ വരയിടാൻ അനുമതി നൽകിയതെന്നാണ്. എന്നാൽ ഒരിക്കലും അങ്ങനെയല്ല. ഇത്തരം ചിന്താഗതി തെറ്റാണ്, ആ മഹത്തുക്കൾക്ക് മേലുള്ള അധിക്ഷേപമാണിത്. യഥാർത്ഥത്തിൽ, ഏതു വിധത്തിലുള്ള സ്വാതന്ത്ര്യമാണോ ഇന്നേക്ക് അമ്പത് വർഷങ്ങൾക്ക് മുമ്പേ നമുക്ക് കിട്ടിയത് അതു തന്നെയാണ് നമുക്ക് വിധിച്ചിട്ടുണ്ടായിരുന്നതും. ആ വിധി നാം നമ്മുടെ കൈ കൊണ്ടാണ് ഉണ്ടാക്കിയത്. നമ്മുടെ വർഷങ്ങളായുള്ള സാമുദായിക ചരിത്രവും, പ്രവർത്തനവുമാണ് അതിന് അടിത്തറപാകിയത്. അത് കാരണത്താൽ ഹിന്ദുക്കളും മുസ്‌ലിംകളും, സ്വാതന്ത്ര്യത്തിനു മുമ്പേ തങ്ങളുടെ അഭിരുചികളുടെ വ്യതിരിക്തത അനുഭവിച്ചിരുന്നു. നിങ്ങൾ അതിനെ വിദ്യാഭ്യാസത്തിന്റെ കുറവെന്ന് വ്യാഖ്യാനിച്ചാലും, തങ്ങളുടെ മതപാരമ്പര്യത്തോടുള്ള അശ്രദ്ധയെന്ന് പറഞ്ഞാലും, ഉച്ചനീചത്വങ്ങളുടെ അധ്യാപനത്തിന്റെ ഫലമെന്ന് മനസ്സിലാക്കിയാലും, അതല്ല എന്തുതന്നെ പറഞ്ഞാലും ശരി, അങ്ങനെ സംഭവിച്ചു എന്നതാണ് യാഥാർത്ഥ്യം.

ഈ പ്രബന്ധത്തിന്റെ പ്രാരംഭത്തിൽ ഞാൻ പറഞ്ഞുവന്നതുപോലുള്ള നമ്മുടെ യഥാർത്ഥവും, അന്തസ്സാർന്നതുമായ സ്വാതന്ത്ര്യം, അതായത് ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ ഫലമായി മഹത്താർന്നതും, സന്തോഷപ്രദവുമായ ഒരു രാജ്യത്തിന്റെ രൂപത്തിൽ കിട്ടേണ്ടതായ സ്വാതന്ത്ര്യത്തിലേക്ക്, ഇന്നേക്ക് 90 വർഷം മുമ്പേ, ഒരു ദൈവനിയുക്തൻ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഭിവന്ദ്യസ്ഥാപകർ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി(അ) (1835-1908) മുസ്‌ലിംലീഗിന്റെ പിറവിക്ക് രണ്ട് വർഷങ്ങൾക്കപ്പുറം, വളരെ വേദനയാർന്ന ഹൃദയത്തോടെ, ഹിന്ദുക്കളേയും മുസ്ലിംകളേയും ക്ഷണിച്ചിരുന്നു. ആ ശബ്ദത്തിന് കാത് കൊടുത്തിരുന്നെങ്കിൽ, ആ നിയമാവലിക്കനുസൃതം പ്രവർത്തിച്ചിരുന്നെങ്കിൽ രാജ്യവിഭജനത്തിന്റെ ഈ ദുശ്ശകുനം നിറഞ്ഞ ദിവസം നമുക്ക് കാണേണ്ടി വരില്ലായിരുന്നു.

**പൈഗാമെസുൽഹ് പ്രഭാഷണം (മൈത്രീ സന്ദേശം)**
**ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആദ്യ കാൽവെപ്പ്**

ആ മഹാത്മൻ 1908-ൽ എഴുതി തയ്യാറാക്കിയ തന്റെ ഒരു പ്രഭാഷണത്തിൽ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും മുന്നിൽ തന്റെ ഹൃദയവേദന വ്യക്തമാക്കിയിരുന്നു. പഞ്ചാബ് ചീഫ് ജഡ്ജ് മി. ജസ്റ്റിസ് റായെബഹാദൂർ പർത്തോലിന്റെ അധ്യക്ഷതയിൽ 1908 ജൂൺ 21 ന് ലാഹോറിൽ ചേർന്ന ഒരു വലിയ സമ്മേളനത്തിലാണ് അത് വായിച്ചു കേൾപ്പിച്ചത്.

ആ മാഹാത്മാവ് പറഞ്ഞു:

"പ്രിയ ശ്രോതാക്കളേ! ഹിന്ദുക്കളോ മുസ്‌ലിംകളോ ആയ നാമെല്ലാവരും നൂറുകണക്കിന് ഭിന്നതയുള്ളവരാണെങ്കിലും ഈ ലോകത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവത്തെ വിശ്വസിക്കുന്ന കാര്യത്തിൽ ഒന്നാണ്. അപ്രകാരംതന്നെ മനുഷ്യരെന്നനിലയിലും നമുക്ക് പങ്കാളിത്തമുണ്ട്. അതായത്, നാമെല്ലാം മനുഷ്യരെന്ന് പറയപ്പെടുന്നവരാണ്. അതുപോലെ ഒരു രാജ്യത്തിലെ നിവാസികളെന്നനിലക്ക് അന്യോന്യം അയൽക്കാരുമാണ്. അതിനാൽ നമ്മൾ ഹൃദയശുദ്ധിയോടും ഉദ്ദേശ്യശുദ്ധിയോടുംകൂടി പരസ്പരം മിത്രങ്ങളാവേണ്ടതാണ്. ലൗകികവും മതപരവുമായ വൈഷമ്യങ്ങളിലെല്ലാം അന്യോന്യം സഹതാപം കാണിക്കണം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഒരേ ശരീരത്തിലെ അവയവങ്ങളെന്നോണം തമ്മിൽ തമ്മിൽ സഹകരിക്കേണ്ടത് നമ്മുടെ കർത്തവ്യമാകുന്നു." (*പൈഗാമെ സുൽഹ്, പേ:1*)

കൂടാതെ ആ മഹാനുഭാവൻ, ഹിന്ദുക്കളേയും മുസ്‌ലിംകളേയും ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ദൈവം തന്റെ അനുഗ്രഹങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിൽ നമുക്കിടയിൽ വ്യത്യാസം കൽപിച്ചിട്ടില്ലായിരിക്കെ, പിന്നെ നാം ഈ അനുഗ്രഹങ്ങളുടെ കാര്യത്തിൽ ഹിന്ദുമുസ്‌ലിം വിവേചനം ഉണ്ടാക്കുന്നതെന്തിനാണ്? അദ്ദേഹത്തിന്റെ ദീർഘവീക്ഷണമുള്ള ദൃഷ്ടികൾ, സ്വാതന്ത്ര്യത്തിന് 39 വർഷം മുമ്പേതന്നെ, വരാനിരിക്കുന്ന ഭയാനക സംഭവങ്ങളെ കാണുകയും ഭാവിയിൽ ഉണ്ടാകാനിരിക്കുന്ന വിഭജനത്തിന്റെയും വിഘടനവാദത്തിന്റെയും സൂചനകൾ മനസ്സിലാക്കിത്തരികയുമായിരുന്നു. അത് ദൈവീക സ്വഭാവങ്ങൾക്ക് വിരുദ്ധമാണെന്ന് പറഞ്ഞുകൊണ്ട് അതിൽനിന്ന് അദ്ദേഹം അവരെ തടയുകയായിരുന്നു. അദ്ദേഹം പറഞ്ഞു:

"എന്റെ നാട്ടുകാരേ! പൊതുവെ അനുകമ്പാഭാവത്തെ പ്രബോധിക്കാത്ത ഒരു മതം യഥാർത്ഥത്തിൽ മതമല്ല. അതുപോലെത്തന്നെ അനുകമ്പാമനോഭാവത്തെ ഉൾക്കൊള്ളാത്ത ഒരു മനുഷ്യൻ മനുഷ്യനുമല്ല. നമ്മുടെ ദൈവം ഒരു സമുദായത്തോടും വ്യത്യാസം കല്പിച്ചിട്ടില്ല. ഉദാഹരണമായി ആര്യാവർത്തത്തിലെ പുരാതനസമൂഹങ്ങൾക്ക് നല്കിയ മാനുഷികശക്തികൾതന്നെയാണ് അവൻ അറബികൾക്കും പാർസികൾക്കും സിറിയക്കാർക്കും ചൈനക്കാർക്കും

ജപ്പാൻകാർക്കും യൂറോപ്യർക്കും അമേരിക്കക്കാർക്കും നൽകിയത്. എല്ലാവർക്കും ദൈവത്തിന്റെ ഭൂമി ഒരു വിരിപ്പായും സൂര്യനും ചന്ദ്രനും അനേകം നക്ഷത്രങ്ങളും ദീപമായും പ്രയോജനപ്പെടുന്നു. മറ്റ് കർമ്മങ്ങളും അവ നിർവ്വഹിക്കുന്നു. അവൻ സൃഷ്ടിച്ച വസ്തുക്കൾ അതായത്, വായു, വെള്ളം, തീ, മണ്ണ് അതുപോലെതന്നെ അവൻ സൃഷ്ടിച്ച മറ്റുവസ്തുക്കൾ, ധാന്യം, പഴങ്ങൾ, മരുന്ന് തുടങ്ങിയവയിൽനിന്ന് എല്ലാ സമൂഹങ്ങളും ഫലമെടുക്കുന്നു. ഈ ദൈവികസ്വഭാവം നമുക്കു നല്കുന്ന പാഠം നാമും നമ്മുടെ മനുഷ്യകുലത്തോട് സ്നേഹത്തോടെയും സദ്ഭാവനകളോടെയും പെരുമാറണമെന്നും കുടുസ്സായ മനോഭാവം കാണിക്കാതെ നമ്മുടെ അനുകമ്പയെ വിസ്തൃതമാക്കണമെന്നുമാണ്.

സുഹൃത്തുക്കളേ, ഉറപ്പായും മനസ്സിലാക്കുവിൻ, നാം രണ്ട് സമൂഹങ്ങളിൽ ആരാണോ ദൈവിക സ്വഭാവത്തെ അനാദരിക്കുകയും, അവന്റെ പരിശുദ്ധ സ്വഭാവങ്ങൾക്കെതിരായി വർത്തിക്കുകയും ചെയ്യുന്നത് ആ സമൂഹം എത്രയും വേഗം നാശമടയുന്നതാണ്. തങ്ങളെ മാത്രമല്ല, തങ്ങളുടെ സന്തതികളേയും നാശത്തിലകപ്പെടുത്തുന്നതാണ്. ദൈവികസ്വഭാവങ്ങൾ പിന്തുടരുന്നത് മനുഷ്യന്റെ നിലനിൽപ്പിന്ന് ജീവജലമാണെന്നും സമാധാനത്തിന്റെ നീരുറവയായ ദൈവത്തിന്റെ പരിശുദ്ധ സ്വഭാവങ്ങളെ അനുധാവനം ചെയ്യുന്നതിലാണ് മനുഷ്യരുടെ ആത്മീയവും ഭൗതികവുമായ ജീവിതം ബന്ധപ്പെട്ടുനിൽക്കുന്നതെന്നുമാണ് എല്ലാ രാജ്യക്കാരായ വരിഷ്ഠരും സാക്ഷ്യം നൽകിയിട്ടുള്ളത്." (*പേജ്:2*)

ചുരുക്കത്തിൽ അദ്ദേഹം വ്യക്തമായും പറഞ്ഞത് അല്ലാഹു തന്റെ അനുഗ്രഹങ്ങളെ ഈ ലോകത്ത് എല്ലാവർക്കുവേണ്ടിയും ഒരുപോലെ പരത്തിയിരിക്കെ, നാം ദൈവിക സ്വഭാവങ്ങൾക്കെതിരായി വർത്തിക്കരുതെന്നാണ്. നാം അങ്ങനെ ചെയ്യുന്നതായാൽ ഈ വേർതിരിവ് ദൈവികസ്വഭാവങ്ങൾക്കെതിരായിരിക്കും. ദൈവികസ്വഭാവങ്ങൾക്ക് വിപരീതമാകുന്ന കാരണത്താൽ നാം സ്വയവും, നമ്മുടെ വരുംതലമുറകളേയും നാശഗർത്തങ്ങളിലേക്ക് തള്ളുന്നവരാകുന്നതാണ്. നാശം, നമ്മുടെ അനന്തരാവകാശമാകുമെന്ന് മാത്രമല്ല, സമാധാനവും ശാന്തിയും നഷ്ടപ്പെടുകയും ചെയ്യും.

ഇന്തോ-പാക്കിലെ ഓരോ കുട്ടിക്കും അറിയാം, രാജ്യവിഭജനത്തിനുശേഷം ഇരുരാജ്യങ്ങളിലേയും നിവാസികൾ ദിവസംതോറും ശാന്തിയിൽനിന്നും, സമാധാനത്തിൽനിന്നും ബഹുദൂരം അകന്നുകൊണ്ടേയിരിക്കുന്നു.

വിഭജനത്തിന്റേയും വിഘടനത്തിന്റേയും അപശകുനങ്ങളെ പരാമർശിച്ചുകൊണ്ടും ഐക്യത്തിന്റേയും ഒത്തൊരുമയുടേയും അനുഗ്രഹങ്ങളിലേക്ക് വെളിച്ചം വീശിക്കൊണ്ടും ആ മഹാത്മൻ പറയുന്നു:

"ഒരുവിധത്തിലും ദൂരീകരിക്കാൻ കഴിയാത്ത പ്രശ്നങ്ങളും ഒരു പദ്ധതികൊണ്ടും പരിഹരിക്കാൻ കഴിയാത്ത വിഷമതകളും പരിഹൃതമാക്കാൻ ഐക്യം മുഖേന മാത്രമേ സാധ്യമാകൂ എന്ന കാര്യം ആരിൽനിന്നും ഗോപ്യമല്ല. അതുകൊണ്ട്, ഐക്യത്തിന്റെ അനുഗൃഹീതഫലങ്ങളിൽനിന്ന് നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കയില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യഘടകങ്ങളായ രണ്ട് സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്ലിംകളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചുകൂടി മറ്റവരെ- ഹിന്ദുക്കൾ ഒന്നിച്ചുചേർന്നു മുസ്ലിംകളെയോ മുസ്ലിംകൾ ഒന്നുചേർന്ന് ഹിന്ദുക്കളെയോ- രാജ്യത്തിൽനിന്നു പുറത്താക്കിക്കളയാമെന്നു വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച്, ഈ രണ്ടു കൂട്ടരേയും തമ്മിൽ ഇണക്കി നിർത്തുന്ന ബന്ധം അപരിഛേദ്യമാംവിധം ശക്തിയേറിയതാണുതാനും. ഇവരിൽ ഒരുകൂട്ടർക്കു പൊതുനിലയിലുള്ള ഒരു ആപത്തു സംഭവിക്കുന്നപക്ഷം മറ്റവർക്കു അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാധിക്കയില്ല; അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ അവരും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേവിധത്തിൽ നിന്ദനത്തിന് ലക്ഷീഭവിക്കും. ഒരുകൂട്ടർ മറ്റവരുടെനേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടേയും അനുകമ്പ ലഭിക്കുന്നതല്ല. ഇരു സമുദായങ്ങളിൽ ഏതെങ്കിലുമൊന്നിലെ ഒരു വ്യക്തി മറ്റെ സമുദായത്തിന് നാശംവരുത്തുവാൻ നോക്കുന്നപക്ഷം, അവൻ താനിരിക്കുന്ന വൃക്ഷശാഖ സ്വന്തം കൈകൊണ്ടു വെട്ടിമുറിക്കുന്ന ഒരുവനെപ്പോലെയാകുന്നു. നിങ്ങൾ ഇന്ന് വിദ്യാസമ്പന്നരായിക്കഴിഞ്ഞിരിക്കുന്നു. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയങ്ങളിൽനിന്നു അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതത്യാവശ്യമാകുന്നു. നിങ്ങൾ നിർദ്ദാക്ഷിണ്യമായ നില ഉപേക്ഷിച്ചു പൊതുവായ ഒരു അനുകമ്പാഭാവം കൈക്കൊള്ളേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഐഹികജീവിതയാത്ര കഠിനമായ വെയിലിൽ മരുഭൂമിയിലൂടെ സഞ്ചരിക്കുന്നതിനു തുല്യമാകുന്നു. അതിനാൽ, ദുർഗ്ഗമമായ വഴിയിലൂടെയുള്ള ഈ യാത്രാമദ്ധ്യെ വെയിലിന്റെ കാഠിന്യത്തെ ലഘൂകരിക്കുന്നതിനും ദാഹശമനം

വരുത്തുന്നതിനും മൈത്രിയാകുന്ന ആ ശീതളപാനീയം നിങ്ങൾക്കു അത്യാന്താപേക്ഷിതമാകുന്നു. നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിന്നായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്." (*പേജ്:5,6*)

ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കുമിടയിലുള്ള ഭിന്നിപ്പുകളുടേയും കുഴപ്പങ്ങളുടേയും കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു:

ഈയ്യിടെയായി ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ അവിശ്വാസവും അനൈക്യവും ഛിദ്രവും വർദ്ധിച്ചുവന്നിരിക്കുന്നത് മതപരമായ വ്യത്യാസങ്ങൾ കാരണമായിട്ടു മാത്രമല്ല, അതിലേക്ക് രാഷ്ട്രീയമായ പ്രലോഭനങ്ങളും സ്ഥാനാഭിലാഷങ്ങളും കൂടെ കാരണമായിട്ടുണ്ടെന്ന് ഞാൻ പറയുന്നതിൽ എനിക്ക് സ്വാർത്ഥപരമായ യാതൊരുദ്ദേശ്യവുമില്ല. ഉദാഹരണത്തിന്, ഹിന്ദുക്കൾ ആദ്യംമുതൽക്കെ രാജ്യഭരണത്തിലും രാഷ്ട്രീയകാര്യങ്ങളിലും തങ്ങൾക്ക് കൈകാര്യം ഉണ്ടായിരിക്കണമെന്നും ചുരുങ്ങിയപക്ഷം ഭരണകാര്യങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ ഗവൺമെന്റു അന്വേഷിക്കേണ്ടതാണെന്നും തങ്ങളുടെ ആവലാതികളെല്ലാം ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണെന്നും ഇംഗ്ലീഷുകാർക്കെന്നപോലെ തങ്ങൾക്കും ഭരണസംബന്ധമായി വലിയ വലിയ ഉദ്യോഗങ്ങൾ ലഭിക്കേണ്ടതാണെന്നും ആഗ്രഹമുള്ളവരാണ്. ഈ കാര്യസാദ്ധ്യത്തിനായിട്ടു ഹിന്ദുക്കൾ ചെയ്തുതുടങ്ങിയ പരിശ്രമങ്ങളിൽ മുസ്‌ലിംകൾ പങ്കെടുക്കാതെ അകന്നുനിന്നത് അബദ്ധമായിപ്പോയെന്നും തങ്ങൾ ഹിന്ദുക്കളേക്കാൾ എണ്ണത്തിൽ കുറഞ്ഞവരാണെന്നും അതിനാൽ ഈ പരിശ്രമങ്ങളുടെ ഗുണമെല്ലാം ഹിന്ദുക്കൾക്കു മാത്രമായിരിക്കുമെന്നും അവർ കരുതി. തന്മൂലം അവർ ആ വക കാര്യങ്ങളിൽ പങ്കുചേരാതെ വേർപിരിഞ്ഞു നിന്നുവെന്ന് മാത്രമല്ല അവർ എതിര് പ്രവർത്തിച്ചുകൊണ്ടു ഹിന്ദുക്കളുടെ പരിശ്രമമാർഗ്ഗത്തിൽ തടസ്സക്കാരായിത്തീരുകയും ചെയ്തു. അതുമൂലം ഇരുകൂട്ടർക്കും ഇടയിൽ വൈരാഗ്യം വർദ്ധിക്കുമാറായി. രാഷ്ട്രീയകാരണങ്ങളാലുള്ള ഈ വിരസഭാവം ഇരുകൂട്ടർക്കും തമ്മിൽ ആദ്യമെ ഉള്ള വിദ്വേഷത്തിന് തീക്ഷ്ണത കൂട്ടുകതന്നെ ചെയ്തു. രാഷ്ട്രീയമായ ഈ സംഗതിതന്നെയാണ് യഥാർത്ഥത്തിൽ പരസ്പര വൈരത്തിനു കാരണമെന്ന് ഞാൻ വിശ്വസിക്കുന്നേയില്ല. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ പരസ്പരമുള്ള വിദ്വേഷത്തിനും വിശ്വാസമില്ലായ്മയ്ക്കും കാരണം മതപരമായ പ്രശ്നങ്ങളൊന്നുമല്ലെന്നും മറിച്ച് രാഷ്ട്രീയമായ കിടമത്സരം മാത്രമാണെന്നും അഭിപ്രായപ്പെടുന്നവരോട് ഞാൻ യോജിക്കുന്നുമില്ല."

മുസ്‌ലിംകൾ തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന കാര്യത്തിൽ ഹിന്ദുക്കളോട് ചേർന്നു പ്രവർത്തിക്കാൻ എന്തുകൊണ്ട് ഭയപ്പെടുന്നുവെന്നും, എന്തുകൊണ്ട് അവർ ഇതുവരെ കോൺഗ്രസ്സിൽ ചേരുന്നതിൽനിന്ന് വിട്ടുനിന്നുവെന്നും, ഹിന്ദുക്കളുടെ അഭിപ്രായങ്ങൾ ശരിയാണെന്ന് ധരിച്ച് അവരുടെ കാലടികളെ പിന്തുടർന്നെങ്കിലും അവസാനം അവരിൽനിന്ന് വേറിട്ട് മുസ്‌ലിം അഞ്ചുമൻ (മുസ്‌ലിംലീഗ്) എന്ന പേരിൽ ഒരു പ്രത്യേക പാർട്ടി രൂപീകരിച്ചത് എന്തുകൊണ്ടാണെന്നും ആർക്കും എളുപ്പം മനസ്സിലാകുന്ന സംഗതിയാണ്.

മേൽ ഉദ്ധരണിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ(അ), വ്യക്തമായും പറഞ്ഞത് സ്വാതന്ത്ര്യത്തിനുവേണ്ടി, ഹിന്ദുക്കളും മുസ്‌ലിംകളും വെവ്വേറെ പാർട്ടികളുണ്ടാക്കിയത് യഥാർത്ഥത്തിൽ ശരിയല്ലെന്നും ഇക്കാര്യത്തിൽ ഒരുമിച്ചുനിൽക്കേണ്ടതായിരുന്നുവെന്നുമാണ്. എന്നാൽ പരസ്പരം ഐക്യമില്ല, പരസ്പരം വിശ്വാസമില്ല. മുസ്‌ലിംകൾ ധരിക്കുന്നത്, തങ്ങൾ ന്യൂനപക്ഷമാണ് അതുകൊണ്ട് ഒന്നിച്ചുനിന്നാൽ തങ്ങളുടെ മുഴുവൻ അവകാശങ്ങളും നേടിയെടുക്കാൻ സാധ്യമല്ലെന്നാണ്. അങ്ങനെയാണ് ഇരുകൂട്ടർക്കും വെവ്വേറെ രാഷ്ട്രീയപാർട്ടികൾ ഉണ്ടാക്കേണ്ടിവന്നത്.

ഹസ്റത്ത് അഹ്മദ്(അ) പറഞ്ഞത്, ഇരു സമുദായങ്ങളും ഒരുമിച്ചുനിന്ന് തങ്ങളുടെ പ്രയോജനങ്ങൾ നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒന്നിച്ചുനിന്ന് രാഷ്ട്രീയവണ്ടിയെ മുന്നോട്ട് നയിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതിന് ഏറ്റവും വലുതും അടിസ്ഥാനപരവുമായ സംഗതി മതവിദ്വേഷങ്ങളെ അകറ്റണമെന്നായിരുന്നു. അദ്ദേഹം പറഞ്ഞു:

"സുഹൃത്തുക്കളേ! ഇതിന്റെ യഥാർത്ഥ കാരണം മതം തന്നെയാണ്. മറ്റൊന്നല്ല. ഇന്ന് ഇതേ ഹിന്ദുക്കൾ '***ലാ ഇലാഹ ഇല്ലാല്ലാഹു മുഹമ്മദുറസൂലുല്ലാഹി***' എന്ന സാക്ഷ്യവചനം ഉച്ചരിച്ചുകൊണ്ട് മുസ്‌ലിംകളെ ആശ്ലേഷിക്കുകയോ അഥവാ മുസ്‌ലിംകൾ ഇസ്‌ലാംമതമുപേക്ഷിച്ച് ഹിന്ദുക്കളായിത്തീർന്ന് വേദോക്തപ്രകാരം അഗ്നിവായുവാദികളെ ആരാധിക്കുവാൻ തുടങ്ങുകയോ ചെയ്യുന്ന പക്ഷം ഇപ്പോൾ രാഷ്ട്രീയത്തിന്റെ പേരിൽ പറയപ്പെടുന്ന വൈപരീത്യങ്ങളെല്ലാം അവ ഒരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്തവിധം താനേ ഇല്ലാതാകുന്നതാണ്. ഇതിൽനിന്ന്, പരസ്പരവൈരത്തിന്റെയും അന്യോന്യവിദ്വേഷത്തിന്റെയും മൂലകാരണം വാസ്തവത്തിൽ മതവൈപരീത്യം തന്നെയാണെന്ന് മനസ്സിലാകുന്നു. ഈ മതവൈരുദ്ധ്യം മൂർദ്ധന്യത്തെ പ്രാപിച്ചപ്പോഴെല്ലാം അത് രക്തച്ചൊരിച്ചിലിനു കാരണമായിത്തീർന്നിട്ടുണ്ടെന്നത് ഒരു പരമാർത്ഥമാണ്.

അല്ലയോ മുസ്‌ലിംകളേ! നിങ്ങളുടെ മതഭേദം

കാരണമായി ഹിന്ദുക്കൾ നിങ്ങളെ അന്യജാതിയായി കരുതിപ്പോരുന്നു. ഇതേകാരണത്താൽതന്നെ നിങ്ങൾ അവരെയും ഒരു വ്യത്യസ്ത ജാതിയായി വിചാരിച്ചുവരുന്നു. ഈ വിപരീതഭാവത്തിനു ശരിയായ ഒരു നിവാരണം കാണാതെ നിങ്ങൾക്കും അവർക്കും മധ്യേ യഥാർത്ഥവും സുസ്ഥിരവുമായ ഒരു സൗഹാർദ്ദഭാവം ഉണ്ടാകുന്നെതങ്ങനെ? ഇരുകൂട്ടരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താൽക്കാലികമൈത്രി ഉണ്ടാക്കിയെന്നുവരാം. എന്നാൽ യഥാർത്ഥപരിശുദ്ധി എന്നു പറയാവുന്ന ഹൃദയശുദ്ധി ഉണ്ടായിത്തീരുന്നതു നിങ്ങൾ വേദത്തേയും ഋഷിമാരേയും ആത്മാർത്ഥമായി ദൈവത്തിൽനിന്നുള്ളവരാണെന്ന് ഉൾക്കൊള്ളുകയും അപ്രകാരംതന്നെ ഹിന്ദുക്കൾ തങ്ങളുടെ ഹ്രസ്വമനഃസ്ഥിതി ഉപേക്ഷിച്ചു നമ്മുടെ നബിനായകർ മുഹമ്മദ് മുസ്തഫാ (സ)തിരുമേനിയുടെ പ്രവാചകത്വത്തെ സത്യപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമാണ്. ഇതാകുന്നു നിങ്ങൾക്കും ഹിന്ദുക്കൾക്കും ഇടയിൽ യഥാർത്ഥമായ ഐക്യവും സൗഹാർദ്ദവും ഉണ്ടായിത്തീരുന്നതിനുള്ള ഏകപദ്ധതിയെന്നും ഇതുതന്നെയാണ് ഹൃദയരോഗങ്ങളെ സുഖപ്പെടുത്തുന്നതിനുള്ള ഒരേയൊരു ദ്രാവകമെന്നും നല്ലവണ്ണം ധരിക്കുവിൻ!

ഇതിനുപുറമെ, ഹൈന്ദവമിത്രങ്ങളുടെ നേരെ അനുകമ്പ കാണിക്കുവിൻ. സൽപെരുമാറ്റവും സ്നേഹഭാവവും തങ്ങളുടെ ശീലമാക്കേണ്ടതാണ്. അവർക്ക് മനോവേദനയ്ക്കു കാരണമാകാവുന്ന കാര്യങ്ങൾ നമ്മുടെ മതത്തിലെ നിർബന്ധകടമകളോ അവശ്യകർമ്മങ്ങളോ അല്ലെന്ന് വരികിൽ അങ്ങനെയുള്ള കാര്യങ്ങളിൽനിന്നു നിങ്ങൾ ഒഴിഞ്ഞുനിൽക്കേണ്ടതുമാകുന്നു. അതുകൊണ്ട് ഹിന്ദുക്കൾ ആത്മാർത്ഥമായി നമ്മുടെ നബിതിരുമേനിയെ ഒരു സത്യപ്രവാചകനായി അംഗീകരിക്കുകയും തിരുമേനിയിൽ വിശ്വസിക്കുകയും ചെയ്യുന്നപക്ഷം ഗോവധം കാരണമായി ഇരുസമുദായക്കാരും തമ്മിലുണ്ടാകാറുള്ള ഛിദ്രവും ഇല്ലാതാക്കിത്തീർക്കേണ്ടതാണ്. മതം അനുവദിച്ചതായി കരുതുന്നതെല്ലാം നാം ഉപയോഗിച്ചേകഴിയൂ എന്നു നിർബന്ധമില്ല. മതത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാധനങ്ങളിൽ നാം ഒരിക്കലും ഉപയോഗിച്ചിട്ടില്ലാത്തവ വളരെയുണ്ടല്ലോ? ഏകദൈവത്തിൽ വിശ്വസിക്കുക എന്നതുപോലെതന്നെ, സമസൃഷ്ടികളോടു അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടുംകൂടി വർത്തിക്കുകയെന്നതും നമ്മുടെ മതാനുശാസനകളിൽ ഒന്നത്രെ. അതിനാൽ അത്യാവശ്യകവും ഗുണകരവുമായ ഒരു കാര്യത്തിനുവേണ്ടി അത്ര ആവശ്യകമല്ലാത്ത ഒന്നിനെ ഉപേക്ഷിക്കുകയെന്നതു മതവിധിക്ക് വിരുദ്ധമല്ല. ഒരു കാര്യം മതത്തിൽ അനുവദനീയമെന്നു കരുതുന്നതും അതിനെ ഉപയോഗിക്കുകയെന്നതും രണ്ടും വ്യത്യസ്തകാര്യമാണ്. മതധർമ്മം എന്നാൽ ദൈവം വിരോധിച്ച സംഗതികളിൽനിന്നെല്ലാം ഒഴിഞ്ഞുനിൽക്കുകയും അവന്റെ അഭീഷ്ടത്തെ തേടിനടക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്തുവന്ന സർവ്വ പ്രവാചകന്മാരും അതതുകാലത്തു മനുഷ്യരെ നന്നാക്കിത്തീർക്കുന്നതിനു എഴുന്നേൽപിക്കപ്പെട്ട ദിവ്യദൂതന്മാരും പരിഷ്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കൽപിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവ്വം പെരുമാറുകയും ചെയ്യുക എന്നതാകുന്നു.” (*പേജ്:19-20*)

സയ്യിദുനാ ഹസ്റത്ത് അഹ്മദ്(അ) ഏതു സമയത്തും ആഗ്രഹിച്ചത് ഇന്ത്യയ്ക്ക് യഥാർത്ഥവും അന്തസാർന്നതുമായ സ്വാതന്ത്ര്യം കിട്ടണമെന്നാണ്. കാരണം, കൂടുതൽകാലം അടിമത്വത്തിൽ കഴിയുന്ന സമൂഹങ്ങളിൽ അക്രമത്വരയും, അധോഗതിയും ഉടലെടുക്കുന്നുവെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. യഹൂദികളുടെ അടിമത്തകാലത്തെ പരാമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: “നാനൂറ് വർഷങ്ങളായി അടിമത്വത്തിൽ കഴിഞ്ഞ കാരണത്താൽ അവരിൽ അക്രമത്തിന്റേയും അധോഗതിയുടേയും സ്വഭാവങ്ങൾ ഉടലെടുത്ത് തുടങ്ങിയിരുന്നു.” (*പേ:32*)

ഇന്ത്യ എത്രയുംവേഗം ഏതെങ്കിലും തരത്തിൽ സ്വാതന്ത്ര്യത്തിന്റെ തീരത്തേക്ക് അണയണമെന്ന് ആ മഹാത്മൻ ആഗ്രഹിച്ചിരുന്നു. ഹിന്ദുക്കളും മുസ്‌ലിംകളും പരസ്പരം വേർതിരിഞ്ഞ് നിൽക്കുകയും, രണ്ട് സമുദായങ്ങൾക്കുമിടയിൽ ശത്രുതയും വൈരാഗ്യവും വളർന്നുകൊണ്ടിരിക്കുകയും ചെയ്താൽ ഒരിക്കലും തന്നെ യഥാർത്ഥവും അന്തസ്സാർന്നതുമായ സ്വാതന്ത്ര്യം നേടിയെടുക്കാൻ സാധ്യമല്ലെന്നും, നേടിയാൽതന്നെ അതിനുശേഷം അവസാനിക്കാത്ത അക്രമത്തിന്റേയും അരാജകത്വത്തിന്റേയും, വിവരക്കേടിന്റേയും ശത്രുതയുടേയും തുടർകഥകൾ പറയുന്ന സ്വാതന്ത്ര്യമായിരിക്കുമതെന്നും ആ മഹാനുഭാവന്റെ ക്രാന്തദർശിയായ ദൃഷ്ടികളും, ആഴമേറിയ ചിന്തകളും മനസ്സിലാക്കിയിരുന്നു. സംഭവിച്ചതും അങ്ങനെതന്നെ. ഹിന്ദുക്കളും മുസ്‌ലിംകളും ഭിന്നിച്ചുനിന്ന്, വ്യതിരിക്തമായി സ്വാതന്ത്ര്യം നേടിയപ്പോൾ അത് മാതൃരാജ്യത്തെ കഷണങ്ങളാക്കി. ഇന്ന് അൻപത് വർഷം പിന്നിട്ടിട്ടും മാതൃരാജ്യത്തിന്റെ ഒരു കഷണത്തിനും സമാധാനവും ശാന്തിയും ലഭിക്കുന്നുമില്ല.(*തുടരും*)

**വിവ: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി**

സി. സിറാജുൽ മുനീർ

# സമുദായഭിന്നതയിൽ ഖുർആൻ തള്ളപ്പെടുമ്പോൾ......

**മാ**നവരാശിക്ക് ഇറക്കപ്പെട്ട സാർവ്വലൗകിക വേദഗ്രന്ഥമാണ് വിശുദ്ധഖുർആൻ. വള്ളിക്കോ പുള്ളിക്കോ മാറ്റമില്ലാത്തതും, കാലഹരണപ്പെടാത്തതും അല്ലാഹു നേരിട്ട് സംരക്ഷണം ഏറ്റെടുത്തതും, ആത്മീയാന്ധകാരത്തിൽപ്പെട്ട് വട്ടംകറങ്ങുന്ന മനുഷ്യനെ സന്മാർഗ്ഗത്തിന്റെ ഉത്തുംഗപദവിയിലേക്ക് ഉയർത്തുന്ന വേദഗ്രന്ഥവും വിശുദ്ധഖുർആൻ തന്നെയാണ്. വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോഴും, അതിന്റെ അർത്ഥതലങ്ങളിലേക്ക് ചിന്തിക്കുമ്പോഴും ഉണ്ടാകുന്ന അനുഭൂതി അനുഭവവേദിതമാണ്.

റസൂൽ(സ) തിരുമേനിക്ക് ജിബ്‌രീൽ മുഖേന 23 വർഷക്കാലംകൊണ്ട് ഇറക്കപ്പെട്ട ഈ ഗ്രന്ഥം ആ കാലഘട്ടത്തിലെ പുണ്യസഹാബിമാർ ഏറെ ആവേശത്തോടെയായിരുന്നു ഹൃദിസ്ഥമാക്കിയിരുന്നത്. ഇത് അല്ലാഹുവിന്റെ കലാമാണെന്ന ബോധവും, ബഹുമാനവും അവർക്കുണ്ടായിരുന്നു. വിഷമങ്ങളും പ്രയാസങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാകുമ്പോഴും അവർ മടങ്ങിയത് ഈ മഹദ്‌വേദഗ്രന്ഥത്തിലേക്കായിരുന്നു. പ്രശ്നങ്ങൾ വരുമ്പോൾ ഖുർആനിലേക്കും തിരുസുന്നത്തിലേക്കും മടങ്ങാനുള്ള നബി (സ) തിരുമേനിയുടെ കല്പന അവർ അക്ഷരാർത്ഥത്തിൽ പാലിച്ചിരുന്നു.

എന്നാൽ ഇന്നത്തെ മുസ്‌ലിം സമൂഹമോ? പ്രസംഗത്തിലും പ്രഭാഷണത്തിലും 'പാതിരാ വഅ്ളു'കളിലും തങ്ങൾ ഖുർആനെ മുറുകെ പിടിക്കുന്നവരാണെന്ന് ഊറ്റംകൊള്ളുകയും, എന്നാൽ പ്രശ്നങ്ങൾ വരുമ്പോൾ ഖുർആനെ പിൻപുറംതള്ളുകയും ചെയ്യുന്ന ഒരവസ്ഥയാണ് എവിടെയും കാണാൻ സാധിക്കുന്നത്.

ഇ.കെ.വിഭാഗം സുന്നികളുടെ കേരളനാട് കൂട്ടായ്മ മാസിക ഫെബ്രുവരിലക്കത്തിൽ (2005) 'ഖുർആനിന് നേരെ കലിതുള്ളുന്ന വിഘടിതർ' എന്ന ലേഖനത്തിൽ (പേജ് 21) എ. ശറഫുദ്ദീൻ മദനി അഗത്തി എഴുതുന്നു: "അഗത്തി ദ്വീപിൽ എ.പി. വിഭാഗത്തെ അനുകൂലിക്കുന്ന സുന്നികൾ ഖുർആനെ ശക്തമായി അവഹേളിക്കുന്ന പ്രവണത തുടരുന്നു. ഇവരുടെ ദ്വീപ് ആസ്ഥാനമായി ഉയർത്തുന്ന '***മർകസുത്തഅ്‌ലീമി സുന്നിയ്യ***' എന്ന സ്ഥാപനത്തിന്റെ നിർമ്മാണത്തിനാണ് വിഘടിതർ മുസ്ഹഫ് ഉപയോഗിച്ചത്. ബീമുകൾ വാർക്കാൻവെച്ച ബോക്സിൽ ഉണ്ടാവുന്ന ദ്വാരം അടക്കാനാണ് പരിശുദ്ധഖുർആന്റെ പവിത്രതാളുകൾ ദുരുപയോഗം ചെയ്തത്. മുസ്ഹഫിന്റെ താളുകൾക്ക് ഒരു ന്യൂസ്പേപ്പറിന്റെ വിലപോലും വിഘടിതർ നൽകിയില്ല. ചിലർ ഖുർആൻ ചാക്കിൽകെട്ടി കുറ്റിക്കാട്ടിൽ നിക്ഷേപിച്ചിരിക്കുന്നു......... ഇങ്ങനെ തുടർന്നെഴുതുന്ന ലേഖകൻ ഇതിനുള്ള കാരണം പറയുന്നത് 'റസ്മുൽ ഉസ്മാനി'യുടെ പേർ പറഞ്ഞാണ് അല്ലാഹുവിന്റെ കലാമിനോടുള്ള ഈ കലിതുള്ളൽ എന്നാണ്.

മേലുദ്ധരിച്ച ഈ വാചകങ്ങൾ വായിക്കുമ്പോൾ അഹ്മദികളായ ഞങ്ങളുടെ ഹൃദയം വല്ലാതെ വേദനിക്കുകയാണ്. ഇതൊരു ഒറ്റപ്പെട്ട പ്രശ്നമായി ആരും കാണേണ്ടതില്ല! പാലക്കാട് ജില്ലയിലെ കൊടുന്തിരപ്പള്ളിയിൽ മുജാഹിദ് ഗ്രൂപ്പിസത്തിന്റെ പേരിൽ പള്ളി പൊളിക്കപ്പെട്ടപ്പോൾ മടവൂർവിഭാഗം മുജാഹിദുകൾ ആരോപിക്കുന്നത് എതിർവിഭാഗം ഖുർആൻ നശിപ്പിച്ചുവെന്നാണ്! വിശുദ്ധഖുർആന്റെ ആളുകൾ ഞങ്ങളാണെന്ന് ജമാഅത്തെ ഇസ്‌ലാമിയും ഊറ്റംകൊള്ളേണ്ട! കാരണം പാക്കിസ്ഥാനിൽ അഹ്മദികളുടെ ഖുർആൻ വേറെയാണെന്ന് പറഞ്ഞ് അതിനെ നശിപ്പിക്കാൻ മുന്നണിയിൽനിന്ന് പ്രവർത്തിച്ചത് അവരാണ്. ഒരു കയ്യിൽ ഖുർആനും മറുകയ്യിൽ വാളുമായി ബംഗ്ലാദേശിൽ ജിഹാദ് നടത്തുന്നതും അവരാണല്ലോ!

ഇസ്‌ലാമിന്റെ പേരും ഖുർആന്റെ ലിപിയും മാത്രം അവശേഷിക്കുന്ന ഒരുകാലം വരുമെന്നും മുസ്‌ലിംകൾ യഹൂദി നസാറാക്കളെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻതുടരുമെന്ന് റസൂൽ(സ) പറഞ്ഞത് ഈ കാലമല്ലെങ്കിൽ പിന്നെ മറ്റേത് കാലമാണ്! ലോകമുസ്‌ലിംകൾ ഒന്നടങ്കം കാഫിറാക്കി തള്ളിയ അഹ്മദികൾക്കാണ് വിശുദ്ധഖുർആൻ ഏറ്റവുമധികം ഭാഷകളിൽ പരിഭാഷപ്പെടുത്താൻ ഭാഗ്യം സിദ്ധിച്ചത്! വിശുദ്ധഖുർആനെ സംരക്ഷിക്കുന്ന അഹ്മദികൾ കാഫിറും നശിപ്പിക്കുന്ന നിങ്ങൾ യഥാർത്ഥ മുസ്‌ലിംകളും ആകുന്നതെങ്ങനെ? പാക്കിസ്ഥാനിൽ അഹ്മദികളുടെ ഖുർആൻ മുസ്‌ലിംകളെന്ന് അവകാശപ്പെടുന്നവർ നശിപ്പിച്ചപ്പോൾ കേരളനാട് മാസികക്കാർ എവിടെയായിരുന്നു? ആരെങ്കിലും പ്രതികരിച്ചോ?

ഖുർആനിൽ അനേകം ദുർബലപ്പെട്ട ആയത്തുകളുണ്ടെന്നും, വിശുദ്ധഖുർആനെക്കാൾ പ്രാധാന്യം ഹദീസുകൾക്കാണെന്നും പണ്ഡിതലോകം ഫത്‌വ ഇറ

ശേഷം 39–ാം പേജിൽ

# ഇമാമിന്റെ നിർദ്ദേശം

കഴിഞ്ഞവർഷം അമീറുൽ മുഅ്മിനീൻ ഫ്രാൻസ് സന്ദർശിച്ചപ്പോൾ അവിടത്തെ ഖുദ്ദാമുൽ അഹ്മദിയ്യായുടേയും അൻസാറുല്ലായുടേയും മജ്ലിസ് ആമില അംഗങ്ങൾക്ക് ഹുസൂർ നൽകിയ നിർദ്ദേശങ്ങളുടെ ചുരുക്കം ചുവടെ ചേർക്കുന്നു.

(1) ജനറൽ സെക്രട്ടറിയോട് ഹുസൂർ ഇപ്രകാരം നിർദ്ദേശിച്ചു. എല്ലാ മജ്ലിസുകളിൽനിന്നും റിപ്പോർട്ട് താങ്കളുടെ അടുത്തുവരേണ്ടതാണ്. എന്നിട്ട് മൊത്തത്തിലുള്ള റിപ്പോർട്ട് കാലത്തിന്റെ ഖലീഫക്ക് താങ്കൾ അയച്ചുകൊടുക്കണം. പ്രവർത്തനം ഒന്നും നടന്നിട്ടില്ലെങ്കിലും റിപ്പോർട്ട് അയക്കുകതന്നെ വേണം. ഖുദ്ദാമിന് നിർദ്ദേശം നൽകിക്കൊണ്ട് ഹുസൂർ പറയുകയുണ്ടായി. എത്ര ഖാദിമീങ്ങൾ ജോലിയുള്ളവരുണ്ട് എത്രപേർ പഠിക്കുന്നവരായിട്ടുണ്ട് എന്നിങ്ങനെ ഓരോ വിഭാഗമായി തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

ഖുദ്ദാമിന്റേയും അത്ഫാലിന്റേയും ശിക്ഷണകാര്യത്തെക്കുറിച്ച് വിശദമായി സംസാരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു: എത്ര ഖാദിമീങ്ങൾ കൃത്യമായി ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കുന്നുണ്ടെന്നും ഓരോ ദിവസവും എത്ര നമസ്കാരം ജമാഅത്തായി നമസ്കരിക്കുന്നുണ്ടെന്നും മറ്റും അതിന്റെ ഉത്തരാവദപ്പെട്ടവർ അറിഞ്ഞിരിക്കേണ്ടതാണ്. എത്ര ഖാദിമീങ്ങൾ നിത്യവും ഖുർആൻ പാരായണം ചെയ്യുന്നുണ്ടെന്നും തർജ്ജമ അറിയുന്നവർ എത്രയെന്നും തർജ്ജമ പഠിക്കുന്നവർ എത്രയെന്നും അറിഞ്ഞിരിക്കണം. ഈ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

വസിയ്യത്തിനെക്കുറിച്ച് ഹുസൂർ ചോദിച്ചു: എത്രപേർ വസിയ്യത്ത് ചെയ്തിട്ടുണ്ട്? വസിയ്യത്തിന്റെ കാര്യങ്ങൾ വിവരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു: ആദ്യം വർക്കിംങ്ങ് കമ്മിറ്റി മെമ്പർമാർ വസിയ്യത്ത് ചെയ്യുക. അവർ വസിയ്യത്ത് ചെയ്യാതെ മറ്റുള്ളവരോട് എങ്ങനെ പറയാൻ സാധിക്കും?

വക്കാറെ അമലിനെക്കുറിച്ച് പറഞ്ഞുകൊണ്ട്, പള്ളി വൃത്തിയാക്കുന്നതിലും ചെടികളും പുല്ലും വെച്ചുപിടിപ്പിക്കുന്നതിലും ശ്രദ്ധ ചെലുത്താൻ നിർദ്ദേശിച്ചു.

ഖിദ്മത്തെ ഖൽഖ് (സൃഷ്ടിസേവനം) വകുപ്പിനെകുറിച്ച് ഇപ്രകാരം നിർദ്ദേശം നൽകി. വൃദ്ധസദനങ്ങളിലും ആശുപത്രികളിലും പഴവർഗ്ഗങ്ങളും മറ്റും വിതരണം ചെയ്യുകയും അവരുടെ സ്ഥിതിഗതികൾ അന്വേഷിക്കുകയും അവരുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

നവാഗതരെക്കുറിച്ചും ഹുസൂർ നിർദ്ദേശം നൽകുകയുണ്ടായി. അവരെ നമസ്കാരങ്ങളിൽ പങ്കെടുപ്പിക്കുകയും ചന്ദഃ നൽകുന്നവരിൽ ഉൾപ്പെടുത്തുകയും സ്ഥിരമായി എം.ടി.എ കാണുന്നവരാക്കിത്തീർക്കുകയും ചെയ്യുക.

തഅ്ലീം വകുപ്പിനുള്ള നിർദ്ദേശം നൽകിക്കൊണ്ട് ഹുസൂർ പറഞ്ഞു. വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും ഖാദിമീങ്ങൾക്ക് പരീക്ഷ നടത്തണം. അതിന് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ചെറിയ ഏതെങ്കിലും ഗ്രന്ഥം സിലബസ്സായി നിശ്ചയിക്കുക. അതിന്റെ പരീക്ഷ നടത്തുക. രണ്ടു പരീക്ഷയിലും വിജയിക്കുന്നവർക്ക് ഇജ്തിമാഅ് വേളയിൽ സമ്മാനം നൽകുക.

ഈ നിർദ്ദേശങ്ങൾക്ക് പുറമെ അൻസാറുല്ലാ അംഗങ്ങളോട് വിശുദ്ധഖുർആൻ പഠിക്കുവാനും അവരെ തർജ്ജമ പഠിപ്പിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. സ്വയം ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നതോടൊപ്പം കുട്ടികളേയും ഈ കാര്യത്തിൽ ശ്രദ്ധ ചെലുത്താൻ പ്രേരിപ്പിക്കുക. എല്ലാവരും അക്ഷരസ്ഫുടതയോടുകൂടിതന്നെ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവരായിത്തീരണം.

തീരെ ചന്ദഃ നൽകാത്ത അൻസാറുകളോടും അല്പമെങ്കിലും ചന്ദഃ വാങ്ങണം. കാരണം അവർ തിന്നും കുടിച്ചും ജീവിതം കഴിക്കുന്നുണ്ടല്ലോ.

(*അവലംബം ബദ്ർ 1.3.2005*)

---

ക്കിയ കാലഘട്ടത്തിലാണ് വാഗ്ദത്തമസീഹ്(അ) ഖുർആന്റെ സംരക്ഷകനായി അല്ലാഹുവിനാൽ നിയോഗിതനായത്. അന്ന് മുസ്ലിം പണ്ഡിതന്മാർ ക്രിസ്തുമതത്തിലേക്ക് കൂട്ടംകൂട്ടമായി പോവുകയായിരുന്നു! വിശുദ്ധഖുർആനിലെ അമൂല്യജ്ഞാനങ്ങൾ മാനവസമൂഹത്തിന് മുമ്പിൽ സമർപ്പിച്ചതാണ് ആ മഹാത്മാവ് കാണിച്ച ഏറ്റവും വലിയ മുഅ്ജിസത്ത്! ആ സത്യം ലോകം കണ്ടുകൊണ്ടിരിക്കുന്നു. അപ്പോൾ ആരാണ് ഖുർആന്റെ യഥാർത്ഥ അവകാശികൾ എന്ന് മുസ്ലിം ലോകം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ●

ആരോഗ്യം

# അലർജിയും ഹോമിയോപതിയും

ഡോ: ഇ.കെ. മുഹമ്മദ്

**അ**ലർജിയെ പറ്റി കേട്ടിട്ടില്ലാത്തവർ ചുരുക്കമാണ്. ഈ രോഗം മൂലം അവശത അനുഭവിക്കുന്നവരും ഏറെയാണ്. ലോക സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് ഏകദേശം 20 ശതമാനം വരെയുള്ള ജനങ്ങൾ ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള അലർജിയുള്ളവരാണെന്ന് കരുതപ്പെടുന്നു. സകല ജീവജാലങ്ങൾക്കും അവയുടെ നിലനിൽപ്പിനാവശ്യമായ രക്ഷാ ഉപാധികൾ ഉണ്ടല്ലോ? അത് പ്രകൃതി നൽകുന്ന ഒരു രക്ഷാ ഉപാധിയും കൂടിയാണ്.

മനുഷ്യ ശരീരങ്ങളുടെ അവയവ ധർമ്മങ്ങളുടെ സംരക്ഷണത്തിന് ശരീരം അനുവർത്തിക്കുന്ന നിരവധി സങ്കീർണ്ണ പ്രക്രിയകളിൽ ഒന്നു മാത്രമാണിത്. ജീവ കലകൾക്കും അല്ലെങ്കിൽ ജീവ കോശങ്ങൾ അവ നേരിടുന്ന ആപത്തിനെതിരെ പ്രതികരണമുണ്ടാവുക ഒരു മൗലീക സ്വഭാവമാണ്. ശരീരത്തിലെ അന്യ വസ്തുക്കൾക്കെതിരെ സ്വയം രക്ഷിക്കുന്നതിനൊരു ഉപാധിയുണ്ട്. അന്യവസ്തുക്കളിൽ അത് എന്തുമാകാം (വൈറസുകളോ, പൊടിപടലങ്ങളോ, പൂപ്പലോ). ഈ അന്യവസ്തുക്കൾ ശരീരത്തിൽ പ്രവേശിക്കുമ്പോൾ ശരീര കോശങ്ങളുടെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ വരും. ഇങ്ങനെ കോശങ്ങളിൽ വ്യതിയാനം വരുത്താൻ കഴിവുള്ള അന്യപദാർത്ഥങ്ങളെ അഥവാ അലർജൻ എന്നുപറയുന്നു.

ഇങ്ങനെ അന്യവസ്തുക്കൾ ശരീരത്തിൽ കടക്കുമ്പോൾ അതിനെ പുറം തള്ളുന്നതിനോ നശിപ്പിക്കുന്നതിനോ ഉള്ള ശരീരത്തിന്റെ പ്രതിദ്രവ്യങ്ങളെ എന്നുപറയുന്നു. പലരും നിസാരമായി കരുതുന്നതും എന്നാൽ പല ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു രോഗമാണ് അലർജി. മനുഷ്യ ശരീരത്തിൽ രോഗാണുക്കളുടെ സംക്രമണമുണ്ടായാൽ അതിനെ പുറം തള്ളുന്നതിനു വേണ്ടി ശരീരത്തിലെ ചില കോശങ്ങളും രാസാഗതികളും പങ്കെടുക്കുന്നുവെന്ന് പറഞ്ഞുവല്ലോ? എന്നാൽ പ്രതിരക്ഷ രണ്ടുവിധത്തിലുണ്ട്.

ഒന്ന്. പ്രത്യേകമായ ഇമ്മ്യൂണിറ്റി

രണ്ട്. പ്രത്യേകമല്ലാത്ത ഇമ്മ്യൂണിറ്റി

മുമ്പുണ്ടായ രോഗം മൂലമാണ് പ്രത്യേകമായ ഇമ്മ്യൂണിറ്റി ഉണ്ടാകുന്നത്. അത് ചില വൈറസുകൾ മുഖേന ഉണ്ടാവുന്ന രോഗമാണ്. ഉദാഹരണം, ഒരു രോഗം ബാധിച്ചതിന്റെ ഫലമായി ലഭിക്കുന്ന പ്രതിരക്ഷ, എന്നീ രോഗങ്ങൾ മുമ്പ് ഉണ്ടായിട്ടുള്ളവരിൽ പിന്നീട് ഉണ്ടാവുക അപൂർവ്വമാണ്.

ചിലരിൽ ജന്മനാ ഉള്ളതോ പിന്നീട് ഉണ്ടാകുന്നതോ ആയ പ്രതിരക്ഷയെ പ്രകൃതിയാൽ ലഭിക്കുന്നതോ കൃത്രിമമായി നേരിടുന്നതോ എന്നു പറയാം. ഒരു വസ്തുവിനോട് അലർജിയുള്ള ഒരാൾക്ക് മറ്റൊരു അലർജികൂടി ഉണ്ടാവാനുള്ള സാധ്യത വിരളമല്ല. ഉള്ള ഒരാൾക്ക് പിന്നീട് ആസ്മ ഉണ്ടാവുക സ്വാഭാവികമാണ്. അതുപോലെ തുടർച്ചയായി തുമ്മൽ ഉള്ള ആളുകൾക്ക് 2-3 വർഷത്തിനകം ശ്വാസകോശ രോഗങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്. ചിലപ്പോൾ ഒരു അലർജി മറ്റൊരു അലർജിയുടെ മുന്നോടിയായിരിക്കും.

സൂര്യനുതാഴെയുള്ള ഏതൊരു വസ്തുക്കൾ കൊണ്ടും അലർജിയുണ്ടാവാം. നാം നിത്യേന കഴിക്കുന്ന ആഹാര പദാർത്ഥങ്ങൾ പോലും അലർജി ഉണ്ടാക്കാം. തൊലിയിൽ അലർജിയുണ്ടാക്കുന്ന വസ്തുക്കളെ നിശേഷം ഒഴിവാക്കുകയാണ് ഏറ്റവും ഉചിതമായ മാർഗ്ഗം.

ചിലർക്ക് ചിലതരം ചെരുപ്പുകൾ, ആഭരണങ്ങൾ, ഉടുപ്പുകൾ, ചിലതരം ഭക്ഷണപദാർത്ഥങ്ങൾ എന്നിവ കൊണ്ടും അലർജിയുണ്ടാവാറുണ്ട്. ഇത്തരം അലർജികൾ പോലുള്ള ഔഷധങ്ങൾ കഴിച്ചാൽ തൽക്കാലം ശമനം കിട്ടാറുണ്ട്. ഇത്തരം ഔഷധ സേവ തെറ്റായ രീതിയാണെന്ന് മനസ്സിലാക്കുക. ശരിയായ രീതിയിൽ ചികിത്സിച്ചില്ലെങ്കിൽ അലർജി കാരണം ഒരിക്കലും ഉണങ്ങാത്ത വ്രണങ്ങളോ കറുത്ത പാടുകളോ ശരീരത്തിൽ അവശേഷിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഹോമിയാപതിയിൽ അലർജി രോഗങ്ങൾക്ക് പ്രത്യേക ഔഷധങ്ങൾ തന്നെയുണ്ട്. ഓരോ രോഗിയിലും രോഗത്തിന്റെ സ്വഭാവത്തിനനുസരിച്ച് താഴെപറയുന്ന ഔഷധങ്ങൾ,

എല്ലാ ഔഷധങ്ങളും ഒരു ഡോക്ടറുടെ സഹായത്തോടെ കഴിക്കാൻ പാടുള്ളവയാണ്. ചികിത്സ ചെയ്യാതിരിക്കുന്നതോ സ്വയം ചികിത്സിക്കുന്നതോ ആപത്താണെന്ന് മനസ്സിലാക്കുക. •

# അനുസ്മരണം


## മൗലാനാ ബശീർ അഹ്മദ് ത്വാഹിർ




ഖാദിയാൻ: ജാമിഅ അഹ്മദിയ്യാ ഖാദിയാന്റെ മുൻപ്രിൻസിപ്പാളും ബോർഡിങ്ങ് അഹ്മദിയ്യായുടെ ദീർഘകാല സൂപ്രണ്ടുമായിരുന്ന മൗലാനാ ബശീർ അഹ്മദ് ത്വാഹിർ സാഹിബ് 65-ാം വയസ്സിൽ നിര്യാതനായി. (***ഇന്നാലില്ലാഹി വ ഇന്നായിലയ്ഹി റാജിഊൻ***) ഉത്തർപ്രദേശിലെ ഗോണ്ട ജില്ലയിൽ ജനിച്ച ഇദ്ദേഹം ഹൈന്ദവസമുദായത്തിൽനിന്നും 1957-ൽ ഇസ്‌ലാംമതം സ്വീകരിച്ചു. പണ്ഡിറ്റ് രാധാശ്യാം ദുബെ എന്നായിരുന്നു ആദ്യത്തെ പേര്. ഇസ്‌ലാംമതം സ്വീകരിച്ച ഇദ്ദേഹം ഖാദിയാനിലെ മദ്രസ്സ അഹ്മദിയ്യായിൽ ചേർന്ന് പഠിക്കുകയും 1966-ൽ പഞ്ചാബ് യൂനിവേഴ്സിറ്റിയിൽനിന്ന് എച്ച്.എ. ബിരുദം കരസ്ഥമാക്കുകയും ചെയ്തു. ഹിന്ദിഭാഷയിൽ വിശുദ്ധ ഖുർആൻ പരിഭാഷ ചെയ്യാൻ ഇദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഖബറടക്കം ഖാദിയാനിലെ ബഹിശ്ത്തീ മഖ്ബറയിൽ നടന്നു. പരേതന് സ്വർഗ്ഗത്തിൽ ഉന്നതപദവി ലഭിക്കുന്നതിനും മഗ്ഫിറത്തിനുംവേണ്ടി ദുആ ചെയ്യാൻ അപേക്ഷ.

(*മുബാറക്ക്, പഴയങ്ങാടി*)

## വി.വി. മുഹമ്മദ് സാഹിബ്



കൂടാളി ജമാഅത്തിലെ വി.വി. മുഹമ്മദ് സാഹിബ്(78) ഫിബ്രവരി 6-ന് നിര്യാതനായി. (***ഇന്നാലില്ലാഹി വ ഇന്നായിലയ്ഹി റാജിഊൻ***) കൂടാളിയിലെ ആദ്യകാല അഹ്മദികളിൽ പ്രമുഖനായിരുന്ന കുഞ്ഞാലിസാഹിബിന്റെയും മർഹൂം ശേഖ് അബ്ദുള്ളാസാഹിബിന്റെ സഹോദരി മർഹൂമ മുബാറക്കാബീബി സാഹിബയുടെയും ഏഴുമക്കളിൽ ഇളയമകനാണ് പരേതൻ. ജമാഅത്തിന്റെ ഇമാമുസ്സലാത്തായും മാൽസെക്രട്ടറിയായും ദീർഘകാലം സേവനമനുഷ്ഠിച്ച മുഹമ്മദ് സാഹിബ് ഖുർആൻ പഠനത്തിലും ഖുർആൻ പാരായണത്തിലും അതീവതാൽപര്യം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പഴയങ്ങാടിയിലെ മർഹൂം കുഞ്ഞിമൊയ്തീൻ സാഹിബിന്റെ മകൾ ഫാത്തിബി സാഹിബയാണ്. മക്കൾ: അൻവർ, അബ്ദുൽഹയ്യ്, നിഗാറുന്നിസ, സാജിദ, മുബാറക്ക, സമീറ, വഹീദ. മരുമക്കൾ: നാസർ, അക്ബർ, നസീം അഹ്മദ്, അബ്ദുൽ ലത്തീഫ്, ഇഫ്തികാർ അഹ്മദ്, ശബ്ന, റഫീള. കൂടാളി ജമാഅത്തിന്റെ മുൻപ്രസിഡണ്ട് ജനാബ് വി.പി. അബ്ദുൽ ജലീൽ സാഹിബ് സഹോദരനും, വി.പി. മറിയം ബീബി സാഹിബ സഹോദരിയുമാണ്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.



## യു. സൈനുദ്ദീൻ സാഹിബ്

കൂടാളിജമാഅത്തിലെ യു.സൈനുദ്ദീൻ സാഹിബ്(73) മാർച്ച് 4-ന് അന്തരിച്ചു. (***ഇന്നാലില്ലാഹി വ ഇന്നായിലയ്ഹി റാജിഊൻ***). ചെറുപ്പകാലം മുതൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവപ്രവർത്തകനായിരുന്ന പരേതൻ കണ്ണൂർജില്ലാ ഐ.എൻ.ടി.യു.സി. ബീഡിതൊഴിലാളിയൂനിയന്റെ ആദ്യകാല പ്രവർത്തകനും പ്രാസംഗികനുമായിരുന്നു. മക്കൾ: ടി. സഫീർ അഹ്മദ്സാഹിബ്, സുറയ്യാ ബീഗം സാഹിബ. മരുമക്കൾ: ഇ.എം. ഷാഫിസാഹിബ്, നുസ്റത്ത് ജഹാൻ സാഹിബ. സഹോദരൻ അബ്ദുൽ മജീദ് സാഹിബ്, സഹോദരിമാർ നഫീസ സാഹിബ, ജമീലാ സാഹിബ, ശരീഫബി സാഹിബ എന്നിവരുമാണ്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

# തബ്ലീഗ് വാർത്തകൾ

***അലനല്ലൂർ :***– പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 9, 10, 11 തിയ്യതികളിൽ എടത്തനാട്ടുകരയിലും 13, 14, 15 തിയ്യതികളിൽ അലനല്ലൂർ ടൗണിലും പ്രചാരണയോഗങ്ങൾ സംഘടിപ്പിച്ചു. മൗ:മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗ:എം. നാസിർ അഹ്മദ് സാഹിബ്, മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്ലിയാർ, മൗ:എം.പി. മുഹമ്മദ് സാഹിബ്, മൗ: മൊയ്തീൻ കുട്ടിസാഹിബ്, പ്രശസ്ത പത്രപ്രവർത്തകൻ എം.അബ്ദുറഹിമാൻ സാഹിബ് കണ്ണൂർ എന്നിവർ പ്രസംഗിച്ചു. മൗ: മൻസിൽ സാഹിബ്, മൗ: ഹിദായത്തുല്ലാഹ് സാഹിബ്, മൗ: എച്ച്. ശംസുദ്ദീൻ സാഹിബ്, മൗ: ടി. എം. മുഹമ്മദ്, ജ: അയമു മാസ്റ്റർ എന്നിവർ അദ്ധ്യക്ഷത വഹിച്ചു.

***അലനല്ലൂർ :***– അഹ്മദിയ്യാ മുസ്ലിംജമാഅത്തിനെതിരെ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് മാർച്ച് 7–ാം തിയ്യതി അലനല്ലൂർ ടൗണിൽ ചേർന്ന പ്രചാരണയോഗത്തിൽ മറുപടി പറയുകയുണ്ടായി. മൗ: മുഹമ്മദ് ഇസ്മാഈൽ സാഹിബും മൗ: സി.പി. മൊയ്തീൻകുട്ടി സാഹിബും പ്രസംഗിച്ചു.

***കണ്ണൂർ:***– കണ്ണൂർ ടൗൺ ജുമാഅത്തിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ പബ്ലിക് ലൈബ്രറിക്ക് സമീപം ഫെബ്രുവരി 26–ന് പൊതുയോഗം സംഘടിപ്പിച്ചു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് മറുപടി പറയുകയുണ്ടായി. മൗ: എം. നാസിർ അഹ്മദ് സാഹിബ് പ്രസംഗിച്ചു.

***കോഴിക്കോട്:***– പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പ്രചാരണയോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. കുറ്റിച്ചിറ, മുഖദാർ, വെള്ളയിൽ, പണിക്കർ റോഡ്, മാങ്കാവ്, ഇടിയങ്ങര എന്നീ സ്ഥലങ്ങളിലാണ് പ്രസംഗങ്ങൾ സംഘടിപ്പിച്ചത്. മൗ: മുഹമ്മദ് ഉമർസാഹിബ്, മൗ: എം. നാസിർ അഹ്മദ് സാഹിബ്, മൗ:എം.സഫർഅഹ്മദ് സാഹിബ്, മൗ:സി.പി. മൊയ്തീൻകുട്ടി സാഹിബ്, മൗ. മുഹമ്മദ് ഇസ്മായീൽ സാഹിബ്, ജ: എ.എം. മുഹമ്മദ്സലീം സാഹിബ് എന്നിവർ പ്രസംഗിച്ചു. ജ: അമീർ സാഹിബ്, ജ: സെക്രട്ടറി എന്നിവർ അദ്ധ്യക്ഷത വഹിച്ചു.

***കടലായി :***– മജ്ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 28–ന് കടലായിയിൽ നബികീർത്തനപൊതുയോഗം സംഘടിപ്പിക്കുകയുണ്ടായി. മൗ: എം.നാസിർ അഹ്മദ് സാഹിബ്, മൗ: എം.പി. മുഹമ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. മൗ: മുഹമ്മദ് ശരീഫ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു.

***പെരിന്തൽമണ്ണ :***– മാർച്ച് 2, 3, 4 തിയ്യതികളിൽ പെരിന്തൽമണ്ണയിൽ അഹ്മദിയ്യാ മുസ്ലിംജമാഅത്തിന്റെ ആശയാദർശങ്ങൾ വിവരിച്ചുകൊണ്ടുള്ള പ്രചാരണയോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. പെരിന്തൽമണ്ണക്ക് ചുറ്റുമുള്ള ജമാഅത്തുകളിൽനിന്ന് നൂറിൽ കൂടുതൽപേർ ഇതിൽ പങ്കെടുത്തിരുന്നു. ജ: എം.അബ്ദുറഹിമാൻ സാഹിബ്, മൗ:സി.പി. മൊയ്തീൻകുട്ടി സാഹിബ്, മൗ: മുഹമ്മദ് ഇസ്മയീൽ സാഹിബ്, മൗ: എം.പി. മുഹമ്മദ് സാഹിബ്, മൗ: എം.നാസിർ അഹ്മദ് സാഹിബ്, മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്ലിയാർ എന്നിവർ പ്രസംഗിച്ചു.

***വാണിയമ്പലം :***– പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 5, 6 തിയ്യതികളിൽ പ്രചാരണയോഗം സംഘടിപ്പിക്കുകയുണ്ടായി. ജ: എം. അബ്ദുറഹിമാൻ കണ്ണൂർ, മൗ: സി.പി. മൊയ്തീൻകുട്ടി സാഹിബ്, മൗ: എം. നാസിർ അഹ്മദ് സാഹിബ്, മൗ: എം.പി. മുഹമ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

***കൊടിയത്തൂർ :***– പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 11–ാം തീയ്യതി കൊടിയത്തൂരും മാർച്ച് 9, 10 തിയ്യതികളിൽ ഓമശ്ശേരിയിലും പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. മൗ: മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗ:എം. നാസിർ അഹ്മദ് സാഹിബ്, എന്നിവർ പ്രസംഗിച്ചു. ജമാഅത്ത് പ്രസിഡന്റ് ജ: എം.സി. മുഹമ്മദ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു.

***മുറിയക്കണ്ണി :***– പുതുതായി നിർമ്മിച്ച ഇൻഫർമേഷൻ സെന്ററിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് തിരുവാഴാംകുന്നിൽ രണ്ട് ദിവസം പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. ഫെബ്രുവരി 16, 17 തിയ്യതികളിൽ നടന്ന പ്രസംഗ പരിപാടിയിൽ മൗ: മുഹമ്മദ് ഉമർ സാഹിബ്, മൗ: മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗ: എം.നാസിർ അഹ്മദ് സാഹിബ്, മൗ:എം.പി. മുഹമ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ഇൻഫർമേഷൻ സെന്ററിന്റെ ഉദ്ഘാടനകർമ്മം ബഹുമാനപ്പെട്ട സൂബാഈ അമീർ സാഹിബ് നിർവഹിച്ചു.

***കാവശ്ശേരി :***– പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 12, 13 തിയ്യതികളിൽ പള്ളി അങ്കണത്തിൽ പ്രചാരണയോഗങ്ങൾ സംഘടിപ്പിച്ചു. മൗ:മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗ:എം. നാസിർ അഹ്മദ് സാഹിബ്, മൗ: എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ പ്രസംഗിച്ചു.

***പത്തപ്പിരിയം:***– പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 16, 17 തിയ്യതികളിൽ പത്തപ്പിരിയം വായനശാല എന്ന സ്ഥലത്ത് പ്രചാരണ

യോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. മൗ: മുഹമ്മദ് ഉമർ സാഹിബ്, മൗ: മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗ:എം.പി. മുഹമ്മദ് സാഹിബ്, മൗ:സി.പി.മൊയ്തീൻകുട്ടി സാഹിബ് എന്നിവർ പ്രസംഗിച്ചു.

***പള്ളിപ്പുറം :–*** പള്ളിപ്പുറം ജുമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 16 ന് ആശയവിശദീകരണ യോഗം സംഘടിപ്പിച്ചു. മൗ: എം. നാസിർ അഹ്മദ് സാഹിബ് പ്രസിഡന്റ് മുഹമ്മദ് ഹാജി സാഹിബ് എന്നിവർ പ്രസംഗിച്ചു.

***പഴയങ്ങാടി :–*** അഹ്മദിയ്യാ മുസ്‌ലിംജമാഅത്തിനെതിരെ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് മറുപടി പറയുന്നതിന് മാർച്ച് 12–ാം തിയ്യതി വിശദീകരണ യോഗം പഴയങ്ങാടി ബസ്സ് സ്റ്റാന്റിനു സമീപം സംഘടിപ്പിക്കുകയുണ്ടായി. മൗ:സി.പി. മൊയ്തീൻകുട്ടി സാഹിബ്, മൗ:എം.നാസിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ജമാഅത്ത് അമീർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു.

***ബുക്ക് സ്റ്റാൾ :–*** തലശ്ശേരിയിൽ സംഘടിപ്പിക്കപ്പെട്ട ഫ്ളവർ ഷോയിൽ അഹ്മദിയ്യാ മുസ്‌ലീം ജമാഅത്ത് ബുക്ക് സ്റ്റാൾ സംഘടിപ്പിക്കുകയുണ്ടായി. 6 ദിവസം നീണ്ടുനിന്ന സ്റ്റാളിൽ 6000ത്തോളം രൂപയുടെ പുസ്തകങ്ങൾ വിൽക്കുവാൻ സാധിച്ചു. പലരുമായും ആശയവിനിമയം നടത്തുവാനും ജമാഅത്തിനെ കുറിച്ച് അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാനും സാധിച്ചു എന്നത് തലശ്ശേരിയെ സംബന്ധിച്ചിടത്തോളം വലിയ കാര്യമാണ്. ജമാഅത്തിന്റെ സാഹിത്യങ്ങൾ പലരും പരിചയപ്പെട്ടു. മൗ: ജംശാദ് സാഹിബിന്റെ സേവനം ഇവിടെ പ്രത്യേകം സ്മരണീയമാണ്. അദ്ദേഹത്തെ കൂടാതെ കണ്ണൂർ, കൂടാളി, പഴയങ്ങാടി എന്നിവിടങ്ങളിലെ മൗലവിമാരും സ്റ്റാളിനെ സജീവമാക്കി. കണ്ണൂർ സിറ്റി, കടലായി, കണ്ണൂർ ടൗൺ, പഴയങ്ങാടി എന്നിവിടങ്ങളിലുള്ള സഹോദരങ്ങൾ സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചത്.

***പുസ്തക തബ്‌ലീഗ് :–*** സംസ്ഥാന മജ്‌ലിസ് അൻസാറുല്ലായുടെ തീരുമാനപ്രകാരം മജ്‌ലിസുകളിൽ പുസ്തക തബ്‌ലീഗ് നടക്കുകയുണ്ടായി. 'വിശുദ്ധ ഖുർആൻ വിശ്വാസവും ജീവിതവും' എന്ന ഗ്രന്ഥമാണ് പുസ്തക തബ്‌ലീഗിനായി നിശ്ചയിച്ചിരുന്നത്.

***തർബിയ്യത്ത് ക്ലാസ്സ് :–*** 13.2.2005–ന് മഗ്‌രിബിനു ശേഷം കണ്ണൂർ ടൗൺ ജമാഅത്തിൽ സംഘടിപ്പിച്ച തർബിയ്യത്ത് യോഗത്തിൽ മൗ: മുഹമ്മദ് ഉമർ സാഹിബ് എച്ച്. എ. നമസ്ക്കാരം എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ജമാഅത്തായ നമസ്ക്കാരത്തിന്റെ പ്രാധാന്യം, നമസ്ക്കാരത്തിൽ പാലിക്കേണ്ട കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങൾ അദ്ദേഹം വിശദീകരിച്ചു.

## ആത്മീയ സംഗമം


സയ്യിദുനാ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിബൃഹത്തായ അൽവസിയ്യത്ത് പദ്ധതിയെക്കുറിച്ച്, ജമാഅത്തംഗങ്ങളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി കടലായി ജമാഅത്തിൽ 13.2.05 ഞായറാഴ്ച ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ജ: ഇ.വി. അബ്ദുൽസലാം സാഹിബിന്റെ ഖിറാഅത്തോടുകൂടി ആരംഭിച്ച ആദ്യസെഷനിൽ, പ്രസിഡന്റ് അബൂബക്കർ സാഹിബ് അദ്ധ്യക്ഷനായിരുന്നു. മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന നാസിം ജനാബ് വി.വി. നാസിറുദ്ദീൻ സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജ: ഇ. താഹിർസാഹിബ്, മൗലവി ജംഷദ് അഹ്മദ് സാഹിബ് എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് 'അൽവസിയ്യത്ത് എന്ത്? എന്തിന്?' എന്ന വിഷയത്തെ അധികരിച്ച് മൗലാനാ മുഹമ്മദ് ഉമർസാഹിബ് മുഖ്യപ്രഭാഷണം നടത്തി. സംശയങ്ങൾക്ക് മറുപടിപറഞ്ഞു. അത്ഫാൽ അംഗങ്ങൾ പദ്യം ആലപിച്ചു. ജനാബ് ടി. ആശിഖ് സാഹിബ് സ്വാഗതം പറഞ്ഞു.

രണ്ടാമത്തെ സെഷൻ രണ്ടരമണിയോടെ ആരംഭിച്ചു. ജ: വി.വി. അബ്ദുൽ മജീദ് സാഹിബിന്റെ ഖിറാഅത്തോടെ ആരംഭിച്ച യോഗത്തിൽ മൗലവി പി.കെ. മുഹമ്മദ് ശരീഫ് സാഹിബ് അദ്ധ്യക്ഷനായിരുന്നു. മൗലവി എം. അലിക്കുഞ്ഞ് സാഹിബ് 'നമസ്കാരത്തിലേക്ക് വിജയത്തിലേക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. തുടർന്ന് 'അഹ്മദിയ്യാ ജമാഅത്തിന്റെ സമ്പദ്‌വ്യവസ്ഥിതി' എന്ന വിഷയത്തിലൂന്നിക്കൊണ്ട് മൗലവി എം. നാസിർ അഹ്മദ് സാഹിബ് സംസാരിച്ചു. ജ:അംനാസ് സാഹിബ് നന്ദിപറഞ്ഞു. ദുആയോടെ ക്യാമ്പിന് തിരശ്ശീലവീണു.

## സന്ദർശിച്ചു

കേരള മജ്‌ലിസ് അൻസാറുല്ലാഹ് നാസിം ജനാബ് പി.പി.നാസിറുദ്ദീൻ സാഹിബ് വിവിധ മേഖലായോഗങ്ങളിൽ പങ്കെടുക്കുകയും മജ്‌ലിസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പാലക്കാട് മേഖലയോഗം മണ്ണാർക്കാട്ടും, കോഴിക്കോട് മേഖലയോഗം വാണിയമ്പലത്തും കണ്ണൂർ മേഖലയോഗം കണ്ണൂർടൗണിലും ചേരുകയുണ്ടായി. ശറഹ് അനുസരിച്ച് ബജറ്റ് തയ്യാറാക്കുക, കുടിശ്ശിക ഉടനെ അടച്ചുതീർക്കുക, റിപ്പോർട്ട് കൃത്യമായി അയക്കുക, തബ്‌ലീഗ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക, വിശുദ്ധഖുർആൻ പഠനക്ലാസ്സുകൾ സംഘടിപ്പിക്കുക തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും ഫലപ്രദമായ നിർദ്ദേശങ്ങൾ മജ്‌ലിസിന് മുമ്പാകെ വെക്കുകയും ചെയ്തു.

## മാർച്ച് 23– മസീഹ് മൗഊദ് ദിനം



ഹസ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിന്റെ ചരിത്രപ്രസിദ്ധമായ ലുധിയാനയിലെ വീട്. 1889 മാർച്ച് 23 -ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ വീട്ടിൽവെച്ചാണ് ആദ്യമായി ബൈഅത്ത് വാങ്ങിയത്.

### ഹസ്റത്ത് മസീഹ് മൗഊദ്(അ) സഹാബത്തിന്റെ കൂടെ



നില്ക്കുന്നവർ: വലത്തുനിന്ന്– ഹസ്റത്ത് മുൻശി കറം അലി സാഹിബ്, മൗലവി അബ്ദുല്ലാ അറബ് സാഹിബ്, മൗലവി മുഹമ്മദലി സാഹിബ്, ഹസ്റത്ത് മിയാൻ മിഅ്റാജുദ്ദീൻ സാഹിബ്, ഹസ്റത്ത് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് ഭേരവി, ഹസ്റത്ത് ഹക്കീം മുഹമ്മദ് ഹുസൈൻ സാഹിബ് മർഹമെ ഈസ, ഹസ്റത്ത് ശൈക്ക് യഅ്ഖൂബ് അലി ഇർഫാനി സാഹിബ്, മുഫ്തി ഫസ്ലുർറഹ്മാൻ സാഹിബ്, ഹസ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ്

കസേരയിൽ ഇരിക്കുന്നവർ: വലത്തുനിന്ന്– ഹ:മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ്, ഹ: മിർസാ ബശീർ അഹ്മദ് സാഹിബ്, ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്, ഹ: മസീഹ് മൗഊദ്(അ) (മടിയിൽ) ഹ: മിർസാ ശരീഫ് അഹ്മദ് സാഹിബ്, ഹ: ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി, ഹ: മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ട്, ഹ:......

നിലത്തിരിക്കുന്നവർ: വലത്തുനിന്ന്– ഹ: പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി, ഹ: ഹക്കീം ഖുത്വുബുദ്ദീൻ സാഹിബ്, ഹ: മലക്ക് ശേർ മുഹമ്മദ് സാഹിബ് ജമ്മു, ഹ: മൗലവി ശേർ അലി സാഹിബ്, ഹ:......

## മേഖല തർബിയ്യത്ത് യോഗം

കണ്ണൂർ: മജ്ലിസ് അൻസാറുല്ലാഹ് കണ്ണൂർ മേഖലയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗൺ ജമാഅത്തിലെ ഡോക്ടർ മൻസൂർ ഹാളിൽ മാർച്ച് 20-ാം തിയ്യതി ഒരു തർബിയ്യത്ത് യോഗം നടന്നു. 'അൽവസിയ്യത്ത്' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ്സുകൾ നടന്നത്. മേഖലയിലെ മിക്ക മജ്ലിസുകളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തിരുന്നു. അസർ നമസ്കാരാനന്തരം കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡണ്ട് ജനാബ് ബി. അബ്ദുൽസലാം സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പഴയങ്ങാടി അമീർ ജനാബ് എം. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് വിശുദ്ധഖുർആൻ പാരായണം ചെയ്തു. മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ് പദ്യം ചൊല്ലി. കണ്ണൂർ ടൗൺ സയീം ജനാബ് കെ. അബ്ദുൽ അസീസ് സാഹിബ് സ്വാഗതഭാഷണം നടത്തി. മൗലവി മുഹമ്മദ് അൻവർ അഹ്മദ് സാഹിബ് ഇൻസ്പെക്ടർ വസീയത്ത്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് കാവശ്ശേരി, മൗലവി ഇസ്മായീൽ സാഹിബ് എന്നിവർ പ്രസംഗിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് ഇൻസ്പെക്ടറുടെ ഉർദു പ്രസംഗത്തിന്റെ വിവർത്തനം കേൾപ്പിച്ചു. ദുആയോടുകൂടി യോഗം പിരിഞ്ഞു. മജ്ലിസിലെ അംഗങ്ങളിൽ ആവേശംപകർന്ന ഈ യോഗം ഫലപ്രദമാകട്ടെ എന്നും കൂടുതൽ പേർക്ക് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'അൽ വസിയ്യത്ത്' എന്ന ബൃഹത്തായ പദ്ധതിയിൽ അംഗമാകാൻ സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

## ഷട്ടിൽ ടൂർണ്ണമെന്റ്



ജേതാക്കൾ മൗ. മുഹമ്മദ് ഉമർ സാഹിബിൽനിന്നും ഫസ്ലെ ഉമർ ട്രോഫി ഏറ്റുവാങ്ങുന്നു. കണ്ണൂർ ടൗൺ ഖായിദ് പി. ഉമർ സാഹിബിനേയും കാണാം.

കണ്ണൂർടൗൺ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നടന്ന ഷട്ടിൽ-ബാഡ് മിന്റൺ ടൂർണ്ണമെന്റ് വിജയകരമായി സമാപിച്ചു. സമീപത്തുള്ള മുഴുവൻ മജിലിസുകളും പങ്കുചേർന്ന ഈ ചാമ്പ്യൻഷിപ്പ് പ്രഥമ ഫസലെ-ഉമർ ട്രോഫിക്ക് വേണ്ടിയുള്ളതായിരുന്നു. ഒട്ടേറെ ആവേശോജ്ജ്വല മുഹൂർത്തങ്ങൾ കാഴ്ചവെച്ച ഈ ടൂർണ്ണമെന്റിൽ അഹ്മദിയ്യാ യുവത്വത്തിന്റെ കായികപ്രതിഭയാണ് തെളിഞ്ഞുനിന്നത്. ജമാഅത്തിയായ അച്ചടക്കം പരിപൂർണ്ണമായി നിലനിറുത്തിക്കൊണ്ടുതന്നെ വാശിയേറിയ പോരാട്ടങ്ങൾ നടന്നത് ടൂർണ്ണമെന്റിന് മികവേകുന്നു. ജനുവരി 26-ാം തിയ്യതി കണ്ണൂർ ടൗൺ മജ്ലിസിന്റെ നായിബ് ഖായിദ് ഡോ. ആശിഫ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡണ്ട് ബി.അബ്ദുസ്സലാം സാഹിബ് ഷട്ടിൽ കോർട്ടും ജമാഅത്ത് വൈസ്പ്രസിഡന്റ് ഡോ. ബി. അബ്ദുല്ലാഹ് സാഹിബ് മത്സരങ്ങളും ഉദ്ഘാടനം ചെയ്തു. ഫെബ്രുവരി 11-ന് നടന്ന ഫൈനൽ മത്സരത്തിൽ കണ്ണൂർടൗൺ മജ്ലിസിലെ റഫീഖ്-സലിം സഖ്യം ജേതാക്കളായി. കൂടാളി മജ്ലിസിലെ ജനാബ് നദിം മികച്ച കളിക്കാരനായി തിരഞ്ഞെടുക്കപ്പെട്ടു. ഫെയർ പ്ലേ ട്രോഫി കണ്ണൂർ സിറ്റി കരസ്ഥമാക്കി. മോഗ്രാൽ മജ്ലിസ് പ്രോത്സാഹന സമ്മാനത്തിനുമർഹരായി. സമാപന ചടങ്ങിൽ കണ്ണൂർ ടൗൺ ഖായിദ് പി. ഉമർ സാഹിബ് ആദ്ധ്യക്ഷം വഹിച്ചു. കേരള ചീഫ് മിഷണറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് മുഖ്യാതിഥിയായിരുന്നു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, അൻസാറുല്ലാ സംസ്ഥാന നാസിം ജനാബ് പി.പി. നാസിറുദ്ദീൻ സാഹിബ്, കണ്ണൂർ ടൗൺ പ്രസിഡണ്ട് ജനാബ് ബി. അബ്ദുസ്സലാം സാഹിബ് എന്നിവർ ജേതാക്കൾക്ക് വിവിധ സമ്മാനങ്ങൾ വിതരണം ചെയ്തു. ടൂർണ്ണമെന്റിന്റെ അവലോകന റിപ്പോർട്ട് കൺവീനർ ഷാജിർ അഹ്മദ് അവതരിപ്പിച്ചു. ഈ ടൂർണ്ണമെന്റിലെ ക്യാഷ് അവാർഡുകളും ട്രോഫിയും ദുബായ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്പോൺസർ ചെയ്തതായിരുന്നു.

*- ഷെഹിൻ ഷാഫി*